"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ


| | | |
|---|---|---|
| *Vol. XXXVII* | *2009 November* | *No. 11* |
| വാർഷിക വരിസംഖ്യ 120 രൂപ, | | ഒറ്റപ്രതി 10 രൂപ |

# ഉള്ളടക്കം


സർക്കുലർ ........................................................................ 809

സർക്കുലർ ........................................................................ 815

വിശ്വാസത്തെ വെല്ലുവിളിക്കുന്ന

വിഘടിത വിഭാഗങ്ങൾ ..................................................... 822

വൈദീകവർഷം ............................................................... 831

രൂപതാ കച്ചേരി വാർത്തകൾ........................................... 833

പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ...................................... 837

റീജിയണൽ വാർത്തകൾ .................................................. 841

മതബോധനരംഗം ............................................................. 843

ചെറുപുഷ്പമിഷൻലീഗ് ....................................................... 847

കെ. സി. വൈ. എം. .......................................................... 860

കുടുംബപ്രേഷിതത്വം ....................................................... 870

സിയോൻ വാർത്തകൾ....................................................... 874

വിൻസെന്റ് ഡി പോൾ സൊസൈറ്റി ................................. 877

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ................................ 880

സാമൂഹ്യ സേവനരംഗം ..................................................... 883

PRABHU YESU MAHOTSAVE 2009 .................................... 887

അറിയിപ്പുകൾ ................................................................... 891

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................... 898

ബിഷപ്സ് പ്രോഗ്രാം ........................................................ 899

# സർക്കുലർ

***Circular Letter No. 10/2009***
***Prot. No. 8659/2009***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കഴിഞ്ഞ കുറേ വർഷങ്ങളായി നവംബർ 15-ന് ആഗോളസഭയിൽ മാധ്യമദിനമായി ആചരിച്ച് വരുന്ന വിവരം നിങ്ങൾക്ക് അറിയാമെന്ന് കരുതുന്നു. ഈ ആചരണത്തോടനുബന്ധിച്ച് റോമിൽ നിന്ന് പരിശുദ്ധ പിതാവ് എല്ലാ വർഷവും ഒരു അപ്പസ്തോലിക ലേഖനവും പ്രസിദ്ധീകരിക്കാറുണ്ട്. ഈ വർഷത്തെ ലേഖനം അദ്ദേഹം കഴിഞ്ഞ ജനുവരി മാസം 24-ന് ആണ് പ്രസിദ്ധീകരിച്ചത്. നമ്മുടെ കാലഘട്ടത്തിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനത്തെപ്പറ്റി അതിൽ അദ്ദേഹം ഊന്നിപ്പറയുകയും സഭ ഈ മേഖലയിൽ ചെയ്യേണ്ടതായ കാര്യങ്ങളെപ്പറ്റി നമ്മെ ഉപദേശിക്കുകയും ചെയ്യുന്നുണ്ട്. യശ്ശ:ശരീരനായ മുൻമാർപ്പാപ്പ ദൈവദാസൻ ജോൺ പോൾ രണ്ടാമൻ *രക്ഷകന്റെ ദൗത്യം* (Redemptoris Missio) എന്ന തന്റെ ചാക്രികലേഖനത്തിൽ സഭയിൽ ഇക്കാര്യത്തിലുള്ള അലംഭാവത്തെപ്പറ്റി ദു:ഖത്തോടെ സംസാരിക്കുന്നുണ്ട് (No. 37). ഇത്തരുണത്തിൽ പരിശുദ്ധപിതാക്കന്മാരുടെ ആശയങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുന്നതിനൊപ്പം നാം രൂപതയിൽ ഈ മേഖലയിൽ ചെയ്തതും ഇനി ചെയ്യേണ്ടതുമായ ചില കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കാനും ഈയവസരം ഞാൻ ഉപയോഗിക്കുകയാണ്.

*പുതിയ സാങ്കേതികമേഖലകൾ, പുതിയ ബന്ധങ്ങൾ: പരസ്പര ബഹുമാനത്തിന്റേയും ഡയലോഗിന്റേയും സൗഹൃദത്തിന്റേതുമായ സംസ്കാരത്തിന്റെ പ്രോത്സാഹനം* എന്ന് തലക്കെട്ട് കൊടുത്തിരിക്കുന്ന തന്റെ ലേഖനത്തിൽ പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ ഇപ്രകാരം എഴുതുന്നു:

പരസ്പരം സംവദിക്കുന്നതിന്റേയും ബന്ധപ്പെടുന്നതിന്റേയും ശൈലികളിൽ പുതിയ വിവര (ഡിജിറ്റൽ) സാങ്കേതികവിദ്യകൾ മൗലികമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങൾ പ്രത്യേകിച്ച് യുവജനങ്ങളിൽ വളരെ പ്രകടമാണ്. കാരണം അവർ ഈ സാങ്കേതികവിദ്യകളോടൊപ്പം വളർന്നവരും ഇന്നത്തെ ഡിജിറ്റൽ സാങ്കേതികവിദ്യകളിൽ സ്വന്തം വീട്ടിൽ

എന്നപോലെ വളരെ പരിചയമുള്ളവരുമാണ്. എന്നാൽ മുതിർന്നവരായ നമുക്ക് ഇവയെല്ലാം വൈദേശികമായി തോന്നാം. എങ്കിലും പരസ്പരസംവേദനത്തിനായി അവ വച്ച് നീട്ടുന്ന അവസരങ്ങളെ മനസ്സിലാക്കാനും വില മതിക്കാനും നാം പഠിക്കണം.

മനുഷ്യന് ദൈവം നൽകിയ ദാനമായിട്ടാണ് പരിശുദ്ധ പിതാവ് പുതിയ മാധ്യമസാങ്കേതികവിദ്യകളെ അവതരിപ്പിക്കുന്നത്. പരസ്പര ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും അവഗണിക്കപ്പെട്ടവരുടേയും അവശവിഭാഗങ്ങളുടേയും ഉന്നമനത്തിനും അതുപോലെ സുവിശേഷ പ്രഘോഷണത്തിനും മറ്റും ഈ മാധ്യമങ്ങളെ ഉപയോഗപ്പെടുത്താൻ നാം ശ്രമിക്കണം എന്ന് അദ്ദേഹം നമ്മെ ഓർമ്മപ്പെടുത്തുന്നു. ജോലിക്കായിട്ടും പഠനത്തിനായിട്ടും മറ്റും ദൂരെയായിരിക്കുന്ന കുടുംബാംഗങ്ങൾക്ക് പരസ്പരം കണ്ടുമുട്ടാനുള്ള വേദിയാണ് ഇന്ന് ഇന്റർനെറ്റും മൊബൈൽ ഫോണും പോലെയുള്ള ഉപാധികൾ. അവയുടെ ദുരുപയോഗം ഒഴിവാക്കി വ്യക്തികളും കുടുംബങ്ങളും സമൂഹങ്ങളും തമ്മിലുള്ള ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും കർത്താവിന്റെ സുവിശേഷം എല്ലാ സമൂഹങ്ങളിലേയ്ക്കും എത്തിക്കാനും ഉപയുക്തമായ രീതിയിൽ അവയെ ഉപയോഗിക്കണമെന്നും അദ്ദേഹം നമ്മെ ഉപദേശിക്കുന്നു. കാരണം പരമ്പരാഗതമായ ശൈലികൾ മാറി വരുന്ന ലോകസാഹചര്യങ്ങളിൽ ഫലവത്തായി എന്ന് വരുകയില്ല. പ്രത്യേകിച്ചും യുവതലമുറയുമായുള്ള ബന്ധങ്ങളിൽ ഇത് വളറെ പ്രാധാന്യമർഹിക്കുന്നു. കാരണം അവരുടെ സന്തതസഹചാരികളാണ് പുതിയ സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ. എന്തെല്ലാം ദൂഷ്യഫലങ്ങൾ ഉണ്ടെങ്കിലും അവയില്ലാത്ത ഒരു ജീവിതത്തെപ്പറ്റി അവർക്ക് ചിന്തിക്കാൻ തന്നെ കഴിയില്ല. അതിനാൽ തന്നെ ഈ വിദ്യകൾക്ക് പുറം തിരിഞ്ഞ് നിൽക്കുന്ന പ്രക്രിയകൾ അവർക്ക് സ്വീകാര്യമാകുകയും ഇല്ല.

2004-ൽ തൃശൂർ വച്ച് നടന്ന അഖിലേന്ത്യാ കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ (സി.ബി.സി.ഐ.) സമ്മേളനത്തിന്റെ പ്രദാന ചർച്ചാ വിഷയവും മാധ്യമങ്ങൾ തന്നെയായിരുന്നു. *സംവദിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന സഭ* എന്ന ശീർഷകത്തിൽ സമ്മേളനാനന്തരം പുറത്തിറക്കിയ സന്ദേശത്തിൽ ആധുനിക മാധ്യമങ്ങളെ സഭയിൽ എപ്രകാരം ഉപയോഗപ്പെടുത്തണം എന്ന് വിശദമായി പറഞ്ഞിട്ടുണ്ട്. മാധ്യമങ്ങളെപ്പറ്റിയും അവയുടെ സ്വാധീനത്തെപ്പറ്റിയും വിശ്വാസികളെ അവബോധമുള്ളവരാക്കി മാറ്റാനും സെമിനാരികളിലേയും സമർപ്പിത ഭവനങ്ങളിലേയും പരിശീലനപദ്ധതികളിലും ഇടവകയിലെ വിശ്വാസ പരിശീലനരംഗത്തുമെല്ലാം ആധുനിക മാധ്യമസാധ്യതകളെ ഉപയോ

ഗപ്പെടുത്താനും സന്ദേശത്തിൽ ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുന്നുണ്ട്. പിന്നീട് പല സന്ദർഭങ്ങളിലും സഭാ നേതൃത്വം ഈ മേഖലയിൽ നടത്തേണ്ടതായ ഇടപെടലുകളെപ്പറ്റി മെത്രാൻ സംഘം പറഞ്ഞിട്ടുണ്ട്. അതിലൊന്നായിരുന്നു ഭാരതസർക്കാരിന്റെ പുതിയ നയത്തിന്റെ ഫലമായി സാധ്യമായ കമ്മ്യൂണിറ്റി റേഡിയോ നിലയങ്ങൾ സ്ഥാപിക്കാൻ രൂപതകളും മറ്റും മുൻകൈയെടുക്കണം എന്ന നിർദ്ദേശം.

വരാൻ പോകുന്ന ലോകക്രമത്തെയും ദിവസേനയെന്നോണം മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ-സാമ്പത്തിക-സാംസ്കാരികമാനങ്ങളെയും സംബന്ധിച്ച് വ്യക്തമായൊരു കാഴ്ചപ്പാടും പരമ്പരാഗതമായ ശൈലികളിൽ നിന്ന് മാറി ചിന്തിക്കാനുള്ള കഴിവും ആർജ്ജിച്ചെങ്കിൽ മാത്രമേ വിവരസാങ്കേതികവിദ്യയിൽ അടിസ്ഥാനമിട്ട മാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിച്ച് ക്രൈസ്തവസന്ദേശം എല്ലാവരിലും എത്തിക്കുവാൻ സാധിക്കുകയുള്ളു. അക്രമവും അഴിമതിയും കൈക്കൂലിയും കൊള്ളയും കൊള്ളിവയ്പ്പും എല്ലാം നിറഞ്ഞ നമ്മുടെ ലോകത്തിൽ യേശുവിന്റെ മനോഭാവം നിറഞ്ഞ മനുഷ്യനെ സൃഷ്ടിക്കാൻ മേൽപ്പറഞ്ഞ പ്രക്രിയ അത്യന്താപേക്ഷിതമാണ്. മലബാർ കുടിയേറ്റത്തിന്റെ ആദ്യകാലത്ത് നമ്മുടെ ലക്ഷ്യങ്ങൾ കൂടുതൽ പള്ളികളും പള്ളിക്കൂടങ്ങളും ആശുപത്രികളുമായിരുന്നെങ്കിൽ ഇന്ന് നാം ലക്ഷ്യം വയ്ക്കേണ്ടത് മറ്റ് പലതുമാണ്. അവ നേടിയെടുക്കാൻ മാധ്യമ സഹായം കൂടിയേ കഴിയൂ. കാരണം പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നതിലും തെറ്റോ ശരിയോ ആയ വാർത്തകൾ പ്രചരിപ്പിക്കുന്നതിലും അവയ്ക്കുള്ള പങ്ക് സുവിദിതമാണ്.

കഴിഞ്ഞ ഇരുപത്തഞ്ചോ മുപ്പതോ വർഷങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഒരുപക്ഷേ അതിനു മുമ്പ് ഒരു നൂറ് വർഷങ്ങൾകൊണ്ട് ഉണ്ടായ മാറ്റങ്ങളിലും കൂടുതലാണ് എന്ന് കാണാവുന്നതാണ്. ഒരു ടെലഫോൺ കണക്ഷന് വേണ്ടി ദശകങ്ങൾ തന്നെ കാത്തിരുന്ന സ്ഥാനത്ത് ലോകത്തിൽ എങ്ങോട്ടും വിളിക്കാൻ തക്ക രീതിയിലുള്ളതും കയ്യിൽകൊണ്ടുനടക്കാവുന്നതും ആയ ടെലഫോൺ കണക്ഷനുകൾ നിമിഷനേരംകൊണ്ട് നമ്മുടെ കൈകളിൽ ഇന്ന് എത്തും. നൂതനമായ മൊബൈൽ ഫോണുകൾ ശബ്ദം മാത്രമല്ല ചിത്രങ്ങളും കത്തുകളും വരെ നമ്മുടെ മുമ്പിൽ എത്തിക്കുവാൻ കഴിവുള്ളവയാണ്. വിദേശത്തുള്ള ഉറ്റവരും ഉടയവരും ആയവരുടെ വിവരങ്ങൾ അറിയാൻ ആഴ്ചകളോ മാസങ്ങളോ കാത്തിരിക്കേണ്ടിയിരുന്ന സ്ഥാനത്ത് ഇന്ന് കമ്പ്യൂട്ടർ മൗസിന്റെ ഒരു ക്ലിക്ക് കൊണ്ട് ലോകത്തിൽ എവിടെയുള്ളവരേയും മുഖത്തോട് മുഖം കണ്ട് സംസാരിക്കാനുള്ള

സാങ്കേതികവിദ്യ സർവ്വസാധാരണമാണ്. അനേകം ചിത്രങ്ങൾ അടങ്ങുന്ന ആൽബങ്ങളും മുഴുവൻസമയ സിനിമകൾ തന്നെയും അപ്പാടെ കമ്പ്യൂട്ടർവഴി നിമിഷനേരം കൊണ്ട് അയച്ചുകൊടുക്കാൻ വിവര സാങ്കേതികവിദ്യ നമ്മെ പ്രാപ്തരാക്കിയിരിക്കുന്നു. ഈ മാധ്യമങ്ങളിൽ പലതും സൗജന്യവുമാണ്. ഉപഗ്രഹങ്ങളിലൂടെ ശബ്ദത്തിന്റെ മാത്രമല്ല ചിത്രത്തിന്റേയും പ്രക്ഷേപണം സാധ്യമായതോടെ ആഗോളതലത്തിൽ നടക്കുന്ന കാര്യങ്ങൾ അപ്പപ്പോൾ ടെലിവിഷനിലൂടെ നമ്മുടെ സ്വീകരണമുറികളിൽ കാണാൻ കഴിയുന്നു. ഈ സാഹചര്യത്തിലാണ് പരിശുദ്ധപിതാവിന്റെ വാക്കുകൾക്കും ഭാരത മെത്രാൻ സംഘത്തിന്റെ ഉപദേശത്തിനും പ്രാധാന്യമേറുന്നത്. കർത്താവിന്റെ സുവിശേഷം പള്ളിയിൽ മാത്രം പറഞ്ഞാൽ കേൾക്കാൻ ഒരുപക്ഷേ വരും വർഷങ്ങളിൽ അധികം ആളുകൾ ഉണ്ടാവുകയില്ല എന്ന് നാം കരുതണം. വിവര സാങ്കേതികവിദ്യയിൽ ജീവിക്കുന്ന മനുഷ്യന്റെ ആദ്ധ്യാത്മികപുരോഗതിയിലും ആ വിദ്യയുടെ സ്വാധീനം ഉണ്ടാകുന്നത് സ്വാഭാവികം മാത്രം. നാമത് ഫലപ്രദമായി ഉപയോഗിക്കാൻ പ്രാപ്തരാകണം.

മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം കണക്കിലെടുത്താണ് നമ്മുടെ രൂപതാതലത്തിൽ ഒരു മാധ്യമകമ്മീഷന് രൂപം കൊടുക്കാൻ തീരുമാനിച്ചത്. അതിൻപ്രകാരം ഏതാനും പേരെ ഉൾപ്പെടുത്തി ഒരു മാധ്യമക്കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. മാധ്യമങ്ങളുമായി ബന്ധപ്പെട്ട് രൂപതയിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കാനുള്ള ഒരു ഉന്നതാധികാര സമിതിയായിട്ടാണ് ഇതിനെ വിഭാവനം ചെയ്തിരിക്കുന്നത്. ഇപ്പോൾ രൂപതയിൽ പ്രവർത്തിക്കുന്ന ജാഗ്രതാസമിതി, പബ്ലിക് റിലേഷൻസ് ഓഫീസ്, റേഡിയോ മാറ്റൊലി തുടങ്ങിയവയും ഇനി ഈ മേഖലയിൽ ഉണ്ടാകാവുന്ന മറ്റ് സംരംഭങ്ങളും ആ സമിതിയ്ക്ക് വിധേയമായിരിക്കും.

മുകളിൽ സൂചിപ്പിച്ചതുപോലെ സഭയുടെ പൊതുനയത്തിന്റെ ഭാഗമായാണ് നാം റേഡിയോ മാറ്റൊലി ആരംഭിച്ചത്. മറ്റൊരു രൂപതയും താദൃശ ഏജൻസികളും ഇതുവരെ ഇറങ്ങിച്ചെല്ലാത്ത ഒരു മേഖലയായിരുന്നതുകൊണ്ട് റേഡിയോ പ്രക്ഷേപണ രംഗത്ത് നമുക്കൊരു മാതൃക ഇല്ലായിരുന്നു. അതുകൊണ്ട് തന്നെ അതേപ്പറ്റി ആരംഭത്തിൽ ഏറെ ആശങ്കകളും ഉണ്ടായിരുന്നു. ബാലാരിഷ്ടതകൾ പൂർണ്ണമായി മാറിയിട്ടില്ലെങ്കിലും റേഡിയോ വിജയകരമായി നടത്തിക്കൊണ്ട് പോകാൻ കഴിയും എന്ന ആത്മവിശ്വാസമാണ് അതുമായി ബന്ധപ്പെട്ട എല്ലാവർക്കും ഇപ്പോഴുള്ളത്. ദൈവത്തിന്റെ അനുഗ്രഹവും പൊതുസമൂഹത്തിന്റെ സഹകരണവും ആ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. റേഡിയോ മാറ്റൊലിയെ നമ്മുടെ നാട്ടിലെ ജനങ്ങൾ രണ്ട്

കയ്യും നീട്ടി സ്വീകരിച്ചു കഴിഞ്ഞു എന്ന് സ്റ്റേഷനിലേയ്ക്ക് എത്തുന്ന കത്തുകളും ഫോൺ വിളികളും സൂചിപ്പിക്കുന്നു.

പരസ്പര സ്പർധയും മത്സരവും തദ്ഫലമായുണ്ടാകുന്ന വിരോധങ്ങളും വഴക്കുകളും കൊണ്ട് കലുഷിതമായ നമ്മുടെ സമൂഹത്തിൽ പാരസ്പര്യത്തിന്റെ പുതിയൊരു സംസ്കാരം കെട്ടിപ്പടുക്കാനാണ് റേഡിയോയിലൂടെ നാം ശ്രമിക്കുന്നത്. വർഗ്ഗ-ജാതി-മതങ്ങൾക്കതീതമായി ചിന്തിക്കാനും നാമെല്ലാം ഒരേ മനുഷ്യകുലത്തിന്റെ അംഗങ്ങളാണെന്നും നാമതിലൂടെ പ്രഘോഷിക്കുന്നു. യേശു നമുക്ക് പറഞ്ഞു തന്ന സ്നേഹത്തിന്റേയും കൂട്ടായ്മയുടെയും പരസ്നേഹത്തിന്റെയും പാഠങ്ങൾ സമൂഹത്തിലേയ്ക്ക് എത്തിക്കാനുള്ള നല്ലൊരു മാർഗ്ഗമായും നാമിതിനെ കാണുന്നു. അതോടൊപ്പം നമ്മുടെ നാടിന്റെ വിവിധോന്മുഖങ്ങളായ വികസനപ്രവർത്തനങ്ങളിൽ പങ്കുചേരാനും നമുക്ക് ഇതിലൂടെ സാധിക്കുന്നു.

സമയക്കുറവും ജോലിസമ്മർദ്ദങ്ങളും ദിവസേനയെന്നോണം അനുഭവിക്കുന്ന ആധുനിക മനുഷ്യന് പല കാര്യങ്ങളേപ്പറ്റിയും വായിച്ചറിയാൻ എപ്പോഴും സമയം കിട്ടിയെന്ന് വരില്ല. എന്നാൽ സ്വന്തം വാഹനമുള്ളവർ ജോലി സ്ഥലത്തേയ്ക്ക് പോകുമ്പോൾ, അഥവാ ടാക്സി, ഓട്ടോറിക്ഷാ ഡ്രൈവർമാർ യാത്രക്കാരെ കാത്ത് കിടക്കുമ്പോൾ, അല്ലെങ്കിൽ വീട്ടമ്മമാർ അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുമ്പോൾ എല്ലാം പാഴായിപ്പോകുന്ന കുറേ സമയമുണ്ട്. ആ സമയങ്ങളിൽ പത്രം വായിക്കാനും, ടെലിവിഷൻ കാണാനും പലർക്കും സാധ്യമല്ല. എന്നാൽ റേഡിയോ കേൾക്കുന്നതിന് തടസ്സമില്ല. ഈ സമയത്ത് വ്യക്തികൾക്കും കുടുംബങ്ങൾക്കും, സമൂഹത്തിനും എല്ലാം ഉപകാരപ്രദമാകുന്ന കാര്യങ്ങൾ റേഡിയോയിലൂടെ അവരിലേയ്ക്കെത്തിക്കാൻ കഴിയും. ഇക്കാരണത്താൽ നഗരങ്ങളിൽ എന്നപോലെ ഗ്രാമങ്ങളിലും റേഡിയോ സാവധാനം തിരിച്ച് വന്നുകൊണ്ടിരിക്കുകയാണ്.

നാം തുടങ്ങിയിരിക്കുന്ന റേഡിയോ ഉപയോഗിച്ച് തങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും അവയെ കൂടുതൽ പേരിലേയ്ക്ക് എത്തിക്കാനും മിഷൻലീഗ്, യുവജന സംഘടന തുടങ്ങിയ നമ്മുടെ ഭക്തസംഘടനകളും അതുപോലെ രൂപതയുടെ സാമൂഹ്യപ്രവർത്തന വിഭാഗവുമെല്ലാം തയ്യാറാകണം. രൂപതയിലെ വൈദികരും സമർപ്പിതരുമെല്ലാം ഇതിൽ സവിശേഷ പങ്കാളികളാകണം. രൂപതയിൽപ്പെട്ടവരും അല്ലാത്തവരുമായ വ്യക്തികൾക്കും തങ്ങളുടെ കഴിവുകൾ വികസിപ്പിക്കാനും ഈ വേദി ഉപയോഗപ്പെടുത്താം. പല തലത്തിൽ കഴിവുകളുള്ള ധാരാളം പേർ പ്രത്യേകിച്ച്, കുട്ടികളും യുവജനങ്ങളും നമ്മുടെ നാട്ടിലുണ്ട്. അവരെ കണ്ടെത്തി റേഡിയോയിലേയ്ക്ക് തിരിച്ച് വിടാൻ എല്ലാവരും തയ്യാറാകണം എന്ന് അഭ്യർത്ഥിക്കുന്നു.

റേഡിയോ മാറ്റൊലിയുടെ പ്രക്ഷേപണം ലഭ്യമായ പ്രദേശങ്ങളിലെ ഇടവകകളിലും സ്കൂളുകളിലും മറ്റും റേഡിയോ ക്ലബ്ബുകൾ തുടങ്ങാൻ ഞാൻ ബന്ധപ്പെട്ടവരോട് അഭ്യർത്ഥിക്കുന്നു. ആ ക്ലബ്ബുകളിലെ അംഗങ്ങൾക്കും മറ്റുള്ളവർക്കും റേഡിയോയിലൂടെ പരിപാടികൾ അവതരിപ്പിക്കാനും സാഹചര്യമൊരുക്കാവുന്നതാണ്. നമ്മുടെ സ്കൂളുകളിലും മറ്റും കലാപരമായി കഴിവുകൾ ഉള്ള എത്രയോ കുട്ടികളും അധ്യാപകരും ഉണ്ട്. അവരുടെയെല്ലാം കഴിവുകൾ മറ്റുള്ളവർക്കും അനുഭവിക്കാൻ ഇടവരട്ടെ.

കേവലം ഒരു റേഡിയോ കൊണ്ട് നാം നിർത്തേണ്ടതില്ല. നമുക്കിനിയും ഒട്ടനവധി സാധ്യതകളുണ്ട്. ആവശ്യം വരുന്നതനുസരിച്ചും സാധ്യമാകുന്നതിനനുസരിച്ചും അക്കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാൻ തീർച്ചയായും ഇപ്പോൾ രൂപീകൃതമായിരിക്കുന്ന മാധ്യമ കമ്മീഷൻ ശ്രമിക്കും. ആധുനിക മാധ്യമങ്ങളിലൂടെയുള്ള വിശ്വാസപരിശീലനം, വിവരസാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള ഭക്തസംഘടനാപ്രവർത്തനങ്ങൾ, രൂപതാംഗങ്ങൾക്കും പൊതുസമൂഹത്തിനും കൊടുക്കാൻ കഴിയുന്ന മാധ്യമവിദ്യാഭ്യാസം തുടങ്ങിയവ അവയിൽ ചിലത് മാത്രം.

പതിവുപോലെ മാധ്യമദിനാചരണത്തോടനുബന്ധിച്ചുള്ള സ്തോത്രക്കാഴ്ച സഭയിലെ മാധ്യമപ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ളതാണ് എന്നോർമ്മപ്പെടുത്തട്ടെ. ബഹുമാനപ്പെട്ട ഇടവക വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളിയിൽ പറയുകയും അന്നേ ദിവസം പിരിഞ്ഞു കിട്ടുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു.

കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2009 ഒക്ടോബർ മാസം 24-ാം തീയതി നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2009 നവംബർ മാസം 15-ാം തീയതി കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

## കുടുംബവും മാധ്യമങ്ങളും

**(കെ.സി.ബി.സി. ഫാമിലി കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ)**

കെ.സി.ബി.സി. ഫാമിലി കമ്മീഷൻ 2009-2010 വർഷങ്ങളിൽ കുടുംബങ്ങളുടെ പഠനത്തിനും പരിചിന്തനത്തിനുമായി നിർദ്ദേശിച്ചിരിക്കുന്ന വിഷയം 'സാമൂഹ്യ സമ്പർക്കമാധ്യമങ്ങളും കുടുംബവും' എന്നതാണ്. കുടുംബമൂല്യങ്ങൾ സംരക്ഷിക്കത്തക്കവിധം മാധ്യമങ്ങളെ എങ്ങനെ ഉപയോഗിക്കാമെന്നതാണ് ചിന്താവിഷയം. മാധ്യമയുഗത്തിൽ ജീവിക്കുന്ന നമ്മെ സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ വ്യാപകമായി സ്വാധീനിക്കുന്നുവെന്നത് സുനിശ്ചിതമാണ്. മനുഷ്യന്റെ എല്ലാ കണ്ടുപിടിത്തങ്ങളുടെയും കാര്യത്തിലെന്നപോലെ സാമൂഹികസമ്പർക്കമാധ്യമങ്ങളെയും നമുക്ക് നന്മയ്ക്കും തിന്മയ്ക്കും ഉപയോഗിക്കാം. വിനോദവും വിജ്ഞാനവും പ്രദാനം ചെയ്യുന്ന സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെ ദൈവാനുഗ്രഹമായിട്ടും നമുക്ക് കൈവന്നിരിക്കുന്ന വലിയ അവസരമായിട്ടും വേണം നാം കാണാൻ (cf.*inter mirifica,* 2). എന്നാൽ, മനുഷ്യൻ നിയന്ത്രിക്കേണ്ട മാധ്യമങ്ങൾ, മനുഷ്യനെ നിയന്ത്രിക്കുന്ന ഒരവസ്ഥ സംജാതമാകുന്നത് അപകടമാണ്. പല സാങ്കേതിക വിദ്യകളുടെയും കാര്യത്തിലെന്നപോലെ മാധ്യമങ്ങൾ മനുഷ്യനെ അടിമപ്പെടുത്തുന്ന സാഹചര്യമാണ് പൊതുവിലുള്ളത്. കുടുംബത്തിലെ എല്ലാ കാര്യങ്ങളും മാധ്യമങ്ങൾ, പ്രത്യേകിച്ച് ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവ കീഴടക്കുന്നു. വീട്ടുജോലി, ഭക്ഷണസമയം, പ്രാർത്ഥന, കുടുംബത്തിലെ ആശയവിനിമയം, യാത്രകൾ, സന്ദർശനങ്ങൾ, അതിഥികളോടുള്ള സമീപനം തുടങ്ങി എല്ലാ കാര്യങ്ങളെയും നിയന്ത്രിക്കുന്നത് മാധ്യമങ്ങളായിരിക്കുന്നു.

കുടുംബജീവിതത്തിന് കോട്ടമുണ്ടാകാത്ത വിധത്തിൽ മാധ്യമങ്ങളുടെ ഉപയോഗം ക്രമീകരിക്കുകയെന്ന ആവശ്യകതയിലേക്ക് ഇത്

വിരൽ ചൂണ്ടുന്നു. റ്റി.വി. ഇല്ലാതെ ജീവിക്കാൻ പറ്റാത്ത ഒരവസ്ഥയാണിന്ന് സംജാതമായിരിക്കുന്നത്. ജോലിക്കും പഠനത്തിനുമായി പുറത്തുപോയിട്ട് വൈകുന്നേരം വീട്ടിൽ തിരിച്ചെത്തുന്നവർ ആദ്യം തിരയുന്നത് റ്റി.വി.യുടെ റിമോട്ട് കൺട്രോളാണെന്നത് മിക്ക കുടുംബങ്ങളുടെയും ഗതിയാണ്. സിനിമ, സീരിയൽ, റിയാലിറ്റി ഷോ, കോമഡിഷോ, സ്പോർട്സ് എന്നിവ കാണുന്നതിന് സമയം ചെലവഴിക്കുന്നു. അശ്ലീലതയും അക്രമവും റ്റി.വി. യിൽ നിരന്തരം പ്രദർശിപ്പിക്കപ്പെടുന്നു. യഥാർത്ഥ മാനുഷികതയ്ക്കും വിവാഹത്തിനും കുടുംബത്തിനും മങ്ങലേല്പിക്കുന്ന സന്ദേശങ്ങളാണ് സീരിയലുകൾ അവതരിപ്പിക്കുന്നത്. ഇത്തരം ചില സീരിയൽ സന്ദേശങ്ങൾക്ക് ഉദാഹരണങ്ങൾ താഴെപ്പറയുന്നവയാണ്. വിവാഹ കുടുംബജീവിതങ്ങൾ ദുരന്തപൂർണവും നരകവുമാണ്. അവിഹിതബന്ധങ്ങൾ സർവസാധാരണമാണ്. സ്ത്രീ അബലയും ചപലയും ഉപഭോഗവസ്തുവും എപ്പോഴും സഹിക്കേണ്ടവളും കരയേണ്ടവളും ആണ്. പുരുഷൻ വേട്ടക്കാരനും സ്ത്രീ ഇരയുമാണ്. സമ്പത്തും ഉപഭോഗവുമാണ് ജീവിതവിജയത്തിന്റെ മാനദണ്ഡം. അവ എളുപ്പത്തിലും സൂത്രത്തിലും നേടണം. കുട്ടികൾ ബാധ്യതയും ഭാരവുമാണ്. ഗർഭച്ഛിദ്രം തിന്മയല്ല. ജീവിതപ്രശ്നങ്ങൾ നേരിടാൻ മദ്യമയക്കുമരുന്നുകളാണ് കുറുക്കുവഴി. ലക്ഷ്യം നേടാൻ ഏതു മാർഗ്ഗവും ഉപയോഗിക്കാം. ഉപദ്രവിച്ചവരോട് പകരം വീട്ടണം. ആരെയും വിശ്വസിക്കാൻ പറ്റില്ല. ഇത്തരം റ്റി.വി. പ്രോഗ്രാമുകൾ അക്രമം, അഴിമതി, ഗുണ്ടായിസം, ലൈംഗികാരാജകത്വം, മദ്യപാനം, നരഹത്യ, ആത്മഹത്യ എന്നിവയുടെ ഒരു ജീർണസംസ്കാരം രൂപം കൊള്ളുന്നതിന് വഴിതെളിക്കുന്നില്ലേ?

വീട് ചന്തയാക്കപ്പെടുന്നുവെന്നതാണ് മാധ്യമങ്ങൾ വരുത്തിവയ്ക്കുന്ന മറ്റൊരു അപകടം. റ്റി.വി.യിൽ ചന്തയിലെന്നപോലെ ഉത്പന്നങ്ങളെക്കുറിച്ചുള്ള പരസ്യങ്ങളുടെ കോലാഹലമാണ് എപ്പോഴും കാണാനും കേൾക്കാനും കഴിയുന്നത്. വീട്ടുപകരണങ്ങൾ, സ്വർണാഭരണങ്ങൾ, വാഹനങ്ങൾ, വസ്ത്രങ്ങൾ, കുട്ടികളുടെ കുട, ബാഗ്, ഭക്ഷണപാനീയങ്ങൾ എന്നിവയുടെ വർണ്ണനകൾ അസത്യമായും അതിശയോക്തി കലർത്തിയും അതിഭാവുകത്വത്തോടെയും ഇഷ്ടതാരങ്ങൾ അവതരിപ്പിക്കുന്നു. കുട്ടികൾ അവ എളുപ്പത്തിൽ വിശ്വസിക്കുകയും പരസ്യത്തിൽ കണ്ടവ തന്നെ കിട്ടണമെന്ന് നിർബന്ധം പിടിക്കുകയും

ചെയ്യുന്നു. തങ്ങളുടെ സാമ്പത്തികശേഷി നോക്കാതെതന്നെ, കടം വാങ്ങിച്ചുപോലും, കുട്ടികളുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുന്ന മാതാപിതാക്കൾ കുറച്ചൊന്നുമല്ല. കുടുംബത്തെ ടാർജറ്റ് ചെയ്തുകൊണ്ടാണ് പരസ്യങ്ങൾ എല്ലാം മുന്നേറുന്നത്. അതിൽ വീണുപോകുന്നവർ നിരവധിയുമാണ്. ഗൃഹനാഥന്റെ സന്തോഷം, വീട്ടമ്മയുടെ അധ്വാന ലാഭം, കുട്ടികളുടെ വളർച്ച, മുത്തച്ഛന്റെ ആശ്വാസം, അമ്മായിയമ്മയ്ക്ക് സംതൃപ്തി എന്നിവയ്ക്ക് പരസ്യത്തിൽ പറയുന്ന ഉത്പന്നം തന്നെ വേണമെന്നതാണ് സന്ദേശം. അടിസ്ഥാനാവശ്യങ്ങളും മാനസികാവശ്യങ്ങളും മാറ്റി തങ്ങളുടെ ഉത്പന്നത്തിലാണ് സുഖവും സംതൃപ്തിയും എന്ന് വരുത്തിത്തീർക്കുന്നത് എത്രയോ വലിയ വഞ്ചനയാണ്. ആർത്തിയും അസംതൃപ്തിയും വളർത്തി കുടുംബജീവിതത്തെ താറുമാറാക്കുന്ന എത്ര സംഭവങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ഇവിടെ, പരസ്യഭാഷ തിരിച്ചറിയാൻ നമുക്ക് സാധിക്കണം. അതുപോലെ ആവശ്യവും അനാവശ്യവും തിരിച്ചറിയാനും കഴിയണം. എങ്കിലേ യുക്തമായ തിരഞ്ഞെടുപ്പ് സാധിക്കൂ.

സത്യത്തിൽ, പരസ്യം വസ്തുതയ്ക്ക് നിരക്കാത്തതോ മനുഷ്യമഹത്വത്തെ ഹനിക്കുന്നതോ വികാരങ്ങളെ ചൂഷണം ചെയ്യുന്നതോ ആർഭാടവും ധൂർത്തും പ്രോത്സാഹിപ്പിക്കുന്നതോ മനുഷ്യന്റെ ആന്തരിക സ്വാതന്ത്ര്യത്തിന്മേൽ കടന്നുകയറ്റം നടത്തുന്നതോ ആയിരിക്കാൻ പാടില്ലാത്തതാണ്. മറിച്ച്, അത് സത്യസന്ധവും സാമൂഹികോത്തരവാദിത്വമുള്ളതുമായിരിക്കണം (cf *പരസ്യത്തിലെ സദാചാരം,* വത്തിക്കാൻ 1997, ഫെബ്രുവരി 22).

ഇന്ന് ആളുകൾ, പ്രത്യേകിച്ച് കുട്ടികൾ, റ്റി.വി. ആസക്തിക്ക് വിധേയരാകുന്നു. ജോലികൊണ്ട് മടുത്ത മാതാപിതാക്കൾ മക്കളോടൊപ്പം സമയം ചെലവഴിക്കാൻ ഊർജ്ജവും സമയവും ഇല്ലാത്തതുകൊണ്ട്, കുഞ്ഞിനെ റ്റി.വി.യുടെ മുമ്പിലിരുത്തി കാർട്ടൂൺ വച്ചുകൊടുക്കുന്നു. കുഞ്ഞ് അതിൽ ലയിക്കുന്നു. റ്റി.വി.യുമായി വൈകാരികബന്ധത്തിലാകുന്ന ഇത്തരം കുഞ്ഞുങ്ങളെക്കുറിച്ച് പറയുന്നത് 'റ്റി.വി. വളർത്തുന്ന കുഞ്ഞുങ്ങൾ' എന്നാണ്. ഇവർക്ക് ക്രിയാത്മകചിന്തയോ സന്തോഷമോ കളിയോ ആരോഗ്യമോ ഇല്ലെന്നതാണ് പഠനങ്ങൾ തെളിയിക്കുന്നത്. കുട്ടികൾ സാംസ്കാരികവും ധാർമ്മികവും ആത്മീയവുമായി വികസിക്കുന്നതിന് മാധ്യമങ്ങൾ വിമർശനബുദ്ധിയോടെയും വിവേകത്തോ

ടെയും ഉപയോഗിക്കാൻ ചെറുപ്പം മുതൽ പരിശീലിപ്പിക്കപ്പെടണം. ഏത് ഉപേക്ഷിക്കണം, ഏത് തിരഞ്ഞെടുക്കണം എന്ന് വസ്തുനിഷ്ഠമായി വിധിതീർപ്പുകൾ നടത്താനുള്ള പ്രാപ്തിയാണ് അവർക്ക് ഉണ്ടാകേണ്ടത്. മാതാപിതാക്കളുടെ വലിയ ഉത്തരവാദിത്വമാണ് ഇത് ഉറപ്പാക്കുക എന്നത് (cf. *Familiaris Consortio,* 76). വൈരൂപ്യവും അശ്ലീലതയും അക്രമവും ഒക്കെ കുട്ടികളുടെ മനോഭാവങ്ങളെയും പെരുമാറ്റങ്ങളെയും മന്ദീഭവിപ്പിക്കും. അതിനാൽ, സൗന്ദര്യപരവും ധാർമ്മികവും ശ്രേഷ്ഠവുമായ കാര്യങ്ങളോടു താത്പര്യം ഉണ്ടാകാനും സ്വാതന്ത്ര്യത്തോടെ അവ തിരഞ്ഞെടുക്കാനും അവരെ സഹായിക്കാൻ മാതാപിതാക്കൾ ശ്രദ്ധവയ്ക്കണം. അതാണ് അഗാധമായ സന്തോഷം കുട്ടികളിൽ ജനിപ്പിക്കുന്നത്.

സെൻസേഷൻ ജനിപ്പിക്കുന്ന വാർത്താവിതരണരീതിയും വിലയിരുത്തപ്പെടേണ്ടതാണ്. മാധ്യമങ്ങൾ പലപ്പോഴും ഭാഗികസത്യമാണ് നൽകുന്നത്. പ്രത്യേക വിഷയങ്ങൾ തിരഞ്ഞെടുത്ത് പ്രേക്ഷകരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ അവതരിപ്പിക്കുന്നതു വഴി വ്യക്തികൾക്കും സമൂഹത്തിനും ഉണ്ടാകുന്ന നാശം വലുതാണ്. ഇങ്ങനെ വാർത്തകൾ അവതരിപ്പിക്കുന്നതിനു പിന്നിൽ സ്ഥാപിതതാത്പര്യങ്ങളും വാണിജ്യ താത്പര്യങ്ങളും രാഷ്ട്രീയ താത്പര്യങ്ങളും സാമ്പത്തിക താത്പര്യങ്ങളും ചാനലുകൾ തമ്മിലുള്ള മത്സരങ്ങളും കാരണമാണ്. വാർത്തയോടു ബന്ധപ്പെട്ടുള്ള ചർച്ചകൾ വിഭിന്ന നിലപാടുകൾ അവതരിപ്പിച്ചു സത്യം കണ്ടെത്താനുള്ള മാർഗമാക്കാൻ മാധ്യമ പ്രവർത്തകർ ശ്രമിക്കുന്നതായും കാണുന്നില്ല. ചർച്ച 'ഒരു വിചാരണ'യാകുന്ന അനുഭവവും കുറവല്ല. മാധ്യമ പ്രവർത്തനം മനുഷ്യമഹത്വത്തിനും പൊതുനന്മയ്ക്കും സാർവത്രികമൂല്യങ്ങളായ സത്യത്തിനും നീതിക്കും സ്നേഹത്തിനും വേണ്ടി നിലകൊള്ളേണ്ടതാണ്. ശരിയായ സാംസ്കാരിക സാമൂഹ്യ പുരോഗതിക്ക് അതാവശ്യമാണല്ലോ. മനുഷ്യശാസ്ത്രപരമായ പരിപ്രേക്ഷ്യത്തിലേ മാധ്യമങ്ങളുടെ അർത്ഥവും ലക്ഷ്യവും ഉചിതമായ രീതിയിൽ സഫലമാകുകയുള്ളു. മാധ്യമ പ്രവർത്തനം ഇന്ന് ബിസിനസ് മത്സരമാകുന്നതുകൊണ്ട് അക്രമത്തെ ഉയർത്തുന്നു, മാനുഷികലൈംഗീകതയെ നിസ്സാരവത്കരിക്കുന്നു, വിഭാഗിയതകൾ വളർത്തുന്നു, സമൂഹവിരുദ്ധ പെരുമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. ഇവയെല്ലാം തീർത്തും തെറ്റാണ്, പരിവർജനീയമാണ്.

ഇന്റർനെറ്റും മൊബൈൽ ഫോണും അറിവിന്റെ വാതായനങ്ങൾ വിശാലമായി തുറക്കുന്നുണ്ടെന്നതു ശരിയാണ്. വ്യക്തിബന്ധങ്ങൾ വളർത്താൻ അവ സഹായങ്ങളുമാകുന്നു. എന്നാൽ, സ്വകാര്യസമ്പർക്ക ഉപകരണങ്ങളായി അവ തരം താഴ്ന്നതോടെ, ശുഷ്കവും സങ്കുചിത വുമായ ബന്ധങ്ങൾ മാത്രമേ വളർത്തപ്പെടുന്നുള്ളൂ എന്ന ദു:ഖസത്യം അവശേഷിക്കുന്നു. ലാന്റ് ഫോൺ പൊതുസ്ഥലത്തായിരുന്നതുകൊണ്ട്, ബന്ധങ്ങളെ വിശാലമാക്കിയിരുന്നു. ഒരു നിയന്ത്രണവും ഉണ്ടായിരുന്നു. കുട്ടികൾക്കു മൊബൈൽ ഫോൺ അത്യാവശ്യമാണോയെന്നു മാതാ പിതാക്കൾ ചിന്തിക്കണം. ചാറ്റിംഗും ഓർക്കൂട്ടും സുഹൃത്തുക്കളെ കണ്ടെത്തുവാനും സ്വപ്നങ്ങൾ പങ്കുവയ്ക്കുവാനും സഹായകമാണെ ങ്കിലും അശ്ലീലതയിലേയ്ക്കും ഭീകരപ്രവർത്തനങ്ങളിലേയ്ക്കും അത് നയിക്കുന്നുണ്ടെന്നത് അവഗണിക്കാനാവില്ല. നന്മയ്ക്കും സുരക്ഷിതത്വ ത്തിനും വേണ്ടി ഇന്റർനെറ്റ് സൗകര്യം വീട്ടിൽ എല്ലാവർക്കും വീക്ഷി ക്കാവുന്ന സ്ഥലത്ത് സ്ഥാപിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. യഥാർത്ഥ കുടുംബമൂല്യങ്ങളും മാനുഷിക മൂല്യങ്ങളും സംരക്ഷിക്കു ന്നതിന് മാധ്യമങ്ങളുടെ ഉപയോഗം ചില അവസരത്തിൽ വേണ്ടെന്ന് വയ്ക്കേണ്ടിവരും. (TV off day, TV off week, TV off month) റ്റി.വി. ഉപയോഗിക്കുന്നതിൽ ശിക്ഷണം അനുപേക്ഷണീയമാണ്. പ്രാർത്ഥന, പഠനം എന്നിവയുടെ സമയത്ത് റ്റി.വി. പ്രവർത്തിപ്പിക്കാതിരിക്കാൻ മാതാ പിതാക്കൾ ഉത്സാഹിക്കണം. ഗുരുജനങ്ങൾ, പി.റ്റി.എ., അധ്യാപകർ എന്നിവർ ഇക്കാര്യത്തിൽ മാതാപിതാക്കൾക്ക് സഹായമാകണം. സ്വതന്ത്രബുദ്ധിയും ഇച്ഛാശക്തിയും ഉപയോഗിച്ച് മനുഷ്യൻ മാധ്യമങ്ങളെ നിയന്ത്രിക്കണം. ആത്മനിയന്ത്രണവും മിതത്വവും കൂടാതെ കാതലായ നന്മകൾ കൈവരിക്കാൻ നമുക്കാവില്ലെന്നത് ഒരു സത്യമല്ലേ? ഫാമിലി റ്റി.വി. പ്ലാൻ ഉണ്ടാക്കി കുടുംബം കഴിവതും ഒന്നിച്ചിരുന്ന് റ്റി.വി. കാണു കയും അതിനെ വിശകലനം ചെയ്യുകയും വ്യാഖ്യാനിക്കുകയും വില യിരുത്തുകയും ചെയ്യുക നല്ലമൂല്യങ്ങളുടെ സ്വാംശീകരണത്തിന് ആവ ശ്യമാണ്. മനുഷ്യജീവിതത്തെ ധന്യമാക്കുന്ന സ്നേഹം, ക്ഷമ, വിട്ടു വീഴ്ച, അധ്വാനം, ലൈംഗികവിശുദ്ധി, മനുഷ്യമഹത്വം എന്നിവ വളർത്താനുള്ള സാഹചര്യമാണ് സൃഷ്ടിക്കപ്പെടേണ്ടത്. പ്രശ്ന ങ്ങൾക്കുള്ള പരിഹാരം മദ്യവും മയക്കുമരുന്നുമല്ലെന്ന് എല്ലാവർക്കും ബോധ്യമാകണം. മനുഷ്യബന്ധവും സ്നേഹവുമാണ് പണത്തെക്കാൾ

പ്രധാനമെന്ന കാര്യം ഉറപ്പാക്കപ്പെടണം. വിവാഹ-കുടുംബ സമർപ്പണങ്ങൾ പ്രധാനപ്പെട്ടതാണെന്ന് എല്ലാവർക്കും ബോധ്യമുണ്ടാകുകയും വേണം. സംരക്ഷിക്കപ്പെടേണ്ട വലിയ മനുഷ്യനന്മകളാണവ. തരംതാണതും മലീമസവുമായ, വിദ്വേഷവും വിഭാഗിയതയും പോഷിപ്പിക്കുന്ന, പ്രോഗ്രാമുകൾ മാധ്യമങ്ങൾ അവതരിപ്പിക്കുമ്പോൾ അവയ്ക്കെതിരേ ക്രിയാത്മകമായി പ്രതികരിക്കാൻ കുടുംബങ്ങൾ തയ്യാറാവുകയെന്നതും പ്രധാനപ്പെട്ട കാര്യമാണ്. ഇക്കാര്യങ്ങളിൽ എല്ലാവരുടെയും ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. 2010-ൽ എല്ലാ ഇടവകകളിലും മാധ്യമങ്ങളുടെ ഉപയോഗത്തെക്കുറിച്ച് മാതാപിതാക്കൾക്കുവേണ്ടി സെമിനാറും പ്രായോഗികമായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ചയും നടത്തണം. കുടുംബകൂട്ടായ്മകളിൽ (BCC) ഈ വിഷയം ചർച്ചയ്ക്കെടുക്കുന്നതും ഉചിതമാണ്.

ഇത്തരുണത്തിൽ ഒരു വിഷയത്തെക്കുറിച്ച്, നാം നടത്തുന്ന വിവാഹ ഒരുക്കസെമിനാറിനെക്കുറിച്ച്, ചില കാര്യങ്ങൾ എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. എല്ലാ രൂപതകളും ഗൗരവപൂർവ്വം സംഘടിപ്പിക്കുന്ന ഒരു പരിപാടിയാണ് വിവാഹത്തിനു ഒരുക്കമായുള്ള സെമിനാർ. ഏവരുടെയും പ്രശംസയും അംഗീകാരവും അതിനുണ്ട്. മൂന്നുദിവസം നീണ്ടുനിൽക്കുന്ന ഒരു റസിഡൻഷ്യൽ കോഴ്സായിട്ട് അത് നടത്തണമെന്നാണ് പൊതുനിർദ്ദേശം. വിവാഹാലോചനകൾക്കു മുൻപേ തന്നെ അതിൽ പങ്കെടുക്കാൻ യുവതീയുവാക്കൾ ശ്രദ്ധിക്കണം. പ്രാർത്ഥനാപൂർവ്വം കുർബാന, കുമ്പസാരം എന്നിവയോടെയും പൊതുവിൽ അംഗീകരിച്ചിട്ടുള്ള സിലബസോടെയും കോഴ്സുകൾ നടത്തണം. വിദേശത്തുനിന്നുകൊണ്ടുവരുന്ന സർട്ടിഫിക്കറ്റുകൾ മൂന്നുദിവസം നീണ്ടുനിൽക്കുന്ന കോഴ്സിന്റേത് ആയിരിക്കണം. അവിടുത്തെ രൂപതയുടെ അംഗീകാരവും പൊതുവായ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്തിട്ടുള്ളവയും ആയിരിക്കണം. മൂന്നുദിവസം നീണ്ടുനിൽക്കുന്ന കോഴ്സിൽ ഒരിക്കൽ പങ്കെടുത്തവരെ വീണ്ടും കൂടാൻ നിർബന്ധിക്കേണ്ടതില്ല. വികാരിയച്ചന്മാർ നമസ്കാരം കേൾക്കുന്നതും ഉപദേശം കൊടുക്കുന്നതും ഉപേക്ഷിക്കരുതെന്ന കാര്യവും ഓർമ്മിപ്പിക്കട്ടെ. +1, +2 കാലഘട്ടത്തിൽ കുമാരീകുമാരന്മാർക്ക് ലൈഫ് ഗൈഡൻസ് കോഴ്സുകളും ആസൂത്രണം ചെയ്ത് നടപ്പാക്കണം. വിവാഹിതർക്ക്, പ്രത്യേകിച്ച് യുവദമ്പതികൾക്ക്, ദാമ്പത്യ പോഷകസെമി

നാറുകൾ കൂടെക്കൂടെ സംഘടിപ്പിക്കുക ആവശ്യമാണ്. കുടുംബങ്ങൾ വിവിധതലങ്ങളിൽ നിന്ന്, പ്രത്യേകിച്ച് മാധ്യമങ്ങളിൽ നിന്ന്, നിരവധി വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന ഇക്കാലഘട്ടത്തിൽ കുടുംബ പ്രേഷിതപ്രവർത്തനം ഊർജ്ജിതമാക്കാൻ എല്ലാവരും പരിശ്രമിക്കണം. തിരുക്കുടുംബത്തിന്റെ മാതൃക നമുക്ക് പ്രചോദനവും മധ്യസ്ഥത നമുക്ക് ശക്തിയുമാകട്ടെ. എല്ലാ നന്മകളും ദൈവാനുഗ്രഹവും പ്രാർത്ഥിച്ചു കൊണ്ട്,

**മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**

പി.ഒ.സി. ചെയർമാൻ

17-10-2009 കെ.സി.ബി.സി. ഫാമിലി കമ്മീഷൻ

---

NB:- **ഈ സർക്കുലർ നവംബർ മാസത്തിലെ സൗകര്യപ്രദമായ ഒരു ഞായറാഴ്ച പള്ളിയിൽ വായിക്കുകയോ ഇതിലെ പ്രധാനപ്പെട്ട ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# വിശ്വാസത്തെ വെല്ലുവിളിക്കുന്ന വിഘടിത വിഭാഗങ്ങൾ

റവ. ഡോ. ജോസഫ് പാംപ്ലാനി

**കേരളത്തിൽ അടുത്തകാലത്ത് ആത്മീയ പ്രസ്ഥാനങ്ങളായി രംഗപ്രവേശനം ചെയ്യുകയും കത്തോലിക്കാ സഭയുടെ പ്രബോധ നങ്ങളെ എതിർത്തുകൊണ്ട് വിഘടിത ഗ്രൂപ്പുകളായി രൂപമാറ്റം നേടു കയും ചെയ്ത എംപറർ എമ്മാനുവൽ ട്രസ്റ്റ്, സ്പിരിറ്റ് ഇൻ ജീസസ്, ആത്മാഭിഷേകസഭ, സ്വർഗ്ഗീയ വിരുന്ന്, അപ്പർ റൂം തുടങ്ങിയ പ്രസ്ഥാനങ്ങൾ സെക്ടുകൾക്ക് പ്രകടമായ ദൃഷ്ടാന്തങ്ങളാണ്.**

വിശ്വമതങ്ങളിൽ പലതും മാതൃമതത്തിലെ സെക്ടുകളായാണ് ഉത്ഭവിച്ചിട്ടുള്ളത്. ബുദ്ധമതവും സിക്കുമതവും ഹിന്ദുമതത്തിനുള്ളിൽ രൂപംകൊണ്ട ആത്മീയ പ്രസ്ഥാനങ്ങളായിരുന്നു. ക്രിസ്തുമതമാക ട്ടെ, യഹൂദമതത്തിലെ ഒരു ഉപവിഭാഗമായാണ് രൂപം കൊണ്ടത്. നവീന മതങ്ങളുടെ ഉത്ഭവത്തിനു നാന്ദിയായി സെക്ടുകളുടെ ആവിർഭാവത്തെ വിലയിരുത്താമെന്നു സാരം. എന്നാൽ ബഹുഭൂരിപക്ഷം സെക്ടുകളും അവയുടെ ഉപജ്ഞാതാക്കളുടെ കാലത്തോടെ കാലഹരണപ്പെടുന്നു. ചിലവ ഏന്തിയും മുടന്തിയും അല്പകാലംകൂടി പിടിച്ചു നിൽക്കും. എന്നാൽ ചില സെക്ടുകളാകട്ടെ പടർന്നു പന്തലിച്ച് നവീനവിഭാഗങ്ങ ളായി രൂപപ്പെടുന്നു. കേരളത്തിൽ അടുത്തകാലത്ത് ആത്മീയ പ്രസ്ഥാ നങ്ങളായി രംഗപ്രവേശം ചെയ്യുകയും കത്തോലിക്കാസഭയുടെ പ്രബോ ധനങ്ങളെ എതിർത്തുകൊണ്ട് വിഘടിത ഗ്രൂപ്പുകളായി രൂപമാറ്റം നേടു കയും ചെയ്ത എംപറർ എമ്മാനുവൽ ട്രസ്റ്റ്, സ്പിരിറ്റ് ഇൻ ജീസസ്, ആത്മാഭിഷേക സഭ, സ്വർഗ്ഗീയവിരുന്ന്, അപ്പർ റൂം തുടങ്ങിയ പ്രസ്ഥാന ങ്ങൾ, സെക്ടുകൾക്ക് പ്രകടമായ ദൃഷ്ടാന്തങ്ങളാണ്.

കത്തോലിക്കാവിശ്വാസത്തിൽ സെക്ടുകളോടും ഇതരസഭകളോ ടുമുള്ള സമീപനം വ്യത്യസ്തമാണ്. ജോൺപോൾ രണ്ടാമൻ മാർപാപ്പ ഈ ആശയം സ്പഷ്ടമാക്കുന്നുണ്ട്. "മാമോദീസാ സ്വീകരിച്ച സകല ക്രൈസ്തവരെയും 'കർത്താവിൽ സഹോദരീസഹോദരന്മാരാ'യി രണ്ടാം വത്തിക്കാൻ കൗൺസിൽ അഭിസംബോധന ചെയ്യുന്നുണ്ടെ

ങ്കിലും സെക്ടുകളെയും കപട ആത്മീയപ്രസ്ഥാനങ്ങളെയും ക്രൈസ്തവസമൂഹങ്ങളായി കരുതാനോ അവയുമായി സഭൈക്യസംഭാഷണങ്ങളിൽ ഏർപ്പെടാനോ സാധിക്കില്ല". (*Ecclesia America*:3). സഭൈക്യ ശ്രമങ്ങളിൽ സകല ക്രൈസ്തവസമൂഹങ്ങൾക്കും ഭീഷണിയാണ് സെക്ടുകൾ എന്നും പാപ്പാ നിരീക്ഷിക്കുന്നു (*Redemptoris Missio*:47). തന്മൂലം സഹവർത്തിക്കേണ്ട സഹോദരസമൂഹമായി സെക്ടുകളെ കരുതാൻ കത്തോലിക്കാവിശ്വാസത്തിന് കഴിവില്ല.

**സെക്ടുകളുടെ സവിശേഷതകൾ**

സെക്ടുകൾ വിശ്വാസത്തിലും ആചാരത്തിലും വ്യത്യസ്തരാണെങ്കിലും ചില പൊതുസ്വഭാവങ്ങൾ അവയിൽ ദർശിക്കാനാകും. ഒന്നാമതായി, ലിഖിതവചനമായ ബൈബിളിന്റെ അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനവും അലിഖിത വെളിപാടായ വിശുദ്ധ പാരമ്പര്യങ്ങളോടുള്ള സന്ധിയില്ലാത്ത എതിർപ്പും സെക്ടുകളുടെ പൊതുസ്വഭാവമാണ്. ബൈബിളിലെ ചില വിവരണങ്ങളെ മാത്രം സാഹചര്യത്തിൽനിന്നും അതിന്റെ പ്രതീകാത്മക അർത്ഥത്തിൽ നിന്നും അടർത്തിയെടുത്ത് നിക്ഷിപ്ത താൽപര്യത്തോടെ വ്യാഖ്യാനിക്കുക എന്നത് സെക്ടുകളുടെ തനതു സ്വഭാവമാണ്. പൂർവ്വപിതാക്കന്മാരുടെ വംശാവലിയിലെ പ്രായം കണക്കുകൂട്ടി ഭൂമിയുടെ പഴക്കം നിശ്ചയിക്കുക, വെളിപാടു പുസ്തകത്തിലെ പ്രതീകങ്ങളെ വ്യാഖ്യാനിച്ച് ലോകാവസാനത്തിന്റെ കൃത്യ തീയതി പ്രവചിക്കുക, ലേവ്യരുടെ ശുദ്ധാശുദ്ധിയുടെ നിയമങ്ങൾ മാത്രം അടിസ്ഥാനമാക്കിയുള്ള സാമൂഹിക ജീവിതക്രമം നിർദ്ദേശിക്കുക തുടങ്ങിയ അനേകം വ്യാഖ്യാനവൈരുദ്ധ്യങ്ങൾ സെക്ടുകളുടെ ഇടയിൽ സാധാരണമാണ്. തങ്ങളുടെ താൽപര്യങ്ങൾക്കു വിരുദ്ധമായ വചന ഭാഗങ്ങളെ തിരസ്കരിക്കാനാണ് പൊതുവെ ഇക്കൂട്ടർ താൽപര്യപ്പെടുന്നത്. ബൈബിൾ വ്യാഖ്യാനത്തിലെ നവീനതത്ത്വങ്ങളെയും ദൈവശാസ്ത്ര ചിന്താധാരകളെയും ഇവർ സമ്പൂർണ്ണമായി നിഷേധിക്കുന്നു.

രണ്ടാമതായി, തങ്ങളുടെ വരുതിയിലായ വ്യക്തികളെ സാമൂഹികസമ്പർക്കത്തിൽ നിന്നും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റിനിർത്താൻ ബോധപൂർവ്വം ശ്രമിക്കുന്നു. വിശേഷിച്ചും മാതൃസഭയിലെ അംഗങ്ങളുമായുള്ള ബന്ധം ഒഴിവാക്കാനും അവരുമായി സമ്പർക്കത്തിനുള്ള സകല സാധ്യതകളും അടച്ചുകളയാനും സെക്ടുകളുടെ നേതൃത്വം ബോധപൂർവ്വം പരിശ്രമിക്കുന്നു. ഉദാഹരണമായി, എമ്മാനു

വൽ എംപറർ ട്രസ്റ്റിന്റെ ധ്യാനത്തിൽ പങ്കെടുക്കുന്നവരെക്കൊണ്ട് കത്തോലിക്കാസഭയുമായുള്ള ബന്ധം വിച്ഛേദിച്ചതിന്റെ സാക്ഷ്യപത്രം ഒപ്പിട്ടു മേടിക്കുകയും അതിന്റെ ഓരോ കോപ്പി ബന്ധപ്പെട്ട രൂപതാദ്ധ്യക്ഷന് അയച്ചുകൊടുക്കുകയും ചെയ്തു വരുന്നു. പല രൂപതകളിലും പത്തും ഇരുപതും വ്യക്തികളുടെ സാക്ഷ്യപത്രങ്ങൾ വീതം ഒരേ വാചകത്തിലും രൂപത്തിലും ലഭിച്ചിട്ടുണ്ട്. അണികൾക്ക് മാതൃസഭയുമായി ബന്ധപ്പെടാനുള്ള സകല പഴുതുകളും അടയ്ക്കുക എന്ന നേതൃത്വത്തിന്റെ ചാണക്യബുദ്ധിയാണ് ഈ സാക്ഷ്യപത്രത്തിലൂടെ വെളിപ്പെടുന്നത്. സാമൂഹിക ബന്ധങ്ങൾ ഒഴിവാക്കുന്നതിനായി പാട്ട്, ഡാൻസ്, സിനിമ, സ്പോർട്സ് തുടങ്ങിയവയെല്ലാം പാപമാണെന്ന് ഇക്കൂട്ടർ പ്രചരിപ്പിക്കുന്നു. ആഭരണങ്ങൾ പരിത്യജിച്ച് അവ വിറ്റ തുക സമർപ്പിക്കാനും, രോഗം വന്നാൽ ചികിത്സിക്കാതിരിക്കാനും ഉപദേശം നൽകുന്ന ഗ്രൂപ്പുകളുണ്ടല്ലോ. തങ്ങളുടെ വിശ്വാസസംഹിത അംഗീകരിക്കാത്ത കുടുംബാംഗങ്ങളെപ്പോലും ശത്രുതയോടെ വീക്ഷിക്കാൻ ഇവർ പ്രേരണ നൽകുന്നു.

മൂന്നാമതായി, സഭാനേതൃത്വത്തെ അടച്ചാക്ഷേപിക്കുകയും ദൈവമല്ലാതെ മറ്റൊരു നേതാവില്ല എന്ന പ്രബോധനം നൽകുകയും ചെയ്യുന്നവരാണിവർ. എന്നാൽ, വ്യവസ്ഥാപിത സഭാനേതൃത്വത്തെ എതിർക്കാൻ പഠിപ്പിക്കുന്ന സെക്ടുകളുടെ നേതാവ് പലപ്പോഴും അണികളുടെമേൽ സർവ്വാധിപത്യം പുലർത്തുന്നു എന്നതാണ് വൈരുദ്ധ്യം. ചോദ്യംചെയ്യപ്പെടാത്ത അനുസരണമാണ് ഈ നേതാക്കന്മാർ തങ്ങളുടെ അനുയായികളിൽ നിന്ന് ആവശ്യപ്പെടുന്നത്. സമ്പത്ത് എന്തു ചെയ്യണം, ഏതു ബിസിനസ് തുടങ്ങണം, ആരെ വിവാഹം കഴിക്കണം, എപ്പോൾ വിവാഹം കഴിക്കണം, എവിടെ എപ്പോൾ വീടു പണിയണം തുടങ്ങിയ സകല കാര്യങ്ങളിലും നിർബന്ധിത കൽപ്പനകൾ നൽകുന്നതിൽ സെക്ടുകളുടെ നേതാക്കന്മാർ അതീവ തൽപരരാണ്. ദൈവഹിതം നേരിട്ട് അറിയാൻ കഴിവുള്ള തങ്ങളുടെ നിർദ്ദേശങ്ങൾ ദൈവകൽപ്പനകളായി അനുസരിക്കണമെന്നാണ് ഇവരുടെ നിലപാട്. അനുയായികളുടെ സമ്പത്തിൽ നല്ലൊരു പങ്ക് ദശാംശം എന്ന പേരിൽ നേതൃത്വം കൈക്കലാക്കുകയും ചെയ്യുന്നു. നേതാവിന്റെ പ്രബോധനങ്ങളും നിർദ്ദേശങ്ങളും നിരസിക്കുന്നവർക്ക് പലവിധ സമ്മർദ്ദങ്ങളും ഭീഷണികളും നേരിടേണ്ടിവരുന്നു. മുഖ്യധാരാസഭകളിലെ വൈദിക നേതൃത്വത്തെ ആക്ഷേപിച്ചുകൊണ്ട് ആരംഭിക്കുന്ന സെക്ടുകൾ നേതാ

വിന്റെ ഏകാധിപത്യത്തിൽ ഞെരിഞ്ഞമരുന്നു എന്നതാണ് സങ്കടകരമായ സത്യം.

നാലാമതായി, തങ്ങളുടെ പ്രബോധനങ്ങളോട് ഒത്തുപോകാത്ത സകല പ്രബോധനങ്ങളെയും ഇവർ പിശാചിന്റെ പ്രബോധനങ്ങളായാണ് അവതരിപ്പിക്കുന്നത്. തങ്ങൾ മാത്രം ശരിയും മറ്റെല്ലാവരും തെറ്റും എന്നതാണ് ഇവരുടെ നയം. തങ്ങളുടെ പ്രബോധനം സ്വീകരിക്കാത്ത സകലരും നശിക്കും എന്നതാണ് ഇവരുടെ നിലപാട്. ഉദാഹരണമായി, എംപറർ എമ്മാനുവൽ ട്രസ്റ്റിന്റെ പേടകത്തിൽ പ്രവേശിച്ച് ധ്യാനം കൂടുന്ന ആദ്യത്തെ 1,44,000 പേർ മാത്രമേ രക്ഷപ്രാപിക്കുകയുള്ളു എന്ന് അവർ അവകാശപ്പെടുന്നു. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനവും ഇതിനു സമാനമായ പ്രബോധനമാണ് നടത്തുന്നത്. തങ്ങളുടെ കൂട്ടായ്മയിൽ പങ്കെടുത്ത് പ്രാർത്ഥിക്കാത്ത സകലരും നാശത്തിന്റെ പാതയിലാണെന്ന് ഇവർ വാദിക്കുന്നു. അണികളുടെ വിവേകത്തെയും വിവേചനശക്തിയെയും നിഷേധിക്കുന്ന ഇത്തരം അവകാശവാദങ്ങളിലൂടെ സ്വയംകൃത പ്രബോധനങ്ങളെ ദൈവിക അരുളപ്പാടുകളായി അവതരിപ്പിക്കാൻ ഇക്കൂട്ടർക്ക് കഴിയുന്നു. മുഖ്യധാരാസഭകളുടെ പ്രബോധനങ്ങളെല്ലാം പൈശാചികമോ മാനുഷികമോ ആയ പ്രബോധനങ്ങളാണെന്നും അപ്പസ്തോലന്മാരുടെ കാലശേഷം നഷ്ടപ്പെട്ടുപോയ സത്യം 'വീണ്ടും കണ്ടെത്തിയ' അഭിനവ മിശിഹാമാരാണ് തങ്ങളെന്നും ഇക്കൂട്ടർ അവകാശപ്പെടുന്നു. അപ്പസ്തോലിക കാലത്തുനിന്നും അഭിനവ കാലത്തേക്കുള്ള ചാട്ടത്തിൽ സഭയുടെ സകല പാരമ്പര്യങ്ങളെയും ഇവർ പാപമായി പരിഗണിക്കുന്നു. അപ്പസ്തോലികകാലം വീണ്ടും തുടരുന്നത് തങ്ങളിലൂടെയാണ് എന്നതാണ് ഇവരുടെ അവകാശവാദം.

അഞ്ചാമതായി, മനുഷ്യപ്രകൃതിയുമായി ബന്ധപ്പെട്ട സകലതിനെയും പാപമായി ചിത്രീകരിക്കുന്ന പ്രവണത സെക്ടുകളുടെ പൊതുസ്വഭാവമാണ്. മനുഷ്യൻ എന്നത് സമ്പൂർണ്ണ പാപമാണെന്നും അവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഏതാനും പേർ മാത്രമേ രക്ഷപ്പെടുകയുള്ളു എന്നും ഇവർ വാദിക്കുന്നു. മാനുഷികതയെ പാപമായി പരിഗണിക്കുന്നതിനാൽ മാനുഷികതയുടെ ഭാഗമായ ലൈംഗികതയുമായി ബന്ധപ്പെട്ട് ഒട്ടനവധി അബദ്ധ ധാരണകൾ ഇവർ പ്രചരിപ്പിക്കുന്നു. ലൈംഗിക പാപങ്ങളെ മാത്രം അതിഭീകരമായി ചിത്രീകരിക്കുക എന്നത് ഇവരുടെ സവിശേഷതയാണ്. തങ്ങൾക്ക് ഹിതകരമല്ലാത്ത സകലതിലും ലൈംഗികതയുടെ പാപം ആരോപിക്കാൻ ഇവർക്കു പ്രയാസ

മില്ല. നിലവിളക്കിൽ ലിംഗ-യോനി സംഗമവും എണ്ണത്തിരിയിൽ കത്തുന്ന കാമഭാവങ്ങളും വായിച്ചെടുക്കാൻ ഇവർക്കു കഴിയുന്നു. ആന്തൂറിയം പുഷ്പത്തെ അശ്ലീലമായി കരുതുന്ന ഇവർ, ചെമ്പരത്തിപ്പൂവിൽ ലൈംഗികാവയവത്തിന്റെ പ്രതിഛായ കണ്ടെത്തുന്നു. പുരയുടെ മൂലയോടിന് താങ്ങായി 'ഓടുതാങ്ങി' ഉപയോഗിക്കുന്നത് പാപമാണെന്ന് പഠിപ്പിച്ച വ്യക്തി അതിന്റെ കാരണം വിശദീകരിച്ചതിങ്ങനെയാണ്: ഓടുതാങ്ങിയുള്ള അറ്റം പാമ്പിന്റെ തലപോലെ വളഞ്ഞിരിക്കുന്നു. പാമ്പ് ലൈംഗികതയുടെ പ്രതീകമാകയാൽ ഓടുതാങ്ങിയുടെ വീട് ജഢികാസക്തിയുടെ കേന്ദ്രമാണത്രേ! തലവേദനയ്ക്ക് പുരട്ടുന്ന വിക്സ് പിശാചിന്റെ കാഷ്ഠമാണെന്നും അതുപയോഗിക്കുന്നവർക്ക് ആസക്തികൾ വർദ്ധിക്കുമെന്നും പഠിപ്പിക്കുന്ന പ്രബോധകരും ഇന്നു കേരളത്തിൽ സജീവമാണ്. പാമ്പിന്റെ ചിത്രീകരണമുള്ള കൊന്തകളും ഭക്തവസ്തുക്കളും വ്യാപകമായി അഗ്നിക്കിരയാക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതും ഇതേ ചിന്താധാരയുടെ തുടർച്ചയായാണ്.

ആറാമതായി, സെക്ടുകളിലെ അംഗത്വം സമൂഹത്തിലെ വരേണ്യവർഗ്ഗത്തിലേക്കുള്ള പ്രവേശനമാർഗ്ഗമായി കരുതപ്പെടുന്നു. ലയൺസ് ക്ലബും റോട്ടറി ക്ലബുമൊക്കെ സമൂഹത്തിലെ സ്റ്റാറ്റസ് സിംബലുകളാകുന്നത് പോലെ പല സെക്ടുകളും വരേണ്യവർഗ്ഗത്തിന്റെ സ്വൈരവിഹാര കേന്ദ്രങ്ങളായി മാറുന്നുണ്ട്. പല സെക്ടുകളും അവയുടെ ശ്രേഷ്ഠ അംഗത്വം സമ്പന്നർക്കും ഉന്നത ഉദ്യോഗസ്ഥർക്കുമായി സംവരണം ചെയ്തിട്ടുണ്ട്. ഇവരുടെ സാക്ഷ്യവും പ്രകടനവും വഴി സാധാരണക്കാരായവരെ മുന്നണിപ്പോരാളികളായി ഇവർ നേടിയെടുക്കുന്നു. ചാവേറുകളെപ്പോലെ പ്രസ്ഥാനത്തിനുവേണ്ടി പൊരുതുന്ന ഈ മുന്നണിപ്പോരാളികൾക്ക് ഒരിക്കലും പ്രസ്ഥാനത്തിന്റെ അകത്തളങ്ങളിലോ അധികാര കേന്ദ്രങ്ങളിലോ പ്രവേശനം ലഭിക്കുകയില്ല. അമേരിക്കയിലെ സെക്ടുകളുടെയിടയിൽ നടത്തിയ സർവ്വേയിൽ, സെക്ടുകളിലെ 51% ആളുകൾ ബിരുദാനന്തര ബിരുദധാരികളാണത്രേ; 34% ആളുകൾ ഉന്നത ഉദ്യോഗസ്ഥരും, 31% ആളുകൾ വ്യവസായ പ്രമുഖരുമാണ്. ഇവരിൽ ഭൂരിപക്ഷത്തിനും വാർഷികാദായം രണ്ടു ലക്ഷം ഡോളറിനുമേൽ (1 കോടിയിൽപ്പരം രൂപ) ഉള്ളവരാണ്. മുഖ്യധാരാസഭകളിൽ നിന്നും ലഭിക്കാത്ത അംഗീകാരവും സ്വാതന്ത്ര്യവും നിയന്ത്രണാധികാരവും ലഭി

ക്കുന്നതിനാൽ സ്വൈരവിഹാരം കാംഷിക്കുന്ന വരേണ്യവർഗ്ഗം സെക്ടുകളിലേക്ക് ആകർഷിക്കപ്പെടുന്നു എന്നതാണ് വസ്തുത.

ഏഴാമതായി, വിഘടിത ഗ്രൂപ്പുകളിലെ അംഗങ്ങൾ സംഘാതമായ ഒരു മാനസികഘടന (Collective mind set up) രൂപപ്പെടുത്തുന്നു എന്നത് ശ്രദ്ധേയമാണ്. വ്യക്തികൾ സ്വതന്ത്രമായി ചിന്തിക്കാതെ നേതാവിന്റെ ചിന്തയുടെ പ്രചാരകരായി മാറുന്നു എന്നതാണ് ഈ മാനസികഘടനയുടെ പ്രത്യേകത. സ്വതന്ത്രമായി ചിന്തിക്കാൻ അനുവാദമില്ലാത്ത അണികൾ നേതാവ് നൽകുന്ന പ്രബോധനങ്ങൾ അവ എത്രകണ്ട് യുക്തിരഹിതമാണെങ്കിലും അന്ധമായി വിശ്വസിച്ച് ഏറ്റു പറയുന്നു. ഉദാഹരണമായി, നരകം എന്നത് ഭൂമിക്കുള്ളിലെ കൊടുംചൂടുള്ള അഗ്നിത്തടാകമാണെന്നും, അഗ്നിപർവ്വതം പൊട്ടുമ്പോൾ പുറത്തു വരുന്ന ലാവ നരകത്തിൽ നിന്നുള്ള ഉഷ്ണപ്രവാഹമാണെന്നും പ്രസ്തുത ലാവകളിൽ ചാവാത്ത പുഴുക്കളെ കാണാനാകുമെന്നും എംപറർ എമ്മാനുവൽ ട്രസ്റ്റിന്റെ നേതാവ് പഠിപ്പിക്കുന്നു. നരകം ഭൗമികമാണെങ്കിൽ യുഗാന്ത്യത്തിൽ നരകവും ഇല്ലാതാകില്ലേ എന്ന സാമാന്യയുക്തിപോലും നിഷേധിക്കുന്ന ഈ വ്യാഖ്യാനം അനുയായികൾ കണ്ണടച്ചു വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. അഗ്നിപർവ്വതത്തടാകത്തിൽ വെന്തുരുകുന്ന അനേകകോടി ആത്മാക്കളുടെ നിലവിളിപോലും റെക്കോർഡു ചെയ്ത് കേൾപ്പിക്കാൻ ഈ പ്രസ്ഥാനത്തിന്റെ നേതാവിന് കഴിയുന്നു. നരകത്തിലെ ചൂട് 6000 ഡിഗ്രിയാണെന്നും ഈ മാന്യദേഹം അർത്ഥശങ്കയില്ലാതെ പ്രസ്താവിക്കുന്നു. ശാസ്ത്രീയജ്ഞാനം എന്ന പേരിൽ അവതരിപ്പിക്കപ്പെടുന്ന ഇത്തരം പ്രചാരണങ്ങൾ അണികൾ അക്ഷരശ്ശ വിശ്വസിക്കുന്നതിനെ മസ്തിഷ്കപ്രക്ഷാളനം എന്നല്ലാതെ മറ്റെന്താണു പറയേണ്ടത്. പുതിയ പ്രസ്ഥാനത്തിൽ അംഗമാകുന്നതിനു മുമ്പ് തങ്ങൾ ചെയ്ത സകല കാര്യങ്ങളെക്കുറിച്ചും കുറ്റബോധം ജനിപ്പിച്ചും, രോഗങ്ങളെ പാപംമൂലമാണെന്നു വ്യാഖ്യാനിച്ചു ഭീഷണിപ്പെടുത്തിയും നേതൃത്വം അണികളുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നു.

വിഘടിത വിഭാഗങ്ങളെ എപ്രകാരമാണ് നേരിടേണ്ടത് എന്നത് വ്യവസ്ഥാപിത സഭകൾ ഗൗരവമായി ചിന്തിക്കാൻ സമയമായി. ബ്രസീലിലേക്കുള്ള തന്റെ ശ്ലൈഹികതീർത്ഥാടന യാത്രാമധ്യേ വിമാനത്തിൽ വച്ച് പത്രലേഖകരോട് സംസാരിക്കവേ സെക്ടുകളെ എപ്രകാരം നേരിടാനാവുമെന്ന് പരി. പിതാവ് ബനഡിക്ട് പതിനാറാമൻ പ്രസ്താവിക്കു

കയുണ്ടായി. സെക്ടുകളുടെ വളർച്ച സൂചിപ്പിക്കുന്നത് മനുഷ്യമനസിൽ ദൈവത്തിനായുള്ള ദാഹം വർദ്ധമാനമായി തുടരുന്നു എന്നതാണ്. ദൈവത്തെ കൂടുതൽ അടുത്തറിയാനാവും എന്ന സെക്ടുകളുടെ വാഗ്ദാനം കേട്ട് ആളുകൾ പിന്നാലെ കൂടുന്നത് മനുഷ്യമനസിലെ തൃപ്തമാകാത്ത മതാത്മകതമൂലമാണ്. തങ്ങളുടെ പ്രശ്നങ്ങൾക്ക് വ്യവസ്ഥാപിത സഭയെ(കളെ)ക്കാൾ കൂടുതൽ സ്വീകാര്യമായ ഉത്തരം തരുന്നത് സെക്ടുകളാണ് എന്ന തോന്നൽ മൂലമാണ് വിശ്വാസികൾ സെക്ടുകളിലേക്ക് ആകൃഷ്ടരാകുന്നത്. തന്മൂലം കൂടുതൽ ദൈവോന്മുഖവും മനുഷ്യോന്മുഖവുമായി സഭ തന്നെത്തന്നെ പുനരവതരിപ്പിക്കുക എന്നതാണ് സെക്ടുകളെ നേരിടാനുള്ള ഫലപ്രദമായ വഴി. ദൈവത്തെ കൂടുതൽ സമീപസ്ഥനായി സംലഭ്യമാക്കുന്നതോടൊപ്പം അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സഭ അക്ഷീണം പരിശ്രമിക്കണം. സാമൂഹികവും സാമ്പത്തികവുമായ രംഗങ്ങളിൽ നീതിനിഷ്ഠമായ അവരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുമ്പോഴും സഭ സെക്ടുകളെ ഫലപ്രദമായി നേരിടുകയാണ്.

മനുഷ്യന്റെ സമഗ്രവികസനത്തിനുവേണ്ടി നിസ്തന്ദ്രം പരിശ്രമിക്കേണ്ട സഭ അതിൽ വീഴ്ച വരുത്തുമ്പോഴാണ് സെക്ടുകളുടെ അബദ്ധപ്രബോധനങ്ങളിലേക്ക് അജഗണം ആകൃഷ്ടരാകുന്നത് എന്ന പരിശുദ്ധ പിതാവിന്റെ നിരീക്ഷണം നാം ശ്രദ്ധയോടെ ശ്രവിക്കണം.

ഇടവകകളിലെ അജപാലനമേഖലയിൽ സംഭവിക്കുന്ന നിർജ്ജീവത്വം പലപ്പോഴും സെക്ടുകളിലേക്കുള്ള ആകർഷണം വർദ്ധിപ്പിക്കുന്നു. 2007 ജൂലൈ 5 ന് റോമിൽ നിന്നു പുറപ്പെടുവിച്ച പ്രബോധനത്തിന്റെ വെളിച്ചത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ സെക്ടുകളെ പ്രതിരോധിക്കാനായി നിർദ്ദേശിക്കാവുന്നതാണ്. ഇവയിൽ പലതും കേരളസഭയുടെ പശ്ചാത്തലത്തിൽ അടിയന്തര പ്രാധാന്യമർഹിക്കുന്നതാണ്.

1. വി. കുർബാന കേന്ദ്രീകൃതമായ ആധ്യാത്മികതയിലേക്ക് ദൈവജനത്തെ വളർത്താൻ സാധ്യമായ സകലമാർഗ്ഗങ്ങളും ഉപയോഗിക്കുക. ഈ നിർദ്ദേശം കേരള സഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമാണ്. തിരുനാളുകൾക്കും നൊവേനകൾക്കും അമിത ശ്രദ്ധ നൽകുമ്പോൾ പരിശുദ്ധ കുർബാന അവഗണിക്കപ്പെടുന്ന സാഹചര്യം ഇവിടെ വളരുന്നുണ്ട്. അൾത്താരയേക്കാളും ശ്രേഷ്ഠമായ ഗ്രോട്ടോകളും പിയാത്തകളും പള്ളിക്കു പുറത്തു നിർമ്മിക്കുമ്പോഴും അൾത്താരയിലെ ബലി തമസ്കരിക്കപ്പെടുന്നുണ്ടോ എന്നു ശ്രദ്ധിക്കണം.

2. മുതിർന്നവരുടെ മതബോധനം കാര്യക്ഷമമാക്കുക. കുട്ടികളുടെ മതബോധനം സാങ്കേതികമായിട്ടെങ്കിലും കാര്യക്ഷമമായി നടത്താൻ നമുക്കാവുന്നുണ്ട് എന്നത് സന്തോഷകരമാണ്. എന്നാൽ യുവജനങ്ങളുടെയും മുതിർന്നവരുടെയും തുടർപരിശീലനത്തിനുള്ള വഴികൾ തുലോം പരിമിതമാണ് കേരള സഭയിൽ. ഞായറാഴ്ച പ്രസംഗവും വാർഷികധ്യാനവും കാര്യക്ഷമമായി പല ഇടവകകളിലും നടത്തുന്നത് തികച്ചും ശ്ലാഘനീയമാണ്. എന്നാൽ മുതിർന്നവരുടെ മതബോധനത്തിന് നവീനമാർഗ്ഗങ്ങൾ ഇനിയും തുറക്കപ്പെടേണ്ടതുണ്ട്. പഠനക്ലാസുകൾക്കും വാർഡ്തല ചർച്ചകൾക്കും സഹായകമായ ലീഫ്ലെറ്റുകൾ തയ്യാറാക്കി വിതരണം ചെയ്യാൻ നാം പണം മുടക്കണം. പള്ളിയുടെ സമ്പത്ത് മുഴുവൻ സ്ഥാവരവസ്തുക്കളുടെ വ്യാപനത്തിനായി നീക്കിവെയ്ക്കുന്ന ഇന്നത്തെ പ്രവണത ആശാസ്യമല്ല. ചുരുങ്ങിയത് 25% വരുമാനം എല്ലാ ഇടവകകളും ദൈവജനത്തിന്റെ ബോധവൽക്കരണത്തിനായി നീക്കിവയ്ക്കേണ്ടതാണ്.

3. ആത്മീയതയുടെ ബാഹ്യവത്ക്കരണം കത്തോലിക്കാ ആദ്ധ്യാത്മികതയുടെ തനതു സ്വഭാവം നഷ്ടപ്പെടുത്തുകയും ഉപരിപ്ലവമായ കാര്യങ്ങളിൽ കൂടുതൽ ഊന്നൽ നൽകാൻ ഇടവരുത്തുകയും ചെയ്യുന്നു. ഉപരിപ്ലവമായ ആത്മീയത സെക്ടുകളിലേക്കുള്ള ദിശാസൂചിയാണ്. ലോകത്തിലെ ഏറ്റവും വലിയ ഗ്രോട്ടോയും ഏഷ്യയിലെ ഏറ്റവും വലിയ മാതാവിന്റെ രൂപവും ഇന്ത്യയിലെ ഏറ്റവും വലിയ ക്രൂശിതരൂപവും നിർമ്മിച്ച് ഗിന്നസ് ബുക്കിലും ലിംകാ ബുക്ക് ഓഫ് റെക്കോഡ്സിലും ഇടംപിടിക്കാൻ അജപാലകർ മത്സരിക്കുമ്പോൾ അജഗണങ്ങൾ പുതിയ മേച്ചിൽപ്പുറങ്ങൾ തേടിപ്പോയാൽ ഞാൻ പിഴയാളി ചൊല്ലാൻ നമ്മളും ബാധ്യസ്ഥരല്ലേ.

4. സെക്ടുകളുടെ പ്രബോധനങ്ങളിലെ അബദ്ധസിദ്ധാന്തങ്ങൾ തുറന്നു കാണിക്കുന്ന കൺവൻഷനുകളും സെമിനാറുകളും ചർച്ചകളും വാർഡുതല പഠനപദ്ധതികളും നടപ്പിലാക്കണം.

5. ആത്മീയരംഗത്ത് യാഥാസ്ഥിതികത്വത്തെ പൂർണ്ണമായി അവഗണിക്കാനാവില്ല. ക്രിസ്തീയതയുടെ തനിമകളെ നിഷേധിക്കുകയോ മറക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന സാംസ്കാരികാനുരൂപണങ്ങൾ മാതൃസഭയിലുള്ള വിശ്വാസം നഷ്ടപ്പെടുത്താൻ വിശ്വാസികൾക്ക് ഇടവരുത്തും. നടരാജ നൃത്തം ചവിട്ടുന്ന ക്രിസ്തുവിനെയോ കാളീരൂപം ധരിച്ച കന്യകാമാതാവിനെയോ കാണാൻ സാധാരണ വിശ്വാസികൾ

താത്പര്യപ്പെടുന്നില്ല. സാംസ്കാരികാനുരൂപണത്തിന്റെ ആവശ്യകത അംഗീകരിക്കുമ്പോൾതന്നെ അതിരുവിട്ട അനുരൂപണഭ്രമങ്ങളെ നിയന്ത്രിക്കേണ്ടതാണ്. കേരളത്തിലെ വിവിധ സെക്ടുകൾ സാംസ്കാരികാനുരൂപണങ്ങളുടെ പേരിൽ സഭയെ പ്രതിക്കൂട്ടിൽ നിർത്താൻ ശ്രമിക്കുന്ന സാഹചര്യം തികച്ചും അടിസ്ഥാന രഹിതമെന്ന് ആക്ഷേപിക്കാനാവില്ല. ക്രിസ്തുവിനെ ഭാരതീയനാക്കുകയല്ല ഭാരതത്തെ ക്രിസ്തീയമാക്കുകയാണ് നമ്മുടെ വലിയ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം മറന്നുള്ള സകല അനുരൂപണങ്ങളും നിയന്ത്രിക്കപ്പെടണം.

6. വൈദികരും അജഗണവും തമ്മിലും, വൈദികരും മെത്രാനും തമ്മിലും, രൂപതകളും റീത്തുകളും തമ്മിലുമുള്ള കൂട്ടായ്മകൾ വളർത്തിയെങ്കിൽ മാത്രമേ വിഭാഗീയതയുടെ അരൂപിയെ നിർമ്മാർജ്ജനം ചെയ്യാനാകൂ. അന്തച്ഛിദ്രമുള്ള ഭവനമായി സ്വയം നശിക്കാൻ നമുക്ക് ഇടവരരുത്. നിസ്സാരകാരണങ്ങളാൽ സഭാനേതൃത്വവുമായി ഭിന്നിച്ചു നിൽക്കുന്ന അത്മായരും ചുരുക്കം ചില വൈദികരുമാണ് സെക്ടുകളിലേക്ക് വേഗത്തിൽ ആകർഷിക്കപ്പെടുന്നത് എന്ന സത്യം വിസ്മരിക്കരുത്. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവീക പുണ്യങ്ങളിൽ സ്നേഹമാണ് സർവ്വോത്കൃഷ്ടം എന്നു പഠിപ്പിച്ച അപ്പസ്തോലന്റെ മാതൃക പല ഭിന്നതകളും പരിഹരിക്കാൻ സഹായകമാണ്.

7. പൂർണ്ണമായും വൈദികകേന്ദ്രീകൃതമായ അജപാലന ശൈലി സെക്ടുകളിലേക്കുള്ള ആകർഷണത്തിനു കാരണമാകുന്നുണ്ട്. അത്മായ പങ്കാളിത്തം ഉറപ്പുവരുത്തുന്ന സഹകരണത്തിന്റെ അജപാലന ശൈലി വളർത്തുക എന്നതാണ് ശ്ലാഘനീയ മാർഗ്ഗം. തങ്ങൾ അംഗീകരിക്കപ്പെടുന്നില്ല, തങ്ങൾക്ക് വചനപ്രഘോഷണത്തിന് അവസരം ലഭിക്കുന്നില്ല, തങ്ങളുടെ ശുശ്രൂഷകൾ പരിഹസിക്കപ്പെടുന്നു തുടങ്ങിയ തോന്നലുകൾ പ്രബലമായപ്പോഴാണ് ചില വചനപ്രഘോഷകർ സെക്ടുകളിലേക്ക് ചേക്കേറിയത്. അവരുടെ പ്രവൃത്തി ന്യായീകരിക്കത്തക്കതല്ലെങ്കിലും അതിന് ഇടനൽകുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനും അത്മായർക്ക് സഭയിൽ ന്യായവും അർഹവുമായ പരിഗണന ലഭിക്കാനുമുള്ള അവസരം സംലഭ്യമാക്കണം.

*(കടപ്പാട് - കുടുംബജ്യോതിസ്, 2009 സെപ്റ്റംബർ & ഒക്ടോബർ)*

NB:- **ഈ ലേഖനത്തിലെ ആശയങ്ങൾ ദൈവജനത്തെ അറിയിക്കുന്നത് ഉപകാരപ്രദമായിരിക്കും**

# വൈദീകവർഷം

## 2009 ജൂൺ 19 – 2010 ജൂൺ 19

**നമ്മുടെ വിചിന്തനത്തിന്**

"വൈദീകന്റെ നേതൃത്വത്തിലുള്ള വിശ്വാസിവൃന്ദത്തിന്റെ ജീവ കേന്ദ്രമാണ് ദിവ്യകാരുണ്യ കർമ്മാനുഷ്ഠാനങ്ങൾ. അതിനാൽ പരി ശുദ്ധ കുർബാനയിൽ ബലിവസ്തുവായ ക്രിസ്തുവിനോടുകൂടി തങ്ങ ളുടെ ജീവിതത്തെ പിതാവായ ദൈവത്തിന് സമർപ്പിക്കാൻ വൈദി കർ വിശ്വാസികളെ പഠിപ്പിക്കണം. കുമ്പസാരത്തിൽ അനുതാപത്തോടെ പാപങ്ങൾ സഭയോട് ഏറ്റുപറയുവാൻ വൈദീകർ ഇടയനായ ക്രിസ്തുവിന്റെ ചൈതന്യത്തിൽ അവരെ പരിശീലിപ്പിക്കേണ്ടിയിരി ക്കുന്നു. അതുവഴി, "അനുതപിക്കുവിൻ എന്തെന്നാൽ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്തായി. 4;17) എന്ന അവിടുത്തെ വചനത്തെ അനുസ്മരിച്ചുകൊണ്ട് അവർ ഓരോ ദിവസവും കൂടുതൽ കൂടുതലായി കർത്താവിലേക്ക് തിരിഞ്ഞുവരണം. തിരുകർമ്മങ്ങളിലൂടെയും ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ കഴിവുണ്ടാകാൻ തക്കവിധം വൈദികൻ ജനങ്ങളെ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാൻ അഭ്യസിപ്പിക്കേണ്ടതാണ്. ലഭിച്ചിരിക്കുന്ന പ്രസാദവരത്തിന്റെ അള വിനും ഓരോരുത്തരുടെ ആവശ്യത്തിനും ആനുപാതികമായി ഉപര്യു പരി പൂർണ്ണമായിക്കൊണ്ടിരിക്കുന്ന പ്രാർത്ഥനാരൂപി ജീവിതം മുഴു വൻ കൂടുതൽ പൂർണ്ണമായി അഭ്യസിക്കുവാൻ ജനങ്ങളെ പരിശീലിപ്പി ക്കുകയും വേണം." (രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രമാണരേഖ; വൈദികർ 5.) കൗൺസിലിന്റെ പഠനങ്ങൾ നമ്മുടെ ചിന്തയ്ക്ക് വിഷയ മാക്കാം.

## അഖണ്ഡ ആരാധന നടത്തേണ്ട സ്ഥലങ്ങൾ

| Date | | Name of Parish / Institution |
|---|---|---|
| **December** | **1** | Panavally |
| '' | 2 | Payyampally |
| '' | 3 | Thrissilery |
| '' | 4 | Chennalode |
| '' | 5 | Kavummannam |
| '' | 6 | Kottathara |
| '' | 7 | Kurumbala |
| '' | 8 | Kurumani |
| '' | 9 | Mangalam |
| '' | 10 | Manjoora |
| '' | 11 | Puthuserikadavu |
| '' | 12 | Thariode |
| '' | 13 | SABS Convent Ambalavayal |
| '' | 14 | CMC Convent Bathery |
| '' | 15 | SABS Convent Bathery |
| '' | 16 | SH Convent Bathery |
| '' | 17 | SH Convent Thoduvatty |
| '' | 18 | SH Convent (Kripasadan) |
| '' | 19 | MSMI Procincial House Bathery |
| '' | 20 | SKD Convent Chithragiri |
| '' | 21 | SH Convent Chulliode |
| '' | 22 | MSMI Convent Kadalmad |
| '' | 23 | SABS Convent Meenangadi |
| '' | 24 | SJC Convent Moolankavu |
| '' | 26 | SABS Convent Pazhoor |
| '' | 27 | SABS Convent Thomattuchal |
| '' | 28 | FC Convent Vadakkanad |
| '' | 29 | SKD Convent Vakery |
| '' | 30 | OSA Convent Adakkathode |
| '' | 31 | SABS Convent Ambayathode |

**ഫാ. ബെന്നി മുതിരക്കാലായിൽ**

കൺവീനർ, വൈദീകവർഷാചരണ കമ്മിറ്റി

# രൂപതാകച്ചേരി വാർത്തകൾ

## ആദരാഞ്ജലികൾ



മാനന്തവാടി രൂപതയ്ക്ക് ഏറെ കടപ്പാടുകളോടുകൂടി മാത്രമേ സി.എം.ഐ. സഭയെ സ്മരിക്കുവാൻ കഴിയൂ കാരണം സി.എം.ഐ. സഭയിലെ ധാരാളം വൈദീകരുടെ സേവനം ഈ രൂപതയ്ക്ക് ലഭിച്ചിട്ടുണ്ട്, ലഭിക്കുന്നുമുണ്ട്. ഇപ്രകാരം മാനന്തവാടി രൂപതയിൽ തീക്ഷ്ണതയോടെ സേവനം ചെയ്ത വ്യക്തിയാണ് ഫാ. ജോസഫ് കാഞ്ഞിരക്കാട്ടുകുന്നേൽ സി.എം.ഐ. 1936 ഫെബ്രുവരി 2-ാം തീയതി ഭൂജാതനായ അദ്ദേഹം 1958 മെയ് 16-ാം തീയതി പ്രഥമവ്രതവാഗ്ദാനം നടത്തി. 1964 മെയ് 17-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. മാനന്തവാടി രൂപതയിൽ മരക്കടവ്, ചെറുകാട്ടൂർ, പയ്യമ്പള്ളി, നെടുമ്പാല മുതലായ ഇടവകകളിൽ അച്ചൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2009 ഒക്ടോബർ 13-ാം തീയതി വാഹനാപകടത്തിൽ അദ്ദേഹം നിര്യാതനായി. അച്ചന്റെ നിര്യാണത്തിൽ മാനന്തവാടി രൂപത അനുശോചിക്കുകയും അച്ചന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. സി.എം.ഐ. സഭയോടുള്ള കടപ്പാടും നന്ദിയും പ്രത്യേകം അനുസ്മരിക്കുകയും ചെയ്യുന്നു.

## സമ്പർക്കമാധ്യമദിനം

നവംമ്പർ 15-ാം തീയതി ഞായറാഴ്ച നമ്മൾ സമ്പർക്ക മാധ്യമദിനമായി ആചരിക്കുകയാണ്. ഇന്ന് സ്വതന്ത്രനായ മനുഷ്യനെ അടിമയാക്കി തന്റെ ചൊൽപ്പടിക്കു നയിക്കുന്ന യജമാനനായി മാറിയിരിക്കുകയാണ് മാധ്യമങ്ങൾ; മാധ്യമ തന്ത്രമാകട്ടെ "ആകർഷിച്ച് കീഴടക്കുക" എന്നതും. പ്രേക്ഷകർക്ക് (വായനക്കാർക്ക്), ശ്രോതാക്കൾക്ക് രുചിക്കുന്നവയാണ് മാധ്യമങ്ങൾ വിളമ്പുന്നത്; അല്ലെങ്കിൽ ഉപഭോക്താക്കളുടെ

ബലഹീനതകളെ ചൂഷണം ചെയ്താണ് മാധ്യമങ്ങൾ കൊഴുക്കുന്നത്. അതിനാൽ മാധ്യമലോകത്തിന്റെ പ്രധാനപ്പെട്ടമൂല്യം സത്യമല്ല, ആകർഷണീയതയാണ്. പല പത്രങ്ങൾ വായിക്കുകയും പല ചാനലുകൾ വീക്ഷിക്കുകയും ചെയ്താലേ ഇന്ന് സത്യമറിയാൻ കഴിയൂ. കാരണം ഓരോ കൂട്ടരും 'അവരവരുടെ സത്യത്തെ'യാണ് അവതരിപ്പിക്കുക. സ്വന്തം നിലപാടുകളുടെയും താല്പര്യങ്ങളുടേയും പ്രചാരണവും വ്യാപനവും, മറ്റുപലരോടുമുള്ള പകപോക്കൽ, പ്രതികാര നടപടികൾ എന്നിവയെല്ലാം മാധ്യമങ്ങളിൽ കടന്നുകൂടുന്നു. പുറമെകാണുന്നവയുടെയൊക്കെ പിറകിൽ ഒരന്തർനാടകമുണ്ടായിരിക്കാം. അതു തിരിച്ചറിയാതെ, കാണുന്നതും കേൾക്കുന്നതും വായിക്കുന്നതുമൊക്കെ അന്ധമായി വിശ്വസിച്ചാൽ നാം വിഡ്ഢികളായിപ്പോകും. അതിനാൽ മാധ്യമങ്ങളെ നന്മയ്ക്കുവേണ്ടിയും ക്രിസ്തുവിന്റെ വെളിച്ചം ലോകത്തിൽ പ്രകാശിപ്പിക്കുവാൻ വേണ്ടിയും ഉപയോഗിക്കുവാനും, മാധ്യമങ്ങളെ വിലയിരുത്താനും വേണ്ടവിധം പ്രതികരിക്കാനും സഹായിക്കുന്ന ഒരു മാധ്യമസാക്ഷരത നേടിയെടുക്കാനും മാധ്യമദിനാചരണം നമുക്കു പ്രചോദനമാകണം. അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് ആ തുക രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## സ്നേഹസ്മരണ

നവംബർ 12-ാം തീയതി നമ്മുടെ പ്രിയപ്പെട്ട ജോസഫ് ചൂരയ്ക്കാമറ്റത്തിലച്ചന്റെ 10-ാം ചരമവാർഷിക ദിനമാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

## പ്രഥമ ഇന്ത്യൻ മിഷൻകോൺഗ്രസ്

2009 ഒക്ടോബർ 14 മുതൽ 18 വരെ ബോംബെയിൽ വച്ച് നടന്ന അഖിലേന്ത്യാതലത്തിലുള്ള ആദ്യമിഷൻ കോൺഗ്രസിൽ 160 രൂപതകളിൽ നിന്നായി 1200 പ്രതിനിധികളും 107 മെത്രാന്മാരും സംബന്ധിച്ചു. 'പ്രഭുയേശു മഹോത്സവ്' എന്ന പേരിൽ നടത്തപ്പെട്ട ഈ മിഷൻ കോൺഗ്രസിന്റെ ആദർശവാക്യം "Let your light shine" "നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ" (മത്തായി 5:16) എന്നതായിരുന്നു. വളരെ മനോഹരമായി സംഘടിപ്പിക്കപ്പെട്ട ഈ കോൺഗ്രസ്സിൽ നമ്മുടെ രൂപതയിൽ നിന്ന് അഭിവന്ദ്യപിതാവും 7 പ്രതിനിധികളും സംബന്ധിച്ചിരുന്നു. ലോകം മുഴുവനും പോയി സുവിശേഷം പ്രസംഗിക്കാനുള്ള ക്രിസ്തുനാഥന്റെ ആഹ്വാനം ശ്രവിച്ച് നമ്മെ അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേയ്ക്ക് നയിച്ച നമ്മുടെ പിതാവ് മാർ തോമ്മാശ്ലീഹാ മുതൽ കാണ്ട

മാലിൽ വിശ്വാസത്തിനുവേണ്ടി ജീവിതം ത്യജിക്കാനും അതിക്രൂരമായ പീഡനങ്ങൾ ധൈര്യപൂർവ്വം നേരിടാനും ഒരുക്കമായ ദളിത ക്രൈസ്തവർവരെയുള്ളവരിലൂടെ പ്രകാശിക്കുന്ന ക്രിസ്തുവിന്റെ വെളിച്ചം ഈ സമ്മേളനത്തിൽ തെളിഞ്ഞുനിന്നു. "ക്രിസ്തുവിലൂടെ സ്വയം വെളിപ്പെടുത്തുകയും നൽകുകയും ചെയ്യുന്ന ദൈവത്തിന്റെ സദ്‌വാർത്ത ശ്രവിക്കുവാൻ ഓരോ മനുഷ്യനും അവകാശമുണ്ട്" എന്ന ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ വാക്കുകൾ ഈ സമ്മേളനത്തിൽ മുഴങ്ങിക്കേട്ടു. ജീവകാരുണ്യ പ്രവർത്തനങ്ങൾ, വികസനപ്രവർത്തനങ്ങൾ, വിവിധമതങ്ങളും സഭകളും തമ്മിലുള്ള ഡയലോഗ് എന്നിവയിലൂടെ ക്രൈസ്തവർ കൂടുതൽ തീക്ഷ്ണമായി ഈ ലോകത്തിൽ പ്രകാശിക്കുവാൻ ആഹ്വാനം ചെയ്യുന്നതായിരുന്നു ഈ സമ്മേളനം.

സ്വന്തം ജീവൻ കൊണ്ട് വചനം പ്രഘോഷിച്ച ഈശോയുടെ സാക്ഷികളായി മാറാൻ ഏവരേയും ആഹ്വാനം ചെയ്ത ഈ കോൺഗ്രസ് സുവിശേഷവത്കരണത്തിൽ ഏവരുടെയും പ്രത്യേകിച്ച് അമ്മായരുടേയും, അതിലും പ്രത്യേകിച്ച് സ്ത്രീകളുടേയും യുവജനങ്ങളുടേയും സ്ഥാനം പ്രത്യേകം അനുസ്മരിപ്പിച്ചു. സാന്നിദ്ധ്യം സഹകരണം, സഭയോടുള്ള ദൃഢബന്ധം എന്നിവയിലൂടെ ഈ സാക്ഷ്യം പ്രകടമാക്കാൻ ഓരോ ക്രൈസ്തവനും കഴിയണം. ഇത് കുടുംബത്തിൽ ആരംഭിച്ച് സമൂഹത്തിൽ മുഴുവൻ പ്രതിഫലിക്കണം.

ഇന്നിന്റെ വലിയ പ്രലോഭനങ്ങളായ അഴിമതിയെ സത്യസന്ധതകൊണ്ടും, ഉപഭോഗതൃഷ്ണയെ ലാളിത്യവും എളിയവയിൽ സംതൃപ്തി കണ്ടെത്തുന്ന മനോഭാവം കൊണ്ടും ലൈംഗീക ആസക്തി ഉളവാക്കുന്നവയെ നിഖിലസ്നേഹം കൊണ്ടും കീഴടക്കാൻ ക്രൈസ്തവസംസ്കാരം നമ്മെ സഹായിക്കണം. യേശുവിനെ പ്രഘോഷിക്കാത്ത പ്രേഷിതപ്രവർത്തനം ഒരിക്കലും പ്രേഷിതപ്രവർത്തനമാകില്ലെന്നുള്ള ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായുടെ വാക്കുകൾ സ്മരിച്ചുകൊണ്ട് ക്രിസ്തുവിനെ പ്രസംഗിക്കാത്ത ക്രിസ്ത്യാനി, ക്രിസ്ത്യാനിയേ അല്ല എന്ന സന്ദേശമാണ് കോൺഗ്രസ്സിൽ പ്രതിധ്വനിച്ചത്. മാധ്യമങ്ങളുടെ ശരിയായ ഉപയോഗത്തിലൂടെ സദ്വാർത്ത സകലരിലും എത്തിക്കാൻ ഭാരതസഭ പ്രതിജ്ഞാബദ്ധയാണ്. ഇതരമതങ്ങളെ മാനിച്ചുകൊണ്ടും അവയിലെ ദൈവവചനത്തിന്റെ വിത്തുകൾ തിരിച്ചറിഞ്ഞുകൊണ്ടും ദൈവവചനത്തിന് അവരുടെ ഇടയിൽ അവതരിക്കാൻ അവസരം ഒരുക്കണം. "സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ എനിക്ക് ദുരിതം," എന്ന

വിശുദ്ധപൗലോസിന്റെ മനോഭാവം സ്വന്തമാക്കാൻ ഓരോ ക്രൈസ്തവനും കഴിയണമെന്ന തീവ്രമായ ആഗ്രഹമാണ് കോൺഗ്രസ്സിന്റെ പ്രധാന സന്ദേശം.

ഇന്ത്യയിലെ വിവിധപ്രദേശങ്ങളിൽ രൂപംകൊണ്ട് വളർന്നുവന്ന പ്രാദേശിക സഭകളുടെ ചരിത്രവും ആദ്ധ്യാത്മികതയും മനോഹരമായി അവതരിപ്പിക്കുകയും, മൂന്നു റീത്തുകൾക്കും അർഹിക്കുന്ന പ്രാധാന്യം നൽകി ആരാധനാക്രമം ആവിഷ്കരിക്കുകയും പ്രാർത്ഥനയും പ്രബോധനങ്ങളും ഇതരക്രമീകരണങ്ങളുംവഴി ആത്മീയ ചൈതന്യം പ്രധാനം ചെയ്യുകയും ചെയ്ത ഈ മിഷൻകോൺഗ്രസ്സ് വലിയ ഒരു ദൈവാനുഭവമായിരുന്നു. ഇതിന്റെ പ്രതിഫലനം ഭാരതസഭയിലുടനീളം ദൈവാത്മാവ് ഉളവാക്കാതിരിക്കില്ല.

## New Address

1) Rev.do.Don Siby Cheruthottil
   Via Roma 150, Vidigulfo
   27018 Pavia, Italy
   Ph: No. 00390302078950
   Mob: 00393495986539
   Email: sibycheruthottil@gmail.com,
   sibycheruthottil@yahoo.com

2) Rev. Fr. Binu Vadakkel
   John Paul II Insitute CANA
   Thuruthy P.O., Changanassery
   Kottayam 686535
   Mob: 9446254079

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

മാനന്തവാടി രൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2009 സെപ്റ്റംബർ 26-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. രാവിലെ 10 മണിക്ക് സി. ക്രിസ്റ്റീന എസ്.കെ.ഡി. നയിച്ച പ്രാർത്ഥന യോടെ യോഗം ആരംഭിച്ചു. രൂപതാ വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. വൈദിക വർഷം പ്രമാ ണിച്ച് രൂപതയിൽ നടക്കുന്ന പരിപാടികളെക്കുറിച്ച് അച്ചൻ സ്വാഗത പ്രസംഗത്തിൽ സൂചിപ്പിച്ചു. കേരളത്തിലെ ഇന്നത്തെ പ്രത്യേക സാഹ ചര്യത്തിൽ - ദൈവസ്നേഹമില്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യ ത്തിൽ - ദൈവസ്നേഹം വളർത്തുവാനും പുതിയൊരു സംസ്കാര ത്തിനു രൂപം നൽകുവാനും വൈദികരും അത്മായരും ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നും അച്ചൻ ആഹ്വാനം ചെയ്തു. തുടർന്ന് സീറോ മലബാർ അത്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ 'അത്മായരുടെ വിളിയും ദൗത്യവും' എന്ന വിഷയത്തെക്കുറിച്ച് സംസാ രിച്ചു. ദൈവം സൃഷ്ടിച്ച ഈ ലോകത്തിലെ കാര്യങ്ങളെല്ലാം ക്രൈസ്ത വരെന്ന നിലയിൽ ദൈവേഷ്ടമനുസരിച്ച് ചെയ്യുകയും തങ്ങളുടെയും മറ്റുള്ളവരുടെയും വിശുദ്ധീകരണത്തിനായി പ്രവർത്തിക്കുകയും ചെയ്യു ന്നവരാണ് അത്മായരെന്ന് അദ്ദേഹം വ്യക്തമാക്കി. കൂടാതെ, നമ്മുടെ സഭയെക്കുറിച്ച് നാം അഭിമാനിക്കണമെന്നും അകലെ നിന്നുകൊണ്ട് അഭിപ്രായം പറയാതെ അടുത്തു നിന്ന് സഭയെ മനസ്സിലാക്കുവാനും പഠിക്കുവാനുമാണ് ശ്രമിക്കേണ്ടതെന്നും അത്മായരുടെ സാന്നിധ്യവും പ്രവർത്തനവും സഭയുടെ എല്ലാ മേഖലകളിലേയ്ക്കും വ്യാപിപ്പിക്ക ണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. തുടർന്ന് അംഗങ്ങളുടെ സംശ യങ്ങൾക്ക് മറുപടി നൽകി. ശ്രീ. സജി കപ്യാരുമലയിൽ അഡ്വ. വി. സി. സെബാസ്റ്റ്യന് എല്ലാവരുടെയും പേരിൽ നന്ദി അറിയിച്ചു.

ക്ലാസിനുശേഷം വൈദീക വർഷത്തോടനുബന്ധിച്ച് സഭയും ദൈവജനവും വൈദീകരിൽ നിന്ന് എന്തു പ്രതീക്ഷിക്കുന്നു എന്ന വിഷ യത്തെ ആസ്പദമാക്കി ചില വിചിന്തനങ്ങൾ അവതരിപ്പിക്കപ്പെട്ടു. 'യുവ

ജനങ്ങൾ വൈദീകരിൽ നിന്ന് എന്തു പ്രതീക്ഷിക്കുന്നു' എന്ന വിഷയം ശ്രീ. ജോസ് പള്ളത്തും, 'സ്ത്രീ സമൂഹം വൈദികരിൽ നിന്ന് എന്തു പ്രതീക്ഷിക്കുന്നു' എന്ന വിഷയം ശ്രീമതി അന്നക്കുട്ടി ഉണ്ണിക്കുന്നേലും, 'ദൈവജനം പൊതുവിൽ വൈദീകരിൽ നിന്ന് എന്തു പ്രതീക്ഷിക്കുന്നു' എന്ന വിഷയം ശ്രീ. എൻ.യു. ജോണും അവതരിപ്പിച്ചു.

തുടർന്ന് നടന്ന സജീവമായ ചർച്ചയിൽ ധാരാളം പേർ സംസാരിച്ചു. കുടിയേറ്റ വൈദീകർ ചെയ്ത വലിയ നന്മകളും കുടിയേറ്റ സമൂഹത്തിനായി ചെയ്ത വലിയ വലിയ കാര്യങ്ങളും സമൂഹത്തിനു ബോധ്യമാക്കിക്കൊടുക്കണമെന്നും, രൂപതയുടെ കോർപറേറ്റ് സ്കൂളുകളിൽ പഠിച്ച് വൈദികരായവരെ ആ വിദ്യാലയങ്ങളിൽ വിളിച്ച് ആദരിക്കണമെന്നും യോഗത്തിൽ അഭിപ്രായമുണ്ടായി. തുടർന്ന് ലഹരിവിരുദ്ധ പ്രസ്ഥാനങ്ങളെക്കുറിച്ച് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ സംസാരിച്ചു. ഒരു മദ്യപന്റെ കുടുംബത്തെയെങ്കിലും രക്ഷിക്കുവാൻ ഈ വൈദിക വർഷത്തിൽ ഓരോ വൈദികനും മുൻകൈയെടുക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. തുടർന്ന് നടന്ന ചർച്ചയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ എല്ലാവരുടെയും സഹകരണമുണ്ടാകണമെന്നും ആത്മീയ ഉണർവ്വിൽകൂടി ലഹരിയിൽ നിന്നും വ്യക്തികളെ രക്ഷിക്കുവാൻ ശ്രമമുണ്ടാകണമെന്നും അഭിപ്രായമുണ്ടായി.

ഗൂഡല്ലൂർ ഭൂമി പ്രശ്നത്തിൽ രൂപത ആവശ്യമായ ഇടപെടലുകൾ നടത്തണമെന്ന് ഒരംഗം ആവശ്യപ്പെട്ടു. ഇപ്പോഴത്തെ അവിടുത്തെ അവസ്ഥയെക്കുറിച്ച് ബഹു. ജോർജ് പടിഞ്ഞാറയിലച്ചൻ വളരെ ചുരുക്കമായി യോഗത്തെ അറിയിച്ചു. കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ - യിലേയ്ക്ക് ശ്രീ. ജോൺസൺ തൊഴുത്തുങ്കലും, ഡോ. വത്സല സ്കറിയായും രൂപതയുടെ പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടു. രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി ശ്രീ. തോമസ് ഏറണാട്ടിനെ തിരഞ്ഞെടുത്തു. 2010 ഓഗസ്റ്റിൽ നടക്കുന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്ന വിഷയങ്ങൾ കഴിവതും വേഗം രൂപതാ കേന്ദ്രത്തെ അറിയിക്കണമെന്ന് അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു.

തുടർന്ന് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് സമാപന സന്ദേശം നൽകി. രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിന്റെ

അഭിപ്രായങ്ങൾ പ്രധാനപ്പെട്ടതാണെന്നും രൂപതയുടെ പ്രവർത്തനശൈലിയെ അവ സ്വാധീനിക്കുമെന്നും പിതാവ് സൂചിപ്പിച്ചു. വൈദീക വർഷത്തിൽ ഇപ്പോഴുള്ള വൈദീകരെക്കുറിച്ചു മാത്രമല്ല വരാനിരിക്കുന്ന വൈദീകരെക്കുറിച്ചും - അതായത് വൈദീക പരിശീലനത്തിനുവേണ്ടി രൂപത കണ്ടുപിടിക്കേണ്ട ഭാരിച്ച സാമ്പത്തിക ബാധ്യതകളെക്കുറിച്ചും സൂചിപ്പിച്ചു. നല്ല കുട്ടികളാണ് സെമിനാരിയിൽ വരുന്നതെന്ന് നാം ഉറപ്പുവരുത്തണമെന്നും അതിനായി ദൈവവിളി പ്രോത്സാഹനം എല്ലാവരുടെയും ഭാഗത്തുനിന്നും ഉണ്ടാകണമെന്നും അത്മായർക്കും സമർപ്പിതർക്കും വൈദികർക്കുമൊക്കെയുള്ള ഇടയദൗത്യത്തിന്റെ ഭാഗമാണിതെന്നും പിതാവ് പറഞ്ഞു. റേഡിയോ മാറ്റൊലിയിൽ പരിപാടി അവതരിപ്പിക്കാൻ പിതാവ് എല്ലാവരേയും ക്ഷണിച്ചു. നമുക്ക് ഒറ്റക്കെട്ടായി മുന്നേറാൻ എല്ലാവരുടേയും കഴിവുകൾ പ്രയോജനപ്പെടുത്തണമെന്നും സഹകരണം ഉറപ്പുവരുത്തണമെന്നുമുള്ള ആഹ്വാനത്തോടെ പിതാവിന്റെ സന്ദേശം സമാപിച്ചു. ശ്രീ. സാം മാത്യു എല്ലാവർക്കും നന്ദി അറിയിച്ചു. രൂപതാഗാനത്തോടെ 2.15 ന് യോഗം അവസാനിച്ചു.

ചാൻസലർ

## Young Priests' Course-Report

To mark the Year for Priests, a Course for Young Priests - usually conducted at Pastoral Centre, Dwaraka - was held at National Vocation Service Centre, Pune from 6th to 10th of October 2009. The theme of the course was "Psycho-Spiritual Integration for Effective Pastoral Leadership". NVSC Director Rev. Fr. Joe Mathias, S.J. Asst. Director Rev. Fr. Walter Saldanha, Staff member Sr. Lilly Fernandes IMP were the resourse persons. 19 Young Priests along with Bishop Jose Porunnedom and Chancellor Fr. Joseph Paruvummel attended the Course. I thankfully remember the staff of NVSC, our fathers pursuing higher studies in Pune and all those who have assisted us in various ways and degrees to make the Young Priests' Course a great success.

**Fr. Joseph Paruvummel**
Chancellor

# മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

അഭിവന്ദ്യ വർക്കി പിതാവിന്റെ സർക്കുലറിൽ അറിയിച്ചിരുന്നതുപോലെ സീറോ മലബാർ സഭയിലെ മൂന്നാമത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 2010 ഓഗസ്റ്റ് 20–22 തീയതികളിൽ ചേരുന്നതാണ്. അസംബ്ലിയിൽ ചർച്ച ചെയ്യണമെന്ന് ആഗ്രഹിക്കുന്ന വിഷയങ്ങൾ എഴുതി അറിയിച്ചാൽ അവ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് അയച്ചു കൊടുക്കുന്നതായിരിക്കും. അസംബ്ലിയിൽ ചർച്ച ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്ന വിഷയം നവംബർ 20–ാം തീയതിയെങ്കിലും കിട്ടത്തക്കവിധം താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

Fr. Joseph Paruvummel
Chancellor, Bishop's House,
P.B. No.1, Mananthavady
Wayanad - 670 645

ചാൻസലർ

# അറിയിപ്പ്

മാമ്മോദീസ രജിസ്റ്റർ (Baptism Register) ഇംഗ്ലീഷിൽ തയ്യാറാക്കിയിരിക്കുന്നു. കോപ്പികൾ ബിഷപ്സ് ഹൗസിൽ ലഭ്യമാണ്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ



# റീജിയണൽ വാർത്തകൾ

## എൻ. ആർ. പുര റീജിയൺ

### റീജിയണൽ മീറ്റിംഗ്

27-8-09 ന് റീജിയണിൽ സേവനം ചെയ്യുന്ന ബഹു. വൈദീകരുടേയും സിസ്റ്റേഴ്സിന്റേയും മീറ്റിംഗ് നടത്തി. പ്രാർത്ഥനാ നിമന്ത്രണങ്ങളോടെ ദിവ്യകാരുണ്യ സന്നിധിയിൽ ഒന്നുചേർന്ന് റീജിയണൽ ഡയറക്ടർ റവ.ഫാ. അഗസ്റ്റ്യൻ ആമ്പശേരിയുടെ നാമഹേതുകദിനം അനുസ്മരിച്ച് അച്ചനുവേണ്ടി പ്രാർത്ഥിക്കുകയും റീജിയന്റെ ഓരോ ചുവടുവെയ്പിലേക്കും അച്ചനിലൂടെ വർഷിക്കപ്പെട്ട ദൈവകൃപകൾ അനുസ്മരിച്ച് അവിടുത്തേക്ക് ആരാധനാസ്തുതികൾ അർപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന മീറ്റിംഗിൽ ബഹു. അഗസ്റ്റ്യനച്ചന് എല്ലാവരും ചേർന്ന് നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ ഹൃദയപൂർവ്വം ആശംസിച്ചു. റീജിയന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഭാവിപ്രവർത്തനങ്ങളേപ്പറ്റി പുതിയ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

### സെപ്റ്റംബർ 8

പരി. അമ്മയുടെ ജന്മദിനമായ സെപ്റ്റംബർ 8 റീജിയണിലെ എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിച്ചു. പരി. അമ്മവഴി ദൈവം തങ്ങളുടെ ജീവിതത്തിലേയ്ക്ക് വർഷിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനും മാതൃസന്നിധിയിൽ നിന്ന് ധാരാളം അനുഗ്രഹങ്ങൾ പ്രാപിക്കാനും തദവസരം ദൈവജനം ആവേശപൂർവ്വം ഭക്ത്യാദരങ്ങളോടെ ഒന്നുചേർന്നു.

### ഇടവകദിനം, ഓണാഘോഷം

മലയാളിമനസ്സിൽ സമൃദ്ധിയുടേയും സാഹോദര്യത്തിന്റേയും സന്തോഷത്തിന്റേയും അലയൊലികൾ ഉണർത്തുന്ന ഓണക്കാല പരി

ശുദ്ധിയുടെ നല്ല ദിനങ്ങൾ കർണ്ണാടകയിലെ ഈ കൊച്ചുകേരളത്തിലും എത്തിനോക്കാതിരുന്നില്ല. ഇടവക ജനങ്ങളുടെ ഐക്യവും സ്നേഹവും പങ്കുവെക്കുന്നതിനായി സെപ്തംബർ മാസത്തിലെ ഒരു ദിവസം എല്ലാ ഇടവകയിലും ഇടവക ദിനമായി ആചരിച്ചു. പ്രസ്തുത ദിനം ഓണാഘോഷത്തോടനുബന്ധിച്ച് നടത്തിയ രസകരങ്ങളായ മത്സരങ്ങളും മറ്റും ഈ ദിവസത്തെ അവിസ്മരണീയമാക്കി.

## Grant in Aid ലഭിച്ചു

ഏറെ നാളത്തെ പ്രയത്നത്തിന്റേയും പ്രതീക്ഷയുടേയും ഫലമായി മൗണ്ട് കാർമ്മൽ സ്കൂൾ (എൻ.ആർ.പുര) സെന്റ് ബർക്കുമാൻസ് ഹൈസ്കൂൾ (ഷെട്ടിക്കൊപ്പ) എന്നീ സ്കൂളുകൾക്ക് Grant in Aid ലഭിച്ചു. ദൈവത്തിന് നന്ദി പറയുന്നതോടൊപ്പം ഇതിനുവേണ്ടി അക്ഷീണം യത്നിച്ചവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

## മതബോധനം

റീജിയണിലെ 10, 11, 12 ക്ലാസുകളിൽ പഠിപ്പിക്കുന്ന മതബോധന അധ്യാപകർക്ക് Enrichment Course സംഘടിപ്പിച്ചു. റവ.ഫാ. തോമസ് അറയ്ക്കൽ, റവ.സി. ഉഷ സി.എം.സി. എന്നിവർ ക്ലാസെടുത്തു.

12-9-2009 ന് റീജിയണിലെ എല്ലാ മതാധ്യാപകർക്കും അർദ്ധദിന സെമിനാർ - 'കൊയ്നോനിയ' എന്നപേരിൽ നടത്തി. റീജിയണിലെ എല്ലാ അധ്യാപകരും പങ്കെടുത്തു. പ്രസ്തുത അധ്യാപകദിനാചരണം ഏവർക്കും ഹൃദ്യമായിരുന്നു.

## മാതൃസംഘം

5-9-2009 ന് അമ്മമാർക്കായി ഓണാഘോഷത്തോടനുബന്ധിച്ച് ഓണപ്പാട്ട് മത്സരവും, ബൈബിൾക്വിസ് മത്സരവും നടത്തി. അന്നേദിനം മാതൃസംഘടനയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു.

**സി. സോണിയ ടോം പള്ളിയ്ക്കൽ S.H.**

## മതബോധനരംഗം

### വിശ്വാസ പരിശീലനം - സിനഡിന്റെ കാഴ്ചപ്പാട്

സീറോമലബാർ സഭയുടെ സിനഡിൽ വിശ്വാസപരിശീലനത്തെ പറ്റിയുള്ള ചർച്ചയുടെ പശ്ചാത്തലത്തിൽ നമ്മുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവ് എഴുതിയ സർക്കുലറിൽ വിശ്വാസപരിശീലനത്തെപ്പറ്റി എഴുതിയിരിക്കുന്ന ഭാഗം ഏറെ ശ്രദ്ധേയമാണ്. "വിശ്വാസത്തിൽ ഉറച്ചു നിൽക്കാനും അതിന് സാക്ഷ്യം വഹിക്കാനും കുട്ടികൾക്ക് ബോധ്യവും പ്രചോദനവും നൽകാൻ വിശ്വാസ പരിശീലനത്തിലൂടെ സാധിക്കണം. അതിന് സഹായിക്കുന്ന പുതിയ പ്രബോധന രീതികൾ ഉപയോഗപ്പെടുത്തണം. കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ മാതാപിതാക്കളുടെ ശ്രദ്ധയും താത്പര്യവും അനിവാര്യമാണ്. ഇന്നത്തെ മാധ്യമങ്ങളുടെ ദു:സ്വാധീനത്തിന് കുട്ടികൾ വഴിപ്പെടാതിരിക്കാൻ അവരെ സജ്ജരാക്കേണ്ടതുണ്ട്. വിശ്വാസപരിശീലനം ആരാധനാക്രമാധിഷ്ഠിതവും പ്രാർത്ഥനാനുഭവത്തിൽ വളർത്തുന്നതുമാകണം. സഭാചരിത്രപഠനവും പ്രാധാന്യം അർഹിക്കുന്നു. സൺഡേ സ്കൂൾ മതബോധനത്തിന് ശേഷവും വിശ്വാസപരിശീലനം തുടരേണ്ടതും യുവജനങ്ങൾക്കും മുതിർന്നവർക്കും യഥോചിതം അത് നൽകേണ്ടതുമാണ്. മതാധ്യാപകർക്ക് ഏറ്റവും മെച്ചപ്പെട്ട പരിശീലനം ആവശ്യമാണ്. കുടുംബമതബോധനവും ശിശുക്കൾക്ക് കുടുംബാന്തരീക്ഷത്തിൽ ലഭിക്കേണ്ട വിശ്വാസപരിശീലനവും വളരെയേറെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു...."

സിനഡിന്റെ ഉൾക്കാഴ്ചയിൽ നമ്മുടെ രൂപതയിലെ വിശ്വാസപരിശീലനം കൂടുതൽ ഉണർവ്വുള്ളതാക്കാൻ മാർഗ്ഗനിർദേശം തരുന്നു. നമ്മുടെ രൂപതയിൽ മേൽപറഞ്ഞ രീതിയിലും, മേൽപറഞ്ഞ വിഭാഗങ്ങൾക്കും വിശ്വാസപരിശീലനം ലഭിക്കുന്നതിനായി ക്രമീകരിച്ചിരിക്കുന്ന പ്രീപ്രൈമറി കാറ്റക്കേസിസ് (PPC) 12-ാം ക്ലാസ് കഴിഞ്ഞവർക്കുള്ള മൂന്നുവർഷത്തെ ഡിപ്ലോമാകോഴ്സ് (DCC), അധ്യാപകർക്കുള്ള രണ്ട്

വർഷത്തെ ഡിപ്ലോമ കോഴ്സ് (HDC) ... തുടങ്ങിയ കോഴ്സുകളിലൂടെ സിനഡിൽ ചർച്ചചെയ്ത വിഷയങ്ങളാണ് നമ്മൾ കൈകാര്യം ചെയ്യുന്നത്. അതിനാൽ ഇവയുടെ പ്രാധാന്യം ഉൾകൊണ്ട് നമ്മുടെ വിശ്വാസ പരിശീലനരംഗം കൂടുതൽ ഫലവത്താകാൻ എല്ലാവരുടെയും സഹകരണം ഉണ്ടാവണം.

### നവംമ്പർ 15 – കുട്ടികളുടെ ദിനം

വിശ്വാസപരിശീലനത്തിലൂടെ ദൈവതിരുമുമ്പിലും മനുഷ്യരുടെ ഇടയിലും സ്വീകാര്യരാകുവാൻ കുട്ടികളെ നാം പ്രാപ്തരാക്കുകയാണല്ലോ. കൂദാശാബന്ധിതവും, വചനാധിഷ്ഠിതവുമായ ജീവിതത്തിലൂടെയാണ് അത് സാധിക്കുന്നത്. വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുഞ്ഞുങ്ങളെ പ്രത്യേകമായി ദൈവാനുഗ്രഹത്തിനായി ഈ ദിനം സമർപ്പിക്കാം. കുട്ടികൾക്ക് ഈ ദിവസത്തിന്റെ എല്ലാ ആശംസകളും പ്രാർത്ഥനകളും.

### അർദ്ധവാർഷിക പരീക്ഷ

ഈ അധ്യയനവർഷത്തെ അർദ്ധവാർഷിക പരീക്ഷ ഡിസംബർ 13-ാം തീയതിയാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. കഴിഞ്ഞ പരീക്ഷയ്ക്ക് വന്ന കുറവുകൾ പരിഹരിക്കാൻ ശ്രദ്ധിക്കുമല്ലോ.

### വിശ്വാസോത്സവം

എല്ലാ വർഷവും നമ്മൾ നടത്താറുള്ള വിശ്വാസോത്സവം ഈ വർഷവും മതബോധന കലണ്ടറിൽ പറഞ്ഞിരിക്കുന്നതുപോലെ ക്രമീകരിക്കുമല്ലോ. എന്നാൽ XI, XII ക്ലാസുകാർക്ക് മാത്രം ഡിസംബറിൽ ഓരോ ഇടവകയ്ക്കും സൗകര്യപ്രദമായ തീയതികളിൽ (ക്രിസ്തുമസിനോടനുബന്ധിച്ചായിരിക്കും ഉത്തമം) നടത്തി അതിന്റെ റിപ്പോർട്ട് രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. അവർക്കായി കഴിഞ്ഞ വർഷത്തേതുപോലെ വിശ്വാസോത്സവത്തെ സംബന്ധിക്കുന്ന ഒരു രൂപരേഖ അർദ്ധവാർഷിക പരീക്ഷയുടെ ചോദ്യപേപ്പറിന്റെ പായ്ക്കറ്റിൽ വയ്ക്കുന്നതാണ്.

### DCC കുട്ടികളുടെ സംഗമം

DCC കോഴ്സിൽ സംബന്ധിക്കുന്ന മൂന്നു വർഷത്തേയും പഠിതാക്കളുടെ സംഗമം ഡിസംബർ അവധിക്കാലത്ത് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തുന്നതാണ്. തീയതി പിന്നീട് അറിയിക്കുന്നതാണ്.

### MIRACLE

പുതിയിടംകുന്ന് ഇടവകയിൽ MIRACLE സംഘടിപ്പിച്ച ബഹു. വികാരിയച്ചന് നന്ദി. ക്ലാസുകൾ നയിച്ച തിരുഹൃദയ സഹോദരിമാർക്കും പ്രത്യേകം നന്ദി.

**അധ്യാപക കൺവെൻഷൻ**

വിശ്വാസപരിശീലന രംഗത്ത് പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിന്റെ രൂപതാ കൺവെൻഷൻ സെപ്റ്റംബർ 4, സെപ്റ്റംബർ 28, ഒക്ടോബർ 2, എന്നീ തീയതികളിൽ യഥാക്രമം ദ്വാരക പാസ്റ്ററൽ സെന്റർ, മണിമൂളി പാസ്റ്ററൽ സെന്റർ, ദ്വാരക പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു. കൺവെൻഷനിൽ ഫാ. പ്രിൻസ് ചെറുവള്ളിൽ (Prof. ഭാരത് മാതാ കോളേജ്, എറണാകുളം), മി. ജോസ് ആന്റണി (Prof. സംസ്കൃത സർവ്വകലാശാല കാലടി), മി. ജോയി ഗോതുരുത്ത് (സംസ്ഥാന വൈസ് പ്രസിഡന്റ് KLM) മി. തോമസ് ഏറണാട്ട് (സെക്രട്ടറി, മതബോധനം), ഫാ. ബെന്നി മുതിരക്കാലായിൽ (രൂപതാ മതബോധന ഡയറക്ടർ) എന്നിവർ ക്ലാസുകൾ നയിച്ചു. വിശ്വാസപരിശീലനത്തിൽ സന്യസ്തരുടെ പങ്ക്, 'സമർപ്പിതജീവിതം' എന്ന ചാക്രിക ലേഖനത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം നടത്തി. ചർച്ചകളിലൂടെയും, ക്ലാസുകളിലൂടെയും, നിലവിലുള്ള ജീവിതസാഹചര്യങ്ങളിൽ വിശ്വാസ കൈമാറ്റത്തിന്റെ ആവശ്യകത എത്രമാത്രമാണെന്നും, അതിൽ സന്യസ്തർ എപ്രകാരം തീവ്രതയോടെ പ്രവർത്തിക്കണമെന്നും കൺവെൻഷനിലൂടെ വ്യക്തമായി.

ഇടവകയിലെ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ടുനയിക്കുകയും ഉത്തരവാദിത്വത്തോടും, സമർപ്പണമനോഭാവത്തോടുകൂടി വിശ്വാസജീവിത പരിശീലനത്തിൽ പങ്കെടുക്കുകയും ചെയ്യുന്ന എല്ലാ സിസ്റ്റേഴ്സിനും കൺവെൻഷനിൽ പങ്കുചേർന്നതിനും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. ഇടവകയിൽ നിന്നും അവരെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി. കൺവെൻഷന് എല്ലാ ക്രമീകരണങ്ങളും ചെയ്ത രൂപതാ ടീം അംഗങ്ങൾക്കും നിസ്സീമമായ നന്ദി അറിയിക്കട്ടെ.

കൺവെൻഷൻ ദിവസങ്ങളിൽ സാന്നിദ്ധ്യംകൊണ്ടും സന്ദേശം കൊണ്ടും, പ്രചോദനം നൽകിയ അഭിവന്ദ്യ പിതാവിനും, ബഹു. ജനറാളച്ചനും, ബഹു. ജോസ് തേക്കനാടിയച്ചനും, ബഹു. സെബാസ്റ്റ്യൻ ചേമ്പാലയച്ചനും, ബഹു. സെബാസ്റ്റ്യൻ പാറയിലച്ചനും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

**ഫൊറോനാവാർത്തകൾ**

കൊട്ടിയൂർ മേഖലാ മതാധ്യാപകരുടെ സംഗമം 28-9-09 ന് തിങ്കളാഴ്ച രാവിലെ 9 മണിക്ക് ചുങ്കക്കുന്ന് ഫൊറോനാ ദേവാലയത്തിൽ വച്ച് നടത്തി. മേഖലാ സെക്രട്ടറി ജിൽസ് എം. മേയ്ക്കൽ സെമിനാർ ഉൽഘാടനം ചെയ്തു. തലശ്ശേരി അതിരൂപതാ മതബോധന കോഡിനേറ്റർ ശ്രീ. ജോബി മൂലയിൽ 'മതബോധന രംഗം നേരിടുന്ന പ്രതിസന്ധികൾ' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു.

മാനന്തവാടി രൂപതാ പ്രൊക്കുറേറ്റർ റവ.ഫാ. ഗർവാസീസ് മറ്റം മുഖ്യകാർമ്മികനായി മേഖലയിലെ 10 വൈദീകർ ചേർന്ന് ദിവ്യബലി അർപ്പിച്ചു.

തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ വൈദീക വർഷാചരണത്തിന്റെ ഭാഗമായി മേഖലയിലെ 12 വൈദീകരെയും മതബോധന രംഗത്തു 15 വർഷം സേവനം പൂർത്തിയാക്കിയ അധ്യാപകരെയും ആദരിച്ച് പാരിതോഷികങ്ങൾ നൽകി. ഫൊറോനാ വികാരി ബഹു. തോമസ് ചേറ്റാനിയച്ചൻ അധ്യക്ഷത വഹിച്ച യോഗത്തിൽ മേഖലാ ഡയറക്ടർ റവ.ഫാ. ജോസ് വടയാപറമ്പിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. ബഹുമാനപ്പെട്ട ഡെന്നീസ് പൂവ്വത്തിങ്കലച്ചൻ, ബാബു താന്നിപ്പള്ളി, തങ്കച്ചൻ കല്ലടയിൽ, ആലീസ് പാദ്യക്കാരൻ, ജോൺ മഞ്ചുവള്ളി എന്നിവർ ആശംസകളർപ്പിച്ചു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ സമാപന സന്ദേശത്തോടെ അവസാനിച്ച അധ്യാപക സംഗമത്തിൽ 150 പേർ പങ്കെടുത്തു.

## വിശ്വാസരാമം - 09

റിപ്പൺ:- റിപ്പൺ സെന്റ് ജോസഫ് ഇടവകയിലെ 7 മുതൽ 12-ാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്കായി വിശ്വാസരാമം - 09 എന്ന പേരിൽ ത്രിദിനക്യാമ്പ് സംഘടിപ്പിച്ചു. സെപ്റ്റംബർ 26-ന് വൈകുന്നേരം ആരംഭിച്ച് 28-ന് അവസാനിച്ച ക്യാമ്പ് ഇടവക വികാരി റവ. ഫാ. വിൻസെന്റ് പുതുശ്ശേരി ഉദ്ഘാടനം ചെയ്തു. സി. ഇമ്മാനുവേൽ അദ്ധ്യക്ഷതവഹിച്ച ഉദ്ഘാടന സമ്മേളനത്തിന് പ്രധാന അധ്യാപകൻ ശ്രീ. ജോസ് പുന്നമറ്റത്തിൽ സ്വാഗതം ആശംസിച്ചു. പി.റ്റി.എ. പ്രസിഡന്റ് സണ്ണി പുന്നമറ്റം, ശ്രീ. മാത്യു കണ്ടേത്ത് എന്നിവർ ആശംസകളർപ്പിച്ചു. വിവിധ വിഷയങ്ങളിൽ ഡോ. ജോൺ, റവ.ഫാ. തോമസ് പൊൻതൊട്ടി, ശ്രീ. ജോൺസൺ കുറ്റിക്കാട്ടിൽ, ശ്രീ. ജോസ് പുന്നമറ്റത്തിൽ എന്നിവർ ക്ലാസുകൾ നയിച്ചു. ശ്രീ. ബിനോയി പാനികുളം ക്യാമ്പ് കോഡിനേറ്ററായിരുന്നു. മികച്ച ക്യാമ്പറായി സൗമ്യ കൂനാനിക്കൽ തിരഞ്ഞെടുക്കപ്പെട്ടു. ക്ലാസുകൾ, പ്രാർത്ഥന, ആരാധന, ഗെയിമുകൾ, വി. ബലി, കുമ്പസാരം തുടങ്ങി എല്ലാ മേഖലകളും ഉൾപ്പെടുത്തിയ ക്യാമ്പിന് ശ്രീ. സാബു, ബിനു, വിവേക്, സിനി, മീന, റെജീന, സി. ജസീന്ത തുടങ്ങിയവർ നേതൃത്വം നൽകി. ക്യാമ്പിന്റെ വിജയത്തിനായി പ്രവർത്തിച്ച വികാരിയച്ചൻ, മതാധ്യാപകർ, മാതാപിതാക്കൾ തുടങ്ങി എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

## ദീപ്തസ്മരണകളുയർത്തിയ കുഞ്ഞേട്ടൻ അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപിക്കുകയും തന്റെ ജീവിത സമർപ്പണത്തിലൂടെ സഭയിൽ പ്രേഷിത പ്രവർത്തനത്തിന്റെ, വ്യക്തിത്വ വികസനത്തിന്റെ പുതിയ വഴിചാലുകൾ തുറന്നിടുകയും സഭാതനയരിൽ ദൈവവിളിയുടെ ശക്തമായ നീരൊഴുക്ക് സൃഷ്ടിച്ചു കൊണ്ട് 21-ാം നൂറ്റാണ്ടിലേക്ക് സഭയേയും സംഘടനയേയും നയിച്ച് നമുക്ക് ഏവർക്കും വഴികാട്ടിയുമായിരുന്ന സ്ഥാപകനേതാവ് പി.സി. അബ്രഹാം പല്ലാട്ടുകുന്നേലിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത സംഘടിപ്പിച്ച കുർബാനയും, അനുസ്മരണയോഗവും ദ്വാരക വി. അൽഫോൻസ ദേവാലയത്തിൽ നടന്നു. കുഞ്ഞേട്ടന്റെ ആത്മശാന്തിക്കായി നടന്ന ദിവ്യബലിയിൽ രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, പയ്യമ്പള്ളി മേഖലാ ഡയറക്ടർ റവ.ഫാ. സണ്ണി മഠത്തിൽ തുടങ്ങിയവർ കാർമ്മികരായിരുന്നു.

വി.കുർബാനയ്ക്കുശേഷം രൂപത പ്രസിഡന്റ് ശ്രീ. ജോൺസൺ ചിറായിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അനുസ്മരണയോഗത്തിൽ കുഞ്ഞേട്ടനോട് ഒന്നിച്ചുള്ള സംഘടനാ പ്രവർത്തനത്തിന്റെ, മിഷൻലീഗിനുവേണ്ടിയുള്ള കുഞ്ഞേട്ടന്റെ ത്യാഗനിർഭരമായ സേവനത്തിന്റെ ജ്വലിക്കുന്ന സ്മരണകൾ യോഗത്തിൽ സംസാരിച്ചവർ പങ്കിടുകയുണ്ടായി. മിഷൻലീഗ് അന്തർദേശീയ പ്രസിഡന്റ് ശ്രീ. തോമസ് ഏറനാട്ട് അനുസ്മരണയോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി മുൻ രൂപതാ ഡയറക്ടർ റവ.ഫാ. അബ്രാഹം നാടുകുന്നേൽ കുഞ്ഞേട്ടനോടൊത്തുള്ള പ്രവർത്തന അനുഭവം ചടങ്ങിൽ പങ്കിടുകയുണ്ടായി.

കുഞ്ഞേട്ടന്റെ ദീപ്തസ്മരണകളുയർത്തിയ ഫോട്ടോ അനാച്ഛാദനം രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ നിർവ്വ

ഹിച്ചു. വിവിധ ശാഖകളിൽ നിന്നെത്തിയ ശാഖാഭാരവാഹികൾ, രൂപതാഭാരവാഹികൾ, മേഖലാ ഭാരവാഹികൾ, രൂപതാ ടീം അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. രൂപതാസെക്രട്ടറി ശ്രീ. സജി തറപ്പുതൊട്ടിയിൽ അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തവർക്കുള്ള നന്ദി അറിയിച്ചു.

## ശാഖാപ്രവർത്തനങ്ങൾക്ക് ഉണർവ്വും, കരുത്തുമായി ശാഖാ പ്രസിഡന്റ് സെക്രട്ടറിയോഗം

ശാഖാ പ്രവർത്തനങ്ങൾക്ക് ദിശാബോധം ഏകാനും ഉണർവേകാനുമായി നടത്തിയ ഏകദിന പരിശീലനം സെപ്റ്റംബർ 21-ന് ദ്വാരക എ.യു.പി.എസ്. -ൽ നടന്നു. രൂപതാജനറൽ ഓർഗനൈസർ ശ്രീ. തോമസ് കല്ലറക്കൽ ഏകദിന പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. പങ്കെടുത്ത ഭാരവാഹികൾക്ക് രൂപതയുടെ സ്നേഹ ഉപഹാരം ചടങ്ങിൽ നൽകുകയുണ്ടായി. രൂപതാ സെക്രട്ടറി നന്ദി പ്രകാശിപ്പിച്ചു.

## ശാഖാ സെമിനാറുകളുടെ വിലയിരുത്തലുമായി രൂപതാടീം യോഗം

സംഘടനാവർഷത്തോടനുബന്ധിച്ച് ശാഖകളിൽ രൂപതാടീം അംഗങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന മിഷൻ - ശാഖാ സെമിനാറിനെയും, സന്ദർശനത്തെക്കുറിച്ചും വിലയിരുത്തുവാനായി സെപ്റ്റംബർ 21-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ രൂപതാ വൈസ്പ്രസിഡന്റ് കുമാരി ജിസ്ന കറുത്തേടത്തിന്റെ അധ്യക്ഷതയിൽ രൂപതാടീം യോഗം ചേർന്നു. ഓരോ ടീം അംഗങ്ങളും ശാഖകളെക്കുറിച്ചുള്ള നിരീക്ഷണവും വിശകലനവും യോഗത്തിൽ അവതരിപ്പിച്ചു.

## സംഘടനാ പ്രവർത്തനത്തിന്റെ മികവ് കണ്ടെത്താനായി സംസ്ഥാന ഭാരവാഹികൾ

സംസ്ഥാനത്തെ ഏറ്റവും മികച്ച ശാഖ-മേഖല-രൂപതകളെ കണ്ടെത്താനായുള്ള സന്ദർശനത്തിന്റെ ഭാഗമായി സംസ്ഥാന സമിതി ഒക്ടോബർ 2-ന് മാനന്തവാടി രൂപത സന്ദർശിച്ചു. മാനന്തവാടി രൂപതയിലെ ഒലിവുമല ശാഖ, കൽപ്പറ്റമേഖല, മിഷൻലീഗ് രൂപത ഓഫീസ് എന്നിവ സന്ദർശിക്കുകയും പ്രവർത്തന റിക്കാർഡുകൾ പരിശോധിക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തു.

## മേഖലാ പ്രവർത്തന വിലയിരുത്തലുമായി മേഖല പ്രസിഡന്റ് സെക്രട്ടറി യോഗം

മാനന്തവാടി രൂപതയിലെ വിവിധ മേഖലകളുടെ പ്രവർത്തനം

വിലയിരുത്തുവാനും, ഭാവിപ്രവർത്തനങ്ങൾ ക്രമീകരിക്കുവാനുമായി ഒക്ടോബർ 10-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ രൂപത പ്രസിഡന്റ് ശ്രീ. ജോൺസൺ ചിറായിലിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. വിവിധ മേഖലകളുടെ പ്രസിഡന്റ്, സെക്രട്ടറിമാർ യോഗത്തിൽ പങ്കെടുത്തു. മിഷൻലീഗ് രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, ജോ.ഡയറക്ടർ സി. വിജയ എസ്.എ.ബി.എസ്. തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

## മിഷൻലീഗ് സ്മരണിക പ്രകാശനം

വി.പൗലോസ് - പൗരോഹിത്യവർഷത്തോടനുബന്ധിച്ച് മിഷൻലീഗ് മാനന്തവാടി രൂപത തയ്യാറാക്കിയ സ്മരണിക പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ.ഫാ.ഡെന്നീസ് കഴുതാടി രൂപത സെക്രട്ടറിക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. വി. പൗലോസ് -പൗരോഹിത്യവർഷത്തോടനുബന്ധിച്ച് പ്രഗൽഭവ്യക്തികളുടെ ലേഖനങ്ങൾ, ചിന്തകൾ, രൂപതയിലെ മുഴുവൻ വൈദികരെയും ഉൾക്കൊള്ളുന്ന ഫോട്ടോ ആൽബം, മിഷൻലീഗ് സ്ഥാപക നേതാവ് കുഞ്ഞേട്ടനെക്കുറിച്ചുള്ള സ്മരണകൾ തുടങ്ങിയ നിരവധി രചനകൾകൊണ്ട് സമ്പുഷ്ടമാണ് സ്മരണിക. സ്മരണികയുടെ പൂർത്തീകരണത്തിനായി അഹോരാത്രം പ്രയത്നിച്ച വ്യക്തികൾക്കും, സാമ്പത്തിക സഹായം നൽകി സഹായിച്ച സ്ഥാപനങ്ങൾക്കും മിഷൻലീഗ് രൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും സ്നേഹവും അറിയിക്കുന്നു.

## ലോഗോസ് - 2009

ബൈബിൾ പഠനത്തിനും, വിചിന്തനത്തിനുമായി നടത്തുന്ന ലോഗോസ് ബൈബിൾ പരീക്ഷ ഒക്ടോബർ 11-ന് 1.30 മുതൽ 3 മണി വരെ വിവിധ കേന്ദ്രങ്ങളിൽ നടന്നു. ലോഗോസ് പരീക്ഷ വളരെ ഭംഗിയായി ക്രമീകരിക്കുകയും നടത്തുകയും ചെയ്ത എല്ലാ ശാഖാഡയറക്ടേഴ്സിനും, ശാഖാഭാരവാഹികൾക്കും, രൂപതയുടെ ഹൃദ്യമായ നന്ദി അറിയിക്കുന്നു. പങ്കാളികളായ ഏവർക്കും അഭിനന്ദനങ്ങൾ. കുടുംബങ്ങളുടെ എണ്ണമനുസരിച്ച് ലോഗോസിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച മരക്കടവ് ശാഖാ ഡയറക്ടറച്ചനും ശാഖാ ഭാരവാഹികൾക്കും നന്ദിയർപ്പിക്കുന്നു.

## എയ്ഞ്ചൽ മീറ്റ് - 2009

ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം എയ്ഞ്ചൽമീറ്റ് നവംബർ 27-ന് 9.30 മുതൽ 3.00 p.m. വരെ ദ്വാരക പാസ്റ്ററൽ സെന്റ

റിൽ നടക്കും. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾ ഇതിൽ പങ്കെടുക്കേണ്ടതാണ്. പങ്കെടുക്കുന്നവർ ആദ്യകുർബാനയ്ക്ക് ധരിച്ച വെള്ളവസ്ത്രം ധരിച്ച് എത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം രൂപതാ ഓഫീസിൽ നവംബർ 17 നു മുമ്പായി അറിയിക്കുമല്ലോ. പങ്കെടുക്കുന്ന ഒരു കുട്ടിക്ക് 10 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. ശാഖയിൽ നിന്നുള്ള ഈ വർഷം ആദ്യ കുർബാന സ്വീകരിച്ച എല്ലാ കുട്ടികളേയും പങ്കെടുപ്പിക്കുവാനാവശ്യമായ ക്രമീകരണം നടത്തുമല്ലോ.

## ഗ്ലോറിയ വോയ്സ് ടെലിമിഷൻ ക്വിസ്

രൂപതാതലത്തിൽ നടക്കുന്ന ടെലിമിഷൻ ക്വിസ് നവംബർ മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3 p.m. മുതൽ 4 p.m. വരെ നടക്കും. പങ്കെടുക്കുന്നവർ പ്രസ്തുത സമയത്ത് രൂപതാ ഓഫീസിലെ ഫോണിലേയ്ക്ക് വിളിക്കുക, ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയാണ് വേണ്ടത്. ഏറ്റവും കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന വ്യക്തിയാണ് ഒരോ ഞായറാഴ്ചയിലെയും വിജയി. കൂടാതെ ബംബർ സമ്മാനവും ഉണ്ടായിരിക്കുന്നതാണ്.

- വിഷയം : മിഷൻലീഗ് സംഘടന (ചരിത്രം, വിവിധതലങ്ങൾ, നിയമാവലി, വർത്തമാനചരിത്രം)
- സമയം : ഞായറാഴ്ച 3 p.m.- 4 p.m.
- ഫോൺ : 04935-241017
- ഒരു ഞായറാഴ്ച ഒരാൾക്ക് ഒരവസരം മാത്രം
- പ്രായപരിധിയില്ലാതെ ഏതൊരു വ്യക്തിക്കും പങ്കെടുക്കാം
- ഗ്ലോറിയ ടെലിവിഷൻ ക്വിസിനെക്കുറിച്ച് വാർത്താബോർഡിൽ പ്രദർശിപ്പിക്കുകയും, ശാഖകളിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## ആദരാഞ്ജലികൾ

ചെറുപുഷ്പ മിഷൻലീഗ് രൂപതാ ജോയിന്റ് ഡയറക്ടറായി സേവനം ചെയ്ത റവ.സി. ടോംസി FCC യുടെ ആകസ്മികമായ വേർപാടിൽ സി.എം.എൽ. രൂപതാകുടുംബം മുഴുവനും അനുശോചനം രേഖപ്പെടുത്തുകയും സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

## മിഷൻലീഗിന് അഭിമാനമായി ചിത്രഗിരിയിൽ 5 സെന്റ് സ്ഥലം

ചിത്രഗിരിയിൽ കാലവർഷ കെടുതിയിൽ ദുരിതമനുഭവിക്കുന്ന

വരെ സഹായിക്കുവാനായി സി.എം.എൽ. അംഗങ്ങൾ ഉപവാസമനുഷ്ഠിച്ച് സ്വരൂപിച്ച 40000 രൂപ മുടക്കി ഒരു കുടുംബത്തിന് 5 സെന്റ് ഭൂമി വാങ്ങി. തുക രൂപതാഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ശാഖാഡയറക്ടർ റവ.ഫാ. മനോജ് അമ്പലത്തിങ്കലിന് കൈമാറി. ദുരിതാശ്വാസ സഹായനിധിയിലേയ്ക്ക് സംഭാവന നൽകിയ മിഷൻലീഗ് അംഗങ്ങൾക്കും, നേതൃത്വം നൽകിയ ശാഖാഡയറക്ടേഴ്സിനും ഭാരവാഹികൾക്കും നന്ദിയും ദൈവാനുഗ്രഹങ്ങളും നേരുന്നു.

## ഒറീസ സഹായനിധി

ഒറീസയിൽ ദുരിതമനുഭവിച്ചവർക്ക് ഭവനനിർമ്മാണത്തിനായി ദേശീയതലത്തിലേയ്ക്ക് 12500 രൂപ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, അന്തർദേശീയ വൈസ്ഡയറക്ടർ റവ.ഫാ. ബെന്നി മുതിരക്കാലായ്ക്ക് നൽകി.

## SEEM - ക്യാമ്പ് ഉത്ഘാടനം

കുട്ടികൾക്ക് 2 ദിവസം താമസിച്ചിട്ടുള്ള സിംക്യാമ്പ് ധർമ്മഗിരിയിൽ ഗൂഡല്ലൂർ മേഖലാഡയറക്ടർ റവ.ഫാ. ജെയിംസ് ചെമ്പക്കര ഉദ്ഘാടനം ചെയ്തു. ശ്രീ. ഷിബു വെള്ളക്കട, ശ്രീ. കുര്യൻ പനച്ചിക്കൽ, ശ്രീ. തോമസ് കല്ലറയ്ക്കൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## 2008-2009 വർഷത്തെ മികച്ചശാഖ - ഒലിവുമല

2008-09 വർഷത്തെ ഏറ്റവും മികച്ച പ്രവർത്തനത്തിനുള്ള ബഹുമതിക്ക് ഒലിവുമല ശാഖ തിരഞ്ഞെടുക്കപ്പെട്ടു. രണ്ടാംസ്ഥാനം മുതിരേരി ശാഖയും, 3-ാം സ്ഥാനം കണിയാരം ശാഖയും നേടി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ശാഖാഡയറക്ടർ, ജോ.ഡയറക്ടർ, ഭാരവാഹികൾ - നിങ്ങൾക്ക് രൂപതാകേന്ദ്രത്തിന്റെ നന്ദിയർപ്പിക്കുന്നു.

## മികച്ച പ്രവർത്തനമേഖല - കൽപ്പറ്റ

2008-09 വർഷത്തിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവച്ചതിലൂടെ കൽപ്പറ്റ മേഖല മികച്ച പ്രവർത്തന മേഖലയായി തെരഞ്ഞെടുക്കപ്പെട്ടു. രണ്ടാംസ്ഥാനം ബത്തേരി മേഖലയും, മൂന്നാംസ്ഥാനം തരിയോട് മേഖലയും കരസ്ഥമാക്കി. മേഖലാ പ്രവർത്തനങ്ങളുടെ പിന്നിൽ അക്ഷീണം പരിശ്രമിച്ച എല്ലാവർക്കും നന്ദി.

## മിഷൻഞായർ, സംസ്ഥാനവിഹിതം

എല്ലാശാഖകളും ഏറ്റവും ഭംഗിയായി മിഷൻമാസം ആചരിച്ചുവെന്നു കരുതുന്നു. മിഷൻപിരിവ് ലഭിച്ചതിന്റെ 25 ശതമാനവും സംസ്ഥാ

നവിഹിതം 100 രൂപയും രൂപതാ ഓഫീസിൽ അടയ്ക്കുന്നവിവരം ശാഖ ഭാരവാഹികളെ ഓർമ്മിപ്പിക്കുന്നു.

## ലോഗോസ് വിജയികൾക്ക് അഭിനന്ദനങ്ങൾ

**A ഗ്രൂപ്പ്**

| | | |
|---|---|---|
| I - ആഗ്നസ് അഴകനാൽ | 97 | നെടുമ്പാല |
| II - ശ്രേയ വണ്ടൻമാക്കിൽ | 96 | നെടുമ്പാല |
| III - ടോം നിർമ്മൽ വടക്കേൽ | 89 | കേണിച്ചിറ |

**B ഗ്രൂപ്പ്**

| | | |
|---|---|---|
| I - നവീൻ ഷോബി തുരുത്തേൽ | 92 | കല്പറ്റ |
| II - ബ്ലെസി ചെറിയതറപ്പേൽ | 90 | കയ്യൂന്നി |
| III - ജിസ്ന ജോർജ് കൊല്ലംപറമ്പിൽ | 89 | വാളവയൽ |

**C ഗ്രൂപ്പ്**

| | | |
|---|---|---|
| I - സിമി മാത്യു തേനമ്മാക്കൽ | 99 | ചൂരൽമല |
| II - ദീപ കണ്ണാട്ടുപറമ്പിൽ | 96 | കയ്യൂന്നി |
| III - ജോസ്നി കരിമ്പനയ്ക്കൽ | 95 | പട്ടാണികൂപ്പ് |

**D ഗ്രൂപ്പ്**

| | | |
|---|---|---|
| I - ഓമന സൈമൺ കിടങ്ങൻ | 98 | കുന്നൂർ |
| II - സി. സിസി മാത്യു SH | 97 | ബത്തേരി |
| III - സി. റോസ്ന ജോൺ SH | 96 | മണിമൂളി |

**E ഗ്രൂപ്പ്**

| | | |
|---|---|---|
| I - സി. ആനീസ് അബ്രാഹം SH | 94 | ബത്തേരി |
| II - അച്ചാമ്മ കുന്നങ്കരി | 93 | ഞാറപ്പാടം |
| III - സി. ഫ്ളവർലറ്റ് MSMI | 92 | അരുൾനിലയം |

ലോഗോസ് സംസ്ഥാനതല പരീക്ഷ നവംബർ 22 ന് P.O.C യിൽ വച്ച് നടക്കുന്നതാണ്. അതിനുമുന്നോടിയായുള്ള ഒരുക്കം നവംബർ 7-ാം തീയതി രാവിലെ 10 മണി മുതൽ 8 -ാം തീയതി രാവിലെ വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടക്കുന്നതാണ്. ലോഗോസ് വിജയികൾ നിർബന്ധമായും ഇതിൽ പങ്കെടുക്കേണ്ടതാണ്.

## ദുരിതാശ്വാസ സഹായനിധി തന്നശാഖകൾ

വെള്ളൂന്നി - 147, അടയ്ക്കാതോട് - 100, അമ്പായത്തോട്-300, ബത്തേരി-1280, കാവുംമന്ദം-200, പട്ടാണികൂപ്പ്-800, ചുങ്കക്കുന്ന്-1000,

കടൽമാട്-225, ഇരുളം-150, ടൗൺചർച്ച് (M)-200, മക്കിയാട്-940, കത്തീഡ്രൽ-1000, മാർട്ടിൻനഗർ-150, പുതുശേരി-150, കുറുമണി-200

## ദൈവവിളിസഹായം തന്നശാഖകൾ

ചുള്ളിയാന-250, പുതിയിടം-100, പാറത്തോട്ടം-100, നടവയൽ -1000, തവിഞ്ഞാൽ-300, കൽപ്പറ്റ-1000, പുഴമുടി-200, മാർട്ടിൻനഗർ-250, ധർമ്മഗിരി-200, കൊട്ടിയൂർ-500, പുതിയിടംകുന്ന്-100, വാളവയൽ-300, ഇടയൂർകുന്ന്-100, ദീപ്തിഗിരി-150, കുഞ്ഞോം-250, പഴൂർ-300, വഞ്ഞോട്-300, കേണിച്ചിറ-500, ഏലപ്പീടിക-500, കോട്ടത്തറ-500, വിളമ്പുകണ്ടം -100, കയ്യൂന്നി-300, തെനേരി-2000, തരിയോട്-350, വാഴവറ്റ-1000, വലിയകൊല്ലി-200, പയ്യമ്പള്ളി-250, വാളാട്-200, കണിയാമ്പറ്റ-100, തോണിച്ചാൽ-100, അരുൾനിലയം-300, ഇരുളം-200, കുറുമണി-500, പേരിയ-300, ഇടിവണ്ണ-300, ചോക്കാട്-500, മുട്ടിയേൽ-250, ഞാറപ്പാടം-150, ടൗൺചർച്ച് (M)-300, കത്തീഡ്രൽ-500, മംഗളം-200, പടമല-300, യവനാർകുളം-150, പുതുശേരി-100, മുണ്ടേരി-100, ഭൂദാനം-50, മക്കിയാട്-150, ജൂഡ്സ്മൗണ്ട്-150, പാൽചുരം-500, സീതാമൗണ്ട്-500, വള്ളിക്കെട്ട്-100

## കൂപ്പൺ നറുക്കെടുപ്പ് വിജയികൾ

1-ാം സമ്മാനം - ജോർജ് മാങ്കോട്ട്, മഞ്ഞൂറ

2-ാം സമ്മാനം - മഹേഷ് ആശാരിപറമ്പിൽ, പ്രശാന്തഗിരി

3-ാം സമ്മാനം - ജോണി പാരിപ്പള്ളി, കരിമ്പിൽ

പ്രോത്സാഹന സമ്മാനങ്ങൾ

തവിഞ്ഞാൽ - മേരി മുല്ലശേരി, മണ്ണുവയൽ - അഗസ്റ്റിൻ ആലുങ്കൽ, കല്ലുമുക്ക് - ജെസ്റ്റിൻ വട്ടക്കുന്നേൽ, മരക്കടവ് - പ്രവീൺ വല്ലത്ത്, ആടിക്കൊല്ലി - ജോർജ് തെക്കുമറ്റത്തിൽ, ഞാറപ്പാടം - മുനിർ വിളക്കത്തിൽ, പേരിയ - ചന്ദ്രൻ പുത്തൻവീട്ടിൽ, പാറത്തോട്ടം - ജയൻ വളപ്പിൽ, ചെന്നലോട് - സാജു, വിമലഗിരി - മാത്യു വട്ടുകുളത്തിൽ, പുൽപ്പള്ളി - സച്ചിൻ കളപ്പുരയ്ക്കൽ, പനവല്ലി - ജോസഫ് കളപ്പുരയ്ക്കൽ, തരിയോട് - ജോർജ് നിരവത്ത്, മുതിരേരി - ചാൾസ് വരക്കാലായിൽ, ചുങ്കക്കുന്ന് - തോമസ് അമ്പാട്ട്, കമ്മന - ജോസഫ് പരുന്തൻപ്ലാക്കൽ, അമ്പലവയൽ - ജെയിംസ് നെല്ലിക്കുന്നേൽ, ചുണ്ടക്കര - ജോഷി വേങ്ങചുവട്ടിൽ, വള്ളിക്കെട്ട് - ജൂലി ശിവേലി, ബോയ്സ്ടൗൺ - അനന്യപുത്തേട്ട്, പുഴമുടി - മാനുവൽ കൊരണ്ടിയാർകുന്നേൽ, കാരയ്ക്കാമല - ലിജി പുഞ്ചയിൽ, നെടുമ്പാല - ജിബിൻ കല്ലുപറമ്പിൽ, ചുള്ളിയാന - ജോണി എടാട്ടേൽ, കൊട്ടിയൂർ - ഫൗസ്യ ചുടുകാട്ടിൽ,

മാർട്ടിൻനഗർ – അലീന പുൽപറ, അടയ്ക്കാതോട് – ദേവസ്യ മുക്കുര പറമ്പിൽ, മണിമൂളി – ലിസി നന്തനാംതുണ്ടത്തിൽ, കല്ലുവയൽ – ശശീന്ദ്രൻ വാഴമ്പൽ, കബനിഗിരി – അബി അറയ്ക്കപറമ്പിൽ, അപ്പപ്പാറ – റ്റൈറ്റസ് കടുമ്പക്കാട്ട്, തലപ്പുഴ – ജോബിൻ കണ്ടത്തിൽ, കയ്യൂന്നി – സ്റ്റെഫിൻ വേങ്ങമറ്റം, പാടിച്ചിറ – ആൻസി കുന്നുംപുറത്ത്, പയ്യമ്പള്ളി – മനുകൊട്ടാരം, കത്തീഡ്രൽ – ചെല്ലപ്പൻ നീണ്ടിശേരി, അമ്പായത്തോട് – ജോസഫ് പുന്നക്കപടവിൽ, ശാന്തിഗിരി – അബിൻ താഴത്തുമുറിയിൽ, വെള്ളൂന്നി – കുഞ്ഞുമോൻ പോത്തൻപാറ, കൊമ്മയാട് – ചിന്നമ്മ ചൈലാടൂർ, മംഗളം – മാധവൻ പുളിയാനത്ത്, വെള്ളമുണ്ട – അജിൻസ് വട്ടകുളത്തിൽ, കേണിച്ചിറ – ഷൈനി കാരയ്ക്കൽ, പടമല – എയ്ഞ്ചൽ ചൊളകാട്ടിൽ, അരുൾനിലയം – സ്നേഹമാലാന, ഏലപ്പിടീക – ബാബു അറക്കകുടി, കടൽമാട് – അന്നമ്മ വേളാങ്കണ്ണി, കാട്ടിക്കുളം – സനു വടക്കേൽ, കുന്നൂർ – തേജസ് കൂട്ടുങ്കൽ, മുണ്ടേരി – അച്ചാമ്മ കളർപാറ, ബത്തേരി – ഷിനോയ് എലവണിക്കാടൻ, തെനേരി – അനിൽ കദളിക്കാട്ടിൽ, നെല്ലിയോടി – ജോസഫ് പോത്തനാമല, ഇരുളം – അഭിഷേക് കോലാടിയിൽ, മീനങ്ങാടി – ഷെഫിൻ ചമ്പടികുന്ന്, വിളമ്പുകണ്ടം – ചിന്നമ്മ കൊച്ചുപറമ്പിൽ, ഒലിവുമല – വൈശാഖ് തിലകം, വാഴവറ്റ – അഞ്ജു പി.എച്ച്.ഡി. വാഴവറ്റ, മരകാവ് – അലൻ വട്ടക്കുന്നേൽ, കുറുമണി – അനീഷ് കാനറ്റികാവുങ്കൽ, പട്ടാണികൂപ്പ് – മേരി കൂട്ടുങ്കൽ, കുറ്റിമൂല – വർഗീസ് അന്തിക്കാട്ട്, ചാരിറ്റി – ദേവസ്യ വാച്ചാലക്കൽ, തോമാട്ടുചാൽ – സജീഷ് കുഴികണ്ടത്തിൽ, കണിയാമ്പറ്റ – ആന്റണി കുറ്റിയാനിക്കൽ, കൊളവയൽ – മാമൻകുട്ടി പഴഞ്ചേരി, കേളകം – അൽഫോൻസ പതക്കപതാലിൽ, പുതുശേരി – ജിതിൻ കലയകുന്നേൽ, എടപ്പെട്ടി – ജീന പാലയ്ക്കൽ, നരിവാലമുണ്ട – ആശ വേലിയ്ക്കകത്ത്, ദീപ്തിഗിരി – ആന്റോ, വാകേരി – വർക്കി കുന്നുംപുറത്ത്, തലഞ്ഞി – മാത്യു മുണ്ടുവയലിൽ, റിപ്പൺ – സിമി ഇഞ്ചാനിയിൽ, ആലാറ്റിൽ – അന്നമ്മ കാവട, കോട്ടത്തറ – ആലീസ് കുളത്തിങ്കൽ, ഒറ്റപ്ലാവ് – ജോസഫ് വാക്കയിൽ, കാവുംമന്ദം – ജോമോൻ കൊച്ചുപറമ്പിൽ, നടവയൽ – എമിൻ നെല്ലാനിക്കാട്ട്, ദ്വാരക – ജോൺ കദളിക്കാട്ടിൽ, മുള്ളൻകൊല്ലി – സിമി ചക്കരപറമ്പിൽ, കുന്നലാടി – ബെന്നി പൂവത്തുകുന്നേൽ, കല്ലോടി – ലിസി പൊന്നാച്ചിൽ, അരിഞ്ചേർമല – സി. ജീന, പന്തിപൊയിൽ – ജെയിസൺ പറകുന്നേൽ, പുതിയിടം – റോസിലി പായക്കപറമ്പിൽ, ടൗൺചർച്ച് – എമിൻ കുളപ്പുറത്ത്, പൂളപ്പാടം – അച്ചു ജോസ് വലിയമറ്റം, ജൂഡ്സ്മൗണ്ട് – ജോർജ് മുഞ്ഞനാട്ട്, പാതിരിപ്പാടം

– റെസറമ്പാനു, വൈത്തിരി – ഫ്രാൻസീസ് വെട്ടിക്കാട്ട്, യവനാർകുളം – മോളി കൊച്ചുകുടി, പറളിക്കുന്ന് – രാജൻ ചെറുവടിയിൽ, നെയ്ക്കുപ്പ – സിമി കുറ്റിക്കാട്ട്, ബെക്കി – അനറ്റ് ചിറയ്ക്കതലയ്ക്കൽ, ഭൂദാനം – ഷീന വെളയോടൻ, കരിമാനി – സന്തോഷ് പുതുക്കുടി, ഇടയൂർകുന്ന് – മാത്യു ഓലിക്കാട്ട്, കുഞ്ഞോം – സി. ലിജ സി.എം.സി., പാൽചുരം – ജോണി പനച്ചിയിൽ, പുതുശേരിക്കടവ് – ജിനേഷ് താനപ്പനാൽ, കുറുമ്പാല – ഉഷ ആനപ്പാറ, ചെറുകാട്ടൂർ – പ്രസിന മുതിരക്കാലായിൽ, വലിയകൊല്ലി – ഓമന ശ്രീയേശുവിലാസം, മച്ചിക്കൊല്ലി – പുഷ്പൻ പുത്തൻപുര, വാളവയൽ – സിന്റോ ഓലിയ്ക്കൽ, മക്കിയാട് – വർഗീസ് നാമല, പാലേമാട് – ദേവസ്യ തുണ്ടത്തിൽ, മുട്ടിയേൽ – ഷെഹിൻ പുല്ലാനികുന്ന്, ചിത്രഗിരി – സനിജ താന്നിക്കൽ, പുതിയിടംകുന്ന് – ജോണി കുഴിവേലിൽ, പോരൂർ – സന്തോഷ് തേക്കുമല, അമരകുനി – അമൃത നെടുംപറമ്പിൽ, കൽപ്ര – റീത്ത പുത്തൻപുരയ്ക്കൽ, റൂബിനഗർ – വിപിൻ മുക്കട, പാലാങ്കര – ജിറ്റ ചേറാടിയിൽ, തേൾപാറ – അമൃത മുണ്ടമറ്റം, തോണിച്ചാൽ – ജോൺസൺ പുരയിടത്തിൽ, പനഞ്ചിറ – വാസു ബിന്ദുനിവാസ്, വാളാട് – സിജി കൂനംകുന്നേൽ, ചോക്കാട് – റോണി ഏറത്ത്, പഴൂർ – റിന്റു വലിയപുറത്ത്, ആറാട്ടുതറ – ഹിനോഷ് കിഴതോടം, തൃശിലേരി – ചിത്രവേളാശേരി, ചെറുകാട്ടൂർ – പ്രസിന മുതിരക്കാലായിൽ, കണിയാമ്പറ്റ – ആന്റണി കുറ്റിയാനിക്കൽ, വഞ്ഞോട്- നിവേദ് അഴകത്ത്, നിരവിൽപുഴ – ജോബിമാത്യു, ചുള്ളിയോട്-ഡെൽന തറപ്പേൽ, പൂക്കോട്ടുംപാടം – വിപിൻ കക്കുഴിയിൽ, ധർമ്മഗിരി – ആന്റണി എരമംഗലം.

പേരില്ലാത്ത ശാഖകൾ ഓഫീസുമായി ബന്ധപ്പെടുക. കൊണ്ടുപോയ കൂപ്പൺ മുഴുവനും തരാത്തശാഖകൾ ഉടനെ കൂപ്പൺ എത്തിക്കണം. നഷ്ടപ്പെട്ടുവെങ്കിൽ അതിന്റെ പൈസ അടയ്ക്കേണ്ടതാണ്. എങ്കിലേ സമ്മാനങ്ങൾ നല്കപ്പെടുകയുള്ളു. നറുക്കെടുപ്പു സമ്മാനങ്ങൾ എയ്ഞ്ചൽമീറ്റിന്റെയന്ന് (നവംബർ 27) ലഭിക്കുന്നതാണ്.

## മേഖലാ വാർത്തകൾ

*ഗൂഡല്ലൂർ:-* രക്ഷ ഭവനം സന്ദർശിച്ച് അരി, വസ്ത്രം, എന്നിവ നൽകി.
*കല്ലോടി:-* അൾത്താരബാലസംഗമം, ദൈവവിളി സെമിനാർ എന്നിവ നടത്തി. മൈനർസെമിനാരി റക്ടർ റവ.ഫാ. തോമസ് കച്ചിറയിൽ നേതൃത്വം നൽകി.
*ബത്തേരി:-* അൾത്താരബാലസംഗമം, എയ്ഞ്ചൽമീറ്റ് എന്നിവ നടത്തി. മോൺ ജോർജ് മൂലയിൽ വി.ബലിക്ക് നേതൃത്വം നൽകി.

*തരിയോട്:-* അൾത്താരബാലസംഗമം നടത്തി

*പയ്യമ്പള്ളി:-* മേഖല എക്സിക്യൂട്ടീവ് ഓസാനാംഭവൻ സന്ദർശിച്ചു. മാനന്തവാടി ടൗണിലെ 20 ഓളം ഭിക്ഷക്കാർക്കും കുട്ടികൾക്കും പുതിയവസ്ത്രവും മധുരപലഹാരവും നൽകി. മേഖല മുഖപത്രമായ ജ്യോതിസ്, കുഞ്ഞേട്ടന്റെ അനുസ്മരണപതിപ്പ്, എന്നിവ രൂപതാ പ്രസിഡന്റ് ജോൺസൺ ചിറായിൽ പ്രകാശനം ചെയ്തു.

**കുഞ്ഞേട്ടൻ സ്മാരക എവർറോളിംഗ് ട്രോഫി**

കുഞ്ഞേട്ടൻ സ്മരണാർത്ഥം ശാഖയിലെ ഏറ്റവും നല്ല സാമൂഹിക പ്രവർത്തനത്തിന് മേഖല പുരസ്കാരം ഏർപ്പെടുത്തി.

**ശാഖ വാർത്തകൾ**

*അരുൾനിലയം:-* വൃദ്ധസദൻ ആശാഭവൻ സന്ദർശിച്ചു.

*കയ്യൂന്നി:-* എന്റെ അധ്യാപകൻ എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗമത്സരം നടത്തി.

*മൺവയൽ:-* ബാലഭവൻ സന്ദർശിച്ചു

*ബോയ്സ്ടൗൺ:-* അധ്യാപകർക്ക് മത്സരം നടത്തി

*പനഞ്ചിറ:-* ഭവനസന്ദർശനം നടത്തി.

*ബെക്കി:-* സിമിത്തേരി സന്ദർശനം നടത്തി

*കുന്നലാടി:-* ഭവനനിർമ്മാണ സഹായം നടത്തി

*കാരയ്ക്കാമല:-* സൺഡേസ്കൂൾ കഴുകി വൃത്തിയാക്കി

*ചുള്ളിയാന:-* അൾത്താരബാലസംഗമം നടത്തി.

*ജൂഡ്സ്മൗണ്ട്:-* പത്രം തയ്യാറാക്കി വിതരണം ചെയ്തു.

*കല്ലോടി:-* ദീപശിഖ പ്രയാണം നടത്തി.

*ദീപ്തിഗിരി:-* പച്ചക്കറിതോട്ടം നിർമ്മിച്ചു.

*വഞ്ഞോട്:-* കുട്ടികൾ ആശംസാകാർഡുകൾ നിർമ്മിച്ചു

*തോണിച്ചാൽ:-* ക്രിസ്റ്റീൻ ധ്യാനം നടത്തി

*കുഞ്ഞോം:-* പള്ളിയും പരിസരവും വൃത്തിയാക്കി

*പുതുശേരി:-* വചനകൂടാരവും, ചുമർപത്രികയും തയ്യാറാക്കി

*വെള്ളമുണ്ട:-* സിമിത്തേരിസന്ദർശനം നടത്തി

*അപ്പപ്പാറ:-* കോളനി സന്ദർശിച്ചു

*ആറാട്ടുതറ:-* സിമിത്തേരി സന്ദർശനം നടത്തി

*പനവല്ലി:-* ദിവ്യകാരുണ്യ ആരാധന നടത്തി

*ഇടയൂർകുന്ന്:-* പള്ളിയും പരിസരവും വൃത്തിയാക്കി

*പടമല:-* ക്രിസ്റ്റീൻ ധ്യാനം നടത്തി

*മാർട്ടിൻനഗർ:*- വി.അൽഫോൻസാമ്മയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് ക്വിസ് മത്സരം നടത്തി സമ്മാനങ്ങൾനൽകി.

*കമ്മന:*- പൂന്തോട്ടം നിർമ്മിച്ചു

*മുതിരേരി:*- സമിരറ്റൻ ഭവനം സന്ദർശിച്ച് അവർക്കാവശ്യമുള്ള സോപ്പ് നൽകി.

*കരിമാനി:*- സാഹിത്യസമാജം നടത്തി

*പേരിയ:*- മൈനർസെമിനാരിയിലേക്ക് ദൈവവിളി പ്രോത്സാഹനാർത്ഥം സാമ്പത്തികസഹായം നൽകി.

*പ്രശാന്തഗിരി:*- അനാഥമന്ദിരം സന്ദർശിച്ചു

*തലപ്പുഴ:*- വിദ്യാഭ്യാസ സഹായം നൽകി.

*കത്തീഡ്രൽ:*- 10 അംഗടീമിനെ ഉൾപ്പെടുത്തി മെഗാക്വിസ് നടത്തി.

*യവനാർകുളം:*- വിയാനിഭവൻ സന്ദർശിച്ച് വൈദികർക്ക് സമ്മാനങ്ങൾ നൽകി.

*ഏലപ്പീടിക:*- ഓണകിറ്റ് നൽകി

*കേണിച്ചിറ:*- ഭവനസന്ദർശനം, രോഗീസന്ദർശനം നടത്തി.

*വിളമ്പുകണ്ടം:*- സിമിത്തേരിസന്ദർശനം നടത്തി

*കല്ലുവയൽ:*- ക്രിസ്റ്റീൻ ധ്യാനം നടത്തി

*വാളവയൽ:*- പള്ളിപരിസരം വൃത്തിയാക്കി

*പഴൂർ:*- സെന്റ് മാത്യൂസ് ഭവനം സന്ദർശിച്ച് അവരോടൊപ്പം ഓണാഘോഷം നടത്തി

*തോമാട്ടുചാൽ:*- പ്രസംഗ മത്സരം നടത്തി

*ബത്തേരി:*- ആദിവാസികോളനി, പഴൂർവൃദ്ധമന്ദിരം സന്ദർശിച്ചു.

*അമ്പായത്തോട്:*- സി.എം.എൽ. കൃഷിചെയ്യുന്ന വാഴക്ക് വളമിട്ടു.

*കൊട്ടിയൂർ:*- എയ്ഞ്ചൽമീറ്റ് നടത്തി.

*പാൽചുരം:*- ക്രിസ്റ്റീൻ ധ്യാനം നടത്തി

*വെള്ളൂന്നി:*- സിമിത്തേരിസന്ദർശനം നടത്തി

*കേളകം:*- ഗാനപരിശീലനം നടത്തി

*മരകാവ്:*- രോഗിസന്ദർശനം നടത്തി

*ഇരുളം:*- സിമിത്തേരിസന്ദർശനം നടത്തി

*മുള്ളൻകൊല്ലി:*- തിരുബാലസഖ്യം കുട്ടികൾക്ക് സെമിനാർനടത്തി

*പട്ടാണികൂപ്പ്:*- സംഗീത പരിശീലനം നടത്തി

*സീതാമൗണ്ട്:*- ഓണാഘോഷത്തോടനുബന്ധിച്ച് മത്സരം നടത്തി സമ്മാനങ്ങൾ നൽകി.

*ആടികൊല്ലി:-* സിമിത്തേരി സന്ദർശനം നടത്തി
*മരക്കടവ്:-* മദർതെരേസ അനുസ്മരണം നടത്തി
*പന്തിപോയിൽ:-* ഭവനസന്ദർശനം നടത്തി
*കുറുമ്പാല:-* സിമിത്തേരി വൃത്തിയാക്കി
*മംഗളം:-* ഗാനപരിശീലനം നടത്തി
*കാവുംമന്ദം:-* ക്യാമ്പ് നടത്തി. രൂപതാടീം നേതൃത്വം നൽകി
*മഞ്ഞൂറ:-* പള്ളിപരിസരം വൃത്തിയാക്കി
*മുണ്ടേരി:-* നിർദ്ദനകുടുംബത്തിന് അരി നൽകി
*പാലേമാട്:-* ഉപവാസദിനം ആചരിച്ചു
*പാലാങ്കര:-* വസ്ത്രശേഖരണം നടത്തി
*ചാരിറ്റി:-* രോഗീസന്ദർശനം നടത്തി
*നടവയൽ:-* പള്ളിയും, പരിസരവും വൃത്തിയാക്കി
*മണിമൂളി:-* സിമിത്തേരി വൃത്തിയാക്കി
*പോരൂർ:-* എയ്ഞ്ചൽ മീറ്റ് നടത്തി
*കുന്നൂർ:-* ക്രിസ്റ്റീൻ ധ്യാനം നടത്തി
*ചെറുകാട്ടൂർ:-* ജയിൽസന്ദർശനം നടത്തി തടവുകാർക്ക് ബൈബിൾ നൽകി.
*ധർമ്മഗിരി:-* ജീവൻ രക്ഷാഭവനം സന്ദർശിച്ച് വസ്ത്രവും അരിയും നൽകി.

**നവംബർ മാസത്തെ ചിന്തകളും പ്രവർത്തനങ്ങളും**

പഠനവിഷയം: മിഷൻലീഗ് സംഘടന

01 ഞായർ:- ഗ്ലോറിയ വോയ്സ് - ടെലിമിഷൻ ക്വിസ് സമയം : 3 p.m. -4 p.m., മിഷൻ-2009 ശാഖാസന്ദർശനം. സെമിനാർ-പയ്യംമ്പള്ളിമേഖലകളിലെ ശാഖകളിൽ

08 ഞായർ:- ഗ്ലോറിയ വോയ്സ് - മിഷൻ-2009 തരിയോട് മേഖലകളിലെ ശാഖകളിൽ സന്ദർശനവും സെമിനാറും.

10 ചൊവ്വ:- എവുക്കരിസ്ത്യാ - നിലമ്പൂർ മേഖലകളിലെ ശാഖകളിൽ ആരംഭിക്കുന്നു.

15 ഞായർ:- ഗ്ലോറിയ വോയ്സ്

22 ഞായർ:- ക്രിസ്തുരാജന്റെ തിരുനാൾ പൊതുദിവ്യകാരുണ്യ സ്വീകരണം, പ്രേഷിതറാലി, ഗ്ലോറിയ വോയ്സ്, ലോഗോസ് സംസ്ഥാനതല പരീക്ഷ പി.ഒ.സി.,

27 വെള്ളി:- എയ്ഞ്ചൽ മീറ്റ് - 2009, ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം - ദ്വാരക 9.30 a.m., രൂപത മാനേജിംഗ് കമ്മറ്റി ക്യാമ്പ് 6 p.m. മേഖലാഭാരവാഹികൾക്കായ് ദ്വിദിനക്യാമ്പ്.
28 ശനി:- രൂപത മാനേജിംഗ് കമ്മറ്റി ക്യാമ്പ് തുടരുന്നു.
ഇതരപ്രവർത്തനങ്ങൾ: ഭവനസന്ദർശനങ്ങൾ, ജയിൽ സന്ദർശനം, അവരെ സമർപ്പിച്ച് പ്രാർത്ഥന.
വാർത്താബോർഡിൽ:- ക്രിസ്തുരാജൻ, കുട്ടികളുടെദിനം, വിശുദ്ധനെ കുറിച്ചുള്ള ജീവചരിത്രം രചനകൾ, ചിത്രങ്ങൾ, വാർത്തകൾ ഗ്ലോറിയ വോയ്സ്.
പ്രാർത്ഥനാനിയോഗം:- മരിച്ചവർക്കുവേണ്ടി
സുകൃതജപം:- സകലവിശുദ്ധരെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**
രൂപതാസെക്രട്ടറി

# കെ. സി. വൈ. എം.

ബഹുമാനപ്പെട്ട യൂണിറ്റ്, മേഖലാ, ഡയറക്ടേഴ്സ്, സിസ്റ്റേഴ്സ്, പ്രിയ യുവജന സുഹൃത്തുക്കളേ,

കെ.സി.വൈ.എം. മാനന്തവാടി രൂപതാ കുടുംബത്തിൽ നിന്നും സ്നേഹാശംസകൾ. രൂപതയിലെ യുവത്വം വിവിധ കർമ്മപദ്ധതികളിലൂടെ ഊർജ്ജസ്വലതയുടെ കരുത്ത് തെളിയിച്ച ഒരു മാസം പിന്നിടുന്നു. സർഗ്ഗസിദ്ധികളുടെ വൈവിധ്യങ്ങളുടെ നിറക്കൂട്ടുകൾ ചാലിച്ചെടുത്ത്, വിജയത്തിന്റെ സോപാനങ്ങളിലേക്ക് ഉദിച്ചുയർന്ന താരകങ്ങൾക്ക് അഭിമാന പുളകങ്ങളോടെ അഭിനന്ദനത്തിന്റെ ഹർഷാരവും മുഴക്കട്ടെ. ഒപ്പം കഠിനാധ്വാനത്തിന്റേയും സ്നേഹവാൽസല്യങ്ങളുടെ നിറവിലെ കൂട്ടായ്മയുടെയും പാതയിലൂടെ യുവത്വത്തെ വിജയത്തിന്റെ തീരത്തേയ്ക്ക് അടുപ്പിച്ച, മുന്നിലും പിന്നിലും പ്രചോദനമായി നിലകൊണ്ട ബഹു. യൂണിറ്റ്, മേഖലാ ഡയറക്ടേഴ്സിനും, ആനിമേറ്റർമാർക്കും, ഭാരവാഹികൾക്കും... ഹൃദ്യമായ അഭിനന്ദനങ്ങൾ.

2009 യുവജനം സംഘടനാശാക്തീകരണ വർഷമായി ആചരിച്ചുകൊണ്ട്, കെ.സി.വൈ.എം. എന്ന ധാർമ്മിക യുവജനപ്രസ്ഥാനത്തിന് ശക്തമായ അടിത്തറപാകി. മൂല്യാധിഷ്ഠിതമായ യുവശക്തിയെ സഭയുടെ ശക്തിസ്രോതസ്സായി മാറ്റിയെടുക്കുവാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. 'സഹചലനം' എന്ന സ്നേഹസന്ദർശനങ്ങളിലൂടെ രൂപതാ, യൂണിറ്റ് ബന്ധങ്ങൾ ഊട്ടിയുറപ്പിച്ചുകൊണ്ട്, യുവമനസ്സുകളുടെ ചിന്തകളും സ്വപ്നങ്ങളും പങ്കുവച്ചുകൊണ്ടുള്ള യാത്ര ഒരു വലിയ അനുഭവമായി കരുതുന്നു. ശാക്തീകരണത്തിന്റെ മാറ്റൊലിയായി ഉയർന്ന് നിൽക്കുന്നു.

അസ്വസ്ഥമായ സമൂഹത്തിന്റെ രോദനങ്ങൾ ഉയർന്ന് കേൾക്കുമ്പോൾ – തീവ്രവാദവും, ഭീകരവാദവും, മാവോയിസ്റ്റ് ആക്രമണങ്ങളും

- രക്തക്കറകൾകൊണ്ട് ചിത്രം വരയ്ക്കുമ്പോൾ ക്വട്ടേഷൻ സംഘങ്ങളുടെയും ഗുണ്ടാ രാഷ്ട്രീയ പോലീസ് താണ്ഡവത്തിന്റെയും കഥകൾ മാനവ മനസാക്ഷിയെ ഞെട്ടിക്കുമ്പോൾ, ലൗ ജിഹാദുകളും, മാധ്യമ വിഷപ്പുകകളും യുവമനസ്സുകളുടെ ഉറക്കം കെടുത്തുമ്പോൾ - മൂല്യധിഷ്ഠിതമായ, ധാർമ്മികതയിൽ അടിയുറച്ച മാനന്തവാടി രൂപതയിലെ ക്രൈസ്തവ യുവജനങ്ങളുടെ സ്നേഹസംഗമത്തിന് കൊടിയേറുകയായി ഡിസംബർ 28-ന് ബത്തേരിയിൽ. നമുക്ക് ഒരുങ്ങാം - സജ്ജരാകാം - യുവസംഗമത്തിന്റെ താളമേളങ്ങൾ ഹൃദയതുടിപ്പായി മാറട്ടെ.

സ്നേഹപൂർവ്വം,

**സണ്ണിയച്ചൻ**

## Pearl - 2009

കെ.സി.വൈ.എം. മാനന്തവാടി രൂപത എല്ലാ വർഷവും നടത്താറുള്ള Pearl-2009 കലാസാഹിത്യമത്സരങ്ങൾ ഒക്ടോബർ 2-ാം തീയതി മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ചുനടന്നു. രൂപതാപ്രസിഡന്റ് അനീഷ് ഓമക്കര അധ്യക്ഷനായിരുന്നു. രൂപതാഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി സജിൻ ജോസ് ചാലിൽ സ്വാഗതവും ആനിമേറ്റർ സി. ജെസ്‌ലീമ എസ്.ഡി. ആശംസയും, സെക്രട്ടറി സന്തോഷ് ഞാറക്കുളം നന്ദിയും അർപ്പിച്ചു. 4 സ്റ്റേജുകളിലായി നടന്ന മത്സരങ്ങളിൽ വിവിധ മേഖലകളിൽ നിന്നുള്ള മത്സരാർത്ഥികൾ ഏറെ വാശിയോടെയും അതിലേറെ സൗഹാർദ്ദത്തോടെയുമാണ് പങ്കെടുത്തത്. കല്ലോടി, മാനന്തവവാടി, നടവയൽ മേഖലകൾ 108 പോയിന്റുകൾ നേടി ഒന്നാംസ്ഥാനം പങ്കിട്ടു. കൽപ്പറ്റ മേഖലയ്ക്കാണ് രണ്ടാം സ്ഥാനം. നടവയൽ മേഖല കേണിച്ചിറ യൂണിറ്റിലെ മനു കൈപ്പുള്ളിമാലിൽ കലാപ്രതിഭാപട്ടവും, കൽപ്പറ്റ മേഖല വൈത്തിരി യൂണിറ്റിലെ ജെസി പൈനാടത്ത് കലാതിലകപട്ടവും കരസ്ഥമാക്കി. വൈകുന്നേരം നടന്ന സമാപന സമ്മേളനത്തിൽ വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ രൂപതാഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം നൽകി. മത്സരങ്ങളുടെ ചിട്ടയായ നടത്തിപ്പിനു വേണ്ടി സഹകരിച്ച ബിജു മാത്യു അരീക്കാട്ട്, മാത്യു തറയിൽ, സണ്ണി ചാലിൽ, ബിനോയി പാനികുളം, ജെസോയി മൂങ്ങനാനിയിൽ, ലിജി കളരിക്കൽ, നീന വടക്കേൽ, ബെന്നി പച്ചിക്കൽ, ഷംജിത് ചേലയ്ക്കൽ, സി. ജെസ്ന എന്നിവരെ നന്ദിയോടെ ഓർക്കുന്നു. മത്സരങ്ങൾക്കായി ന്യൂമാൻസ് കോളേജിൽ വേണ്ട സൗകര്യം ഒരുക്കിതന്ന കോളേജ് പ്രിൻസിപ്പാൾ ബഹു. മാവറയച്ചനും സ്റ്റാഫിനും ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു.

# Pearl - 2009 മത്സരഫലങ്ങൾ

1. നോട്ടീസ്

| | | | |
|---|---|---|---|
| I A No. 807 | മനു കൈപ്പുള്ളിമ്യാലിൽ | കേണിച്ചിറ | നടവയൽ |
| II B No. 804 | മനു തടത്തിൽ | വിളമ്പുകണ്ടം | നടവയൽ |
| III C No. 911 | ഷാജി ചന്ദനപറമ്പിൽ | മീനങ്ങാടി | ബത്തേരി |

2. പോസ്റ്റർ രചന

| | | | |
|---|---|---|---|
| I A No. 807 | മനു കൈപ്പുള്ളിമ്യാലിൽ | കേണിച്ചിറ | നടവയൽ |
| II A No. 608 | റെയ്ന കുഴിയാറയിൽ | മരകാവ് | പുൽപ്പള്ളി |
| III A No. 207 | സനീഷ് മറ്റത്തിൽ | തരിയോട് | തരിയോട് |

3. കഥാരചന

| | | | |
|---|---|---|---|
| I A No. 401 | ജെസി പൈനാടത്ത് | വൈത്തിരി | കൽപറ്റ |
| II A No. 805 | വിപിൻ മുതുപ്ലാക്കൽ | കേണിച്ചിറ | നടവയൽ |
| III B No. 502 | അഞ്ജന നമ്പോലിൽ | വെള്ളൂന്നി | കൊട്ടിയൂർ |

4. കവിതാരചന

| | | | |
|---|---|---|---|
| I A No. 401 | ജെസി പൈനാടത്ത് | വൈത്തിരി | കൽപറ്റ |
| II A No. 11 | അഞ്ജലി കറുത്തേടത്ത് | ടൗൺചർച്ച് (മാനന്തവാടി) | മാനന്തവാടി |
| III B No. 204 | സൗമ്യ പാലമറ്റം | തരിയോട് | തരിയോട് |

5. കാർട്ടൂൺ രചന

| | | | |
|---|---|---|---|
| I A No. 205 | മനു മറ്റത്തിൽ | തരിയോട് | തരിയോട് |
| II A No. 807 | മനു കൈപ്പുള്ളിമ്യാലിൽ | കേണിച്ചിറ | നടവയൽ |
| III C No. 109 | നീതു പഴയിടത്തിൽ | കല്ലോടി | കല്ലോടി |

6. മുദ്രാവാക്യം

| | | | |
|---|---|---|---|
| I A No. 401 | ജെസി പൈനാടത്ത് | വൈത്തിരി | കൽപറ്റ |
| II B No. 100 | പ്രകാശ് പനയ്ക്കൽ | വഞ്ഞോട് | കല്ലോടി |
| III B No. 501 | ടൈസൺ കിഴക്കയിൽ | വെള്ളൂന്നി | കൊട്ടിയൂർ |

7. കൊളാഷ്

| | | | |
|---|---|---|---|
| I A No. 1 | ജിൽസൻ ചാത്തംപടത്തിൽ | കണിയാരം | മാനന്തവാടി |
| II B No. 805 | വിപിൻ മുതുപ്ലാക്കൽ | കേണിച്ചിറ | നടവയൽ |
| III C No. 112 | ഷെമിൻ നടയ്ക്കൽ | വെള്ളമുണ്ട | കല്ലോടി |
| III C No. 607 | അനൂപ് തടത്തിപറമ്പിൽ | പട്ടാണികൂപ്പ് | പുൽപ്പള്ളി |

8. ഉപന്യാസം

| | | | |
|---|---|---|---|
| I A No. 104 | ഷെമിൻ പഴയംകോട്ടിൽ | ദീപ്തിഗിരി | കല്ലോടി |
| II B No. 8 | ജെയിൻ ആനിക്കുഴിയിൽ | ആറാട്ടുതറ | പയ്യമ്പള്ളി |
| III C No. 904 | ഷെറിൻ തൊഴുത്തുങ്കൽ | തോമാട്ടുചാൽ | ബത്തേരി |

## 2009 കലാമത്സര വിജയികൾ

1. ഡിബേറ്റ്

1) ജിനോ മംഗലം, പ്രകാശ് പനയ്ക്കൽ - I A മംഗലശ്ശേരി - കല്ലോടി
2) ജോബിഷ് കീരംപാറയിൽ, സെബാസ്റ്റ്യൻ പുരയ്ക്കൽ - II B വിളമ്പുകണ്ടം, കല്ലുവയൽ - നടവയൽ
3) ജോസ്ന കൈതയ്ക്കൽ, ജിൽജി പെരിയപ്പുറം - III C പ്രശാന്തഗിരി - മാനന്തവാടി

2) ക്വിസ്

1) സുനിൽ കുറ്റിയാനിയ്ക്കൽ, ലിപിൻ കാഞ്ഞിരക്കുഴി - I കുറുമ്പാല - തരിയോട്
2) സന്തോഷ് കൂട്ടുങ്കൽ, നിഷ കൊല്ലംമാട്ടേൽ - II ഒണ്ടയങ്ങാടി - പയ്യമ്പള്ളി
3) നീതു ചെമ്മരിപ്പള്ളി, ഫ്രൻസി മണ്ണുശ്ശേരിയിൽ - III പേര്യ - മാനന്തവാടി

3. പ്രസംഗം

1) പ്രകാശ് പനയ്ക്കൽ - I A വഞ്ഞോട് - കല്ലോടി
2) സെബാസ്റ്റ്യൻ പുരയ്ക്കൽ - II A കല്ലുവയൽ - നടവയൽ
3) അരുൺ പ്ലാത്തോട്ടം - III A പോരൂർ - മാനന്തവാടി

4. സംഗീതം (M)

1) നെവൽരാഗ് പുതിയകുന്നത്ത് - I B ബത്തേരി - ബത്തേരി
2) സജി പീക്കുന്നേൽ - II C പ്രശാന്തഗിരി - മാനന്തവാടി
3) ദിനു അറയ്ക്കൽ - III ഇരുളം - പുൽപ്പള്ളി
4) ജോൺസൺ കളപ്പുരത്തൊട്ടി - III മരകാവ് - പുൽപ്പള്ളി

സംഗീതം (F)

1) അനൂപ കൊരണ്ടിയാർകുന്നേൽ - I A ദ്വാരക - കല്ലോടി
2) നീതു ജോസ് തേനംമാക്കൽ - II A കല്പറ്റ - കല്പറ്റ
3) നീതു ആശാരിപറമ്പിൽ - III B കബനിഗിരി - പുൽപള്ളി

5. മോണോആക്ട്

1) ക്രിസ്റ്റീന കുരിശുംമൂട്ടിൽ - I A ദ്വാരക - കല്ലോടി
2) എബിൻ മുട്ടപ്പള്ളി - II A തരിയോട് - തരിയോട്
3) സജി പീക്കുന്നേൽ - III A പ്രശാന്തഗിരി - മാനന്തവാടി

6. മിമിക്രി

1) ഷെല്ലി ഓലിക്കൽ - I A കരിമ്പിൽ - കല്ലോടി
2) അനീഷ് കൈതാരത്ത് - II B ഒലിവുമല - കൽപറ്റ

3) ബിനു കുന്നുംപുറം – III C കല്ലുവയൽ – നടവയൽ

7. നാടോടിനൃത്തം (M)

1) ജോസഫ് തെങ്ങുംതോട്ടി – I A മരക്കടവ് – പുൽപ്പള്ളി
2) പ്രനീഷ് കാട്ടാമ്പിള്ളിൽ – II A കേണിച്ചിറ – നടവയൽ
3) കിരൺ കിഴക്കേടത്ത് – III B പ്രശാന്തഗിരി – മാനന്തവാടി

നാടോടിനൃത്തം (F)

1) അതുല്യ പൈനാടത്ത് – I B കല്പറ്റ – കല്പറ്റ
2) ജിൻസി കൊച്ചുകുടി – II B പ്രശാന്തഗിരി – മാനന്തവാടി
3) ചെൽസിയ പരിന്തൻപ്ലാക്കൽ – III C കമ്മന – പയ്യമ്പള്ളി

8. മാർഗ്ഗംകളി

1) ജോസ്ന വാഴകാട്ട് & പാർട്ടി – I A കേണിച്ചിറ – നടവയൽ
2) ലിന്റ പുലിതൂക്കിൽ & പാർട്ടി – II A പ്രശാന്തഗിരി – മാനന്തവാടി
3) ജിൻസി മാതേക്കൽ & പാർട്ടി – III B ചുള്ളിയാന – കല്ലോടി

9. സംഘഗാനം

1) അനീഷ് ഉപ്പുവീട്ടിൽ & പാർട്ടി – I A കമ്മന – പയ്യമ്പള്ളി
2) ജിതിൻ വാളങ്കോട്ട് & പാർട്ടി – II A വഞ്ഞോട് – കല്ലോടി
3) അനീഷ് മാന്തോട്ടത്തിൽ & പാർട്ടി – III B കല്പറ്റ – കല്പറ്റ

10. കെ.സി.വൈ.എം. ആന്തം

1) അനീഷ് ഉപ്പുവീട്ടിൽ & പാർട്ടി – I A പയ്യമ്പള്ളി – പയ്യമ്പള്ളി
2) നീതു ആശാരിപറമ്പിൽ & പാർട്ടി – II A കബനിഗിരി–പുൽപ്പള്ളി
3) ജിതിൻ വാളങ്കാട്ട് & പാർട്ടി – III B വഞ്ഞോട് – കല്ലോടി

11. മൈം

1) ജെസ്ബിൻ മാണിയാവിൽ & പാർട്ടി – I A പ്രശാന്തഗിരി – മാനന്തവാടി
2) ജോസഫ് കല്ലുംകത്തറയിൽ & പാർട്ടി – II B ഇരുളം – പുൽപ്പള്ളി
3) മനു കൈപ്പുള്ളിമ്യാലിൽ & പാർട്ടി – III C കേണിച്ചിറ–നടവയൽ

12. തെരുവ് നാടകം

1) ജെസ്ബിൻ മാണിയാവിൽ & പാർട്ടി – I A പ്രശാന്തഗിരി – മാനന്തവാടി
2) അനീഷ് മാന്തോട്ടത്തിൽ & പാർട്ടി – II B കല്പറ്റ–കല്പറ്റ
3) ജോബി നെല്ലിക്കുന്നേൽ & പാർട്ടി – III C പയ്യമ്പള്ളി–പയ്യമ്പള്ളി

**അഭിനന്ദനങ്ങൾ**

2009 വർഷത്തെ സാഹിത്യകലാ മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി ഒന്നാംസ്ഥാനം പങ്കുവച്ച കല്ലോടി, നടവയൽ

മാനന്തവാടി മേഖലകൾക്ക് രൂപതയുടെ അഭിനന്ദനങ്ങൾ. വിജയത്തിളക്കത്തിന് പിന്നിൽ പ്രവർത്തിച്ച, ബഹു. മേഖല ഡയറക്ടർമാരായ, ഫാ. മൈക്കിൾ വടക്കെമുളഞ്ഞനാൽ, ഫാ. ജോഷി പുൽപ്പയിൽ, ഫാ. മാർട്ടിൻ പുതുശ്ശേരി, ആനിമേറ്റർമാരായ സി. എമിലിൻ എസ്.എ.ബി.എസ്., സി. അനിറ്റ് മരിയ സി.എം.സി., സി. സലോമി എസ്.എച്ച്., മേഖലാ പ്രസിഡന്റ്മാരായ റെനിൽ കഴുതാടിയിൽ, ഷൈജറ്റ് വടയാറ്റുകുഴി, ഡെന്നിസൺ ചാത്തംകുഴി എന്നിവരുടെ സ്തുത്യർഹമായ പ്രോത്സാഹനങ്ങൾക്കും സഹകരണത്തിനും പ്രത്യേകം നന്ദി.

**നാമഹേതുകതിരുനാൾ**

സെപ്റ്റംബർ 21-ന് നാമഹേതുക തിരുനാൾ ആചരിച്ച ബഹു. ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടത്തിന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ പേരിൽ തിരുനാൾ ആശംസകൾ സെക്രട്ടറിയേറ്റ് നൽകി. ഒപ്പം പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ, സി.എം.എൽ. ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയിൽ, കോർപ്പറേറ്റ് മാനേജർ റവ. ഫാ. റോബിൻ വടക്കുംചേരി എന്നിവർക്കും തിരുനാൾ ആശംസകൾ നേർന്നു.

**സഹചലനം - 09**

യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി രൂപതാസമിതി നടത്തിവരുന്ന യൂണിറ്റ് വിസിറ്റിൽ ഒക്ടോബർ മാസം വിസിറ്റ് നടത്തിയവരും യൂണിറ്റിന്റെ പേരും ചുവടെ ചേർക്കുന്നു.

മാനന്തവാടി മേഖല (ഒക്ടോബർ 4):- സന്തോഷ് ഞാറക്കുളം - ആലാറ്റിൽ, അനീഷ് ഓമക്കര - കണിയാരം, സജിൻ ജോസ് ചാലിൽ - തവിഞ്ഞാൽ.

നിലമ്പൂർ മേഖല (ഒക്ടോബർ 11):- ഫാ. സണ്ണി കൊല്ലാർതോട്ടം - മൂലേപ്പാടം, സി. ജെസ്‌ലീമ എസ്.ഡി. - ഇടിവണ്ണ, ലിജി കളരിക്കൽ, ജെസോയ് - ചോക്കാട്, അനീഷ് ഓമക്കര - തേൾപ്പാറ

മണിമൂളിമേഖല (ഒക്ടോബർ 18):- ഫാ. സണ്ണി കൊല്ലാർതോട്ടം - ഞാറപ്പാടം, സന്തോഷ് ഞാറക്കുളം - തലഞ്ഞി, ബെന്നി പച്ചിക്കൽ - പാലാങ്കര, ബിനോയ് പാനികുളം - പാലേമാട്, ബിജു പാലത്തിങ്കൽ - പാതിരിപ്പാടം

കല്ലോടിമേഖല (ഒക്ടോബർ 25):- ഫാ. സണ്ണി കൊല്ലാർതോട്ടം - കല്ലോടി, സി. ജെസ്‌ലിമ എസ്.ഡി - ചുള്ളിയാന, അനീഷ് ഓമക്കര - വഞ്ഞോട്, പുതിയിടംകുന്ന് - ബിനോയ്പാനികുളം, ജൂഡ്സ്മൗണ്ട് - ഷംജിത്ത് ചേലയ്ക്കൽ, പുതുശേരി - സജിൻ ജോസ് ചാലിൽ.

**നവംബർ മാസത്തിലെ യൂണിറ്റ് സന്ദർശനം**

നവംബർ 1 - കല്ലോടി മേഖല - നിരവിൽപ്പുഴ, തോണിച്ചാൽ, ദ്വാരക, കാരയ്ക്കാമല, കരിമ്പിൽ, മംഗലശേരി, വെള്ളമുണ്ട, ദീപ്തി ഗിരി. യൂണിറ്റ് വിസിറ്റ് മാറ്റിവച്ച സ്ഥലങ്ങളിൽ ആവശ്യപ്പെടുന്ന യൂണിറ്റുകളിൽ സന്ദർശനം നടത്തുന്നതായിരിക്കും.

**രൂപതാ യുവജനസംഗമം - ബത്തേരിയിൽ ഡിസംബർ 28-ന്**

കെ.സി.വൈ.എം. മാനന്തവാടി രൂപതായുവജന പ്രസ്ഥാനത്തിന്റെ 15-ാം വാർഷികാഘോഷവും, ശാക്തീകരണവർഷത്തിന്റെ സമാപനവും, ഡിസംബർ 27, 28 തീയതികളിലായി ബത്തേരിയിൽ വച്ച് പ്രതിനിധി സമ്മേളനം, യുവജനറാലി, പൊതുസമ്മേളനം തുടങ്ങിയ പരിപാടികളോടെ നടത്തുവാൻ ആഗ്രഹിക്കുന്നു. ഓരോ യൂണിറ്റിൽ നിന്നും പരമാവധി യുവജനങ്ങൾ പങ്കെടുത്തുകൊണ്ട് ഈ സമ്മേളനം വിജയിപ്പിക്കുവാൻ ഓരോ പ്രവർത്തകരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഒരു യൂണിറ്റിൽ നിന്നും പങ്കെടുക്കുന്നവരുടെ പേര് വിവരം രൂപതയിൽ നിന്നും തരുന്ന സർവ്വേഫോമിൽ രേഖപ്പെടുത്തി ഡിസംബർ 15-ന് മുമ്പായി രൂപതയിൽ എൽപിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. വിജയത്തിനായി പ്രാർത്ഥിക്കുകയും, മുൻകൂട്ടി വേണ്ട ഒരുക്കങ്ങൾ യൂണിറ്റ്, മേഖലാ, തലങ്ങളിൽ നടത്തണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു. വിശദവിവരങ്ങൾ സർക്കുലർവഴി അറിയിക്കുന്നതാണ്.

**നവംബർ 5-8, ICYM - Meeting - മംഗലാപുരത്ത്**

കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ മേൽഘടകമായ ICYM ന്റെ മൂന്നാമത് Extra ordinary general Body meeting നവംബർ 5 മുതൽ 8 വരെ മംഗലാപുരത്ത് - ഡിവൈൻ റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

**നവംബർ 16-28 Asian Youth Meet - ഫിലിപ്പൈൻസിൽ**

3 വർഷത്തിൽ ഒരിക്കലായി നടക്കുന്ന ഏഷ്യൻ രാജ്യങ്ങളിലെ യുവജനസംഗമം ഫിലിപ്പൈൻസിലെ മനിലയിൽ വച്ച് നവംബർ 16 മുതൽ 28 വരെ നടത്തപ്പെടുന്നു.

**നവംബർ 20-21 കെ.സി.വൈ.എം. സംസ്ഥാന സമ്മേളനം -തൃശൂരിൽ**

കെ.സി.വൈ.എം. സംസ്ഥാന സമ്മേളനം 20-ന് പ്രതിനിധി സമ്മേളനത്തോടെ ആരംഭിക്കും. 21-ന് യുവജനറാലിയും പൊതുസമ്മേളനവും ഉണ്ടായിരിക്കും. രൂപതയെ പ്രതിനിധീകരിച്ച് പ്രതിനിധി

സമ്മേളനത്തിന് സെക്രട്ടറിയേറ്റ് അംഗങ്ങളും, റാലിയിൽ ഓരോ മേഖലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 2 പേർ വീതവും പങ്കെടുക്കുന്നതായിരിക്കും. സമ്മേളനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ നവംബർ 14-ന് മുമ്പ് പേര് രൂപതാ ഓഫീസിൽ എത്തിക്കണം.

### ജൻമദിനാഘോഷം

28-09-09 ചേർന്ന സിൻഡിക്കേറ്റിൽവച്ച് പ്രസ്ഥാനത്തിന്റെ പ്രിയ ആനിമേറ്റർ സി. ജെസ്‌ലിമ എസ്.ഡി. യുടെ പിറന്നാൾ ആഘോഷിച്ചു. സിൻഡിക്കേറ്റംഗങ്ങൾ സിസ്റ്ററിന് ജന്മദിനാശംസകൾ നേർന്നു.

### സമ്പൂർണ്ണസെനറ്റ് 17-10-09

കെ.സി.വൈ.എം. മാനന്തവാടി രൂപത സമ്പൂർണ്ണസെനറ്റ് 17-10-09 ന് ദ്വാരക എ.യു.പി. സ്കൂളിൽ വച്ച് നടന്നു. രൂപതാ ജനറൽ സെക്രട്ടറി സജിൻ ജോസ് ചാലിൽ സ്വാഗതവും രൂപതാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖപ്രഭാഷണവും നടത്തി. രൂപതാ പ്രസിഡന്റ് അനീഷ് ഓമക്കര അധ്യക്ഷനായിരുന്നു. സെനറ്റിൽവച്ച് ഡിസംബർ 27, 28 തീയതികളിലായി നടക്കാൻ പോകുന്ന രൂപതാ യുവജന കൺവെൻഷന്റെ ഒരുക്കങ്ങളെപ്പറ്റിയും നടത്തിപ്പിനെപ്പറ്റിയും സെനറ്റ് ചർച്ച ചെയ്തു. 5 ഗ്രൂപ്പുകളിലായി ചർച്ചകൾ നടന്നു. ഡിസംബർ 27-ന് പ്രതിനിധി സമ്മേളനവും 28-ന് യുവജനറാലിയും സാംസ്കാരിക സമ്മേളനവും നടത്തുവാൻ സെനറ്റ് തീരുമാനിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നായി ആനിമേറ്റർമാർ, ഭാരവാഹികൾ ഉൾപ്പെടെ 85 പേർ സെനറ്റിൽ പങ്കെടുത്തു. രൂപതാ സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ സെനറ്റ് സമ്മേളനത്തിന് നേതൃത്വം നൽകി.

### സെക്രട്ടറിയേറ്റ് / സിൻഡിക്കേറ്റ്

ഒക്ടോബർ 1 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സിൻഡിക്കേറ്റ് യോഗം ചേർന്നു. 1-17-09 ന് സെക്രട്ടറിയേറ്റ് ചേർന്നു.

### യൂണിറ്റ്/മേഖല തെരഞ്ഞെടുപ്പുകൾ

2010 പ്രവർത്തന വർഷത്തേക്കുള്ള യൂണിറ്റ്/ മേഖല ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുള്ള സമയം അടുത്തു. യൂണിറ്റ് തിരഞ്ഞെടുപ്പുകൾ നവംബർ 22/29 തീയതികൾക്ക് മുൻപായി പൂർത്തിയാക്കിയിരിക്കണം. മേഖലകളിൽ വാർഷികസെനറ്റ് ചേർന്ന് ഡിസംബർ 12-ന് മുമ്പായി തിരഞ്ഞെടുപ്പ് പൂർത്തിയാക്കുകയും മേഖലാ ഭാരവാഹികളുടെ ലിസ്റ്റ് 15 ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുകയും വേണം. മേഖലാ വാർഷികസെനറ്റ് ചേരുന്ന സ്ഥലവും തീയതിയും

സമയവും മുൻകൂട്ടി ഓഫീസിൽ അറിയിക്കേണ്ടതാണ്. തിരഞ്ഞെടുപ്പിന് മുൻപായി പള്ളിയിൽ വിളിച്ച് പറയുകയും എല്ലാ യുവജനങ്ങളുടെയും സാന്നിധ്യം ഉറപ്പുവരുത്തുകയും ചെയ്യുക.

## പ്രവർത്തക അവാർഡുകൾ

ഈ വർഷത്തെ മികച്ച യൂണിറ്റ്/മേഖലാ പ്രവർത്തകർക്കും യൂണിറ്റിനും മേഖലയ്ക്കുമുള്ള അവാർഡുകൾ നിശ്ചയിക്കുന്നതിനു സമയമായിരിക്കുന്നു. വ്യക്തവും കൃത്യവും സത്യസന്ധവുമായ പ്രവർത്തന റിപ്പോർട്ടുകൾ ഡിസംബർ 15-ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. അതാത് മേഖലകളിൽ നിന്നും യൂണിറ്റുകളിൽ നിന്നും എത്തിയിരിക്കുന്ന പ്രവർത്തന റിപ്പോർട്ടുകൾ അവാർഡ് നിർണ്ണയത്തിന് ഒരു പ്രധാന ഘടകമായിരിക്കും.

## ഉത്സവ് - സംസ്ഥാന പേൾ കലോത്സവം - ഡിസംബർ 12, 13, കൊല്ലം

രൂപതാ വിജയികളായവർക്ക് സംസ്ഥാന മത്സരം ഡിസംബർ 12, 13 തീയതികളിൽ കൊല്ലത്തുവച്ച് നടത്തുന്നു. രൂപതാതല വിജയികൾ മത്സരത്തിനായ് ഒരുങ്ങുമല്ലോ. ഡിസംബർ 5-ന് രാവിലെ 9.30 ന് മത്സരാർത്ഥികൾക്ക് ദ്വാരകയിൽ വച്ച് പരിശീലനം ഉണ്ടായിരിക്കും.

## കെ.സി.വൈ.എം. സംസ്ഥാന സമിതിക്ക് അഭിനന്ദനങ്ങൾ

കഴിഞ്ഞ ആഗസ്റ്റ് 19 മുതൽ സെപ്റ്റംബർ 21 വരെയുള്ള ദിവസങ്ങളിലെ സമരപോരാട്ടങ്ങളിലൂടെ ആയിരക്കണക്കിന് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്ന് ആവശ്യപ്പെട്ട് നടത്തിയ ഉപവാസസമരങ്ങളിലൂടെ - മുല്ലപ്പെരിയാർ ഡാം സർവ്വേക്ക് കേന്ദ്രാനുമതി ലഭിച്ചതിന്റെ അഭിനന്ദനങ്ങൾ സംസ്ഥാനസമിതിക്ക് സ്നേഹപൂർവ്വം ആശംസിക്കുന്നു. ഒപ്പം, അനുമതി നൽകിയ കേന്ദ്ര സർക്കാരിനും അഭിവാദ്യങ്ങൾ.

## രൂപതാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് സംഗമം - എറണാകുളത്ത്

സെപ്റ്റംബർ 22-ന് എറണാകുളം പി.ഒ.സി. യിൽ വച്ച് പ്രസ്ഥാനത്തിന്റെ രൂപതാ ഡയറക്ടർമാർ, ആനിമേറ്റർമാർ എന്നിവരുടെ യോഗം കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാൻ വെരി. റവ. ഡോ. വിൻസെന്റ് സാമുവൽ പിതാവിന്റെ അധ്യക്ഷതയിൽ ചേർന്നു. രൂപതയിൽ നിന്ന് ഡയറക്ടറച്ചനും ആനിമേറ്റർ സിസ്റ്ററും പങ്കെടുത്തു.

ഇന്നത്തെ രാഷ്ട്രീയ, സാമൂഹിക നീതി വ്യവസ്ഥകളോട് ഉത്തരവാദിത്വമുള്ള യുവാവ്-യുവതി എന്ന നിലയിൽ നമുക്ക് പൊരുത്തപ്പെടാനാകില്ല. അടുപ്പിൽ വെന്തുരുകുന്നവരെപ്പോലെ ഇനിയും എത്രനാൾ? പാടേ മാറ്റേണ്ടതുണ്ട്, അതിനായ് സ്വയം മാറേണ്ടതുണ്ട്. ചെറിയ പിറുപിറുക്കലുകൾക്ക് സ്വയം ശപിക്കലുകൾക്ക് ഇനി സ്ഥാനമില്ല. കൂട്ടായ്മയുടെ ശബ്ദം. അഭിമാനത്തോടെ വിളിച്ചു പറയുന്നവരായി മാറേണ്ടതുണ്ട്. ഡിസംബർ 27, 28 തീയതികളിലായി നടക്കുന്ന കൺവെൻഷനിലും 28-ാം തീയതി നടക്കുന്ന യുവജന റാലിയിലും രൂപതയിലെ എല്ലാ യുവജനങ്ങളും പ്രതിബദ്ധതയോടെ പങ്കെടുക്കുവാൻ അഭ്യർത്ഥിക്കുന്നു.

## കെ.സി.വൈ.എം. പ്രശാന്തഗിരി യൂണിറ്റ്

1) മാനന്തവാടി മേഖലാ പ്രസിഡന്റിന്റെ നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനം നടത്തി. 2) ഓണാഘോഷത്തിന്റെ ഭാഗമായി യൂണിറ്റ് അംഗങ്ങൾക്കായി പ്രസിഡന്റ് ശ്രീ. ബിനു പൊട്ടക്കലിന്റെ നേതൃത്വത്തിൽ സൗഹൃദമത്സരങ്ങൾ നടത്തി. 3) 5-9-09 ന് മദർതെരേസദിനം ആചരിക്കുകയും സിന്റിക്കേറ്റ് അംഗങ്ങൾ അക്രൈസ്തവ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു. 4) പോരൂർ എസ്.എച്ച്. കോൺവെന്റിന്റെ കീഴിലുള്ള വൃദ്ധസദനം സന്ദർശിച്ചു. 5) ഗവ. ഹോസ്പിറ്റൽ സന്ദർശനം നടത്തി. 6) മേഖലാകലാമത്സര വിജയികളെ അനുമോദിച്ചു.

സ്നേഹാദരങ്ങളോടെ,

**സജിൻ ജോസ് ചാലിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സെപ്റ്റംബർ 27 മുതൽ 30 വരെ നടന്ന കോഴ്സിൽ 89 ഉം, ഒക്ടോബർ 10 മുതൽ 13 വരെ നടന്ന കോഴ്സിൽ 70 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും, കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| നവംബർ 14 – 17 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| നവംബർ 21 – 25 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഡിസംബർ 12 – 15 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഡിസംബർ 17 – 21 | – | മണിമൂളി പാസ്റ്ററൽ സെന്റർ |
| ഡിസംബർ 28 – 31 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

ഡിസംബർ 17 – 21 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് വിവാഹത്തിനൊരുക്കമായുള്ള കോഴ്സ് നടത്തപ്പെടുന്നു. ഈ കോഴ്സിലേക്ക് മണിമൂളി നിലമ്പൂർ ഫൊറോനകളിലെയും ഗൂഡല്ലൂർ റീജനിലെയും യുവതീയുവാക്കളെ പറഞ്ഞയക്കുവാൻ ബഹുമാനപ്പെട്ട വൈദീകർ ശ്രദ്ധിക്കുമല്ലോ.

**ആദരാഞ്ജലികൾ**

സി. ടോംസിയുടെ ആകസ്മികമായ വേർപാടിൽ Family Apostolate, C.M.A, അനുശോചനം രേഖപ്പെടുത്തുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. കഴിഞ്ഞ 6 വർഷമായി മാതൃകാപരമായ പെരുമാറ്റം, ഉത്തരവാദിത്വങ്ങൾ കൃത്യമായും, ഭംഗിയായും ചെയ്യാനുള്ള ശ്രദ്ധ, താൽപര്യം എന്നിവകൊണ്ട് സി.ടോംസി എല്ലാ

വർക്കും പ്രിയങ്കരിയായിരുന്നു. സി. ടോംസിയുടെ ആത്മശാന്തിക്കായി രൂപതാകുടുംബം മുഴുവൻ പ്രാർത്ഥിക്കുന്നു.

### മാതൃസംഘടന രൂപതാ എക്സിക്യൂട്ടീവ്

2009 ഒക്ടോബർ 13 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിൽ അച്ചന്റെ അദ്ധ്യക്ഷത യിൽ ചേർന്ന മീറ്റിംഗിൽ ഡിസംബറിൽ നടക്കുന്ന ജനറൽബോഡിയോഗ ത്തെക്കുറിച്ച് തീരുമാനിച്ചു. തുടർന്ന് എല്ലാവരുംകൂടി കല്ലോടിക്ക് പോകു കയും റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ, റവ. ഫാ. മാത്യു മാടപ്പള്ളി ക്കുന്നേൽ, റവ. ഫാ. ജോഷി പെരിയപ്പുറം ഇവരുടെ നേതൃത്വത്തിൽ വി. കുർബാന അർപ്പിച്ച് സി. ടോംസിയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

അടുത്ത രൂപതാ എക്സിക്യൂട്ടീവ് നവംബർ 03 ന് 10 മണിക്ക്. മേഖല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് മീറ്റിംഗ് നവംബർ 25 ന് 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ.

### അടയ്ക്കാതോട് ശാഖ

അടയ്ക്കാതോട് ശാഖയിൽ പുതുതായി രൂപീകരിച്ച മാതൃസം ഘടന അംഗങ്ങൾക്ക് എല്ലാ പ്രവർത്തന വിജയങ്ങളും ആശംസകളും നേരുന്നു.

**ഭാരവാഹികൾ**

| | | |
|---|---|---|
| ആനിമേറ്റർ | - | സി. ലൂസി OSA |
| പ്രസിഡന്റ് | - | സിസിലി കാവിത്താഴെ |
| സെക്രട്ടറി | - | ഏലമ്മ വയലിൽ |
| വൈ. പ്രസിഡന്റ് | - | സെലിൻ പുഞ്ചക്കുന്നേൽ |
| ജോ. സെക്രട്ടറി | - | ലീന കൈതപ്പറമ്പിൽ |
| ട്രഷറർ | - | മേരി കൈനിക്കര |
| കൗൺസിലേഴ്സ് | - | ലിസി ഈരയിൽ,<br>എത്സി മുക്കാട്ടുകാവുങ്കൽ |

### മണിമൂളി മേഖല

ഓഗസ്റ്റ് 21 ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് മണിമൂളി മേഖല മാതൃസംഘം വൈദിക വർഷത്തോടനുബന്ധിച്ച് ഏകദിന സെമി നാർ നടത്തി. സെന്റർ ഡയറക്ടർ ബഹു. തോമസ് പെരുമാട്ടിക്കുന്നേൽ അച്ചൻ സെമിനാർ ഉദ്ഘാടനം ചെയ്തു. മാതൃസംഘം രൂപതാ ഡയറ ക്ടർ ബഹു. ഡെന്നീസ് കഴുതാടി അച്ചൻ 'വൈദികവർഷവും അമ്മ മാരും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. ഉച്ചകഴിഞ്ഞ്

വൈദികർക്കുവേണ്ടി പ്രത്യേക ആരാധനയും വി. കുർബാനയും നടത്തി. മേഖലാ ഡയറക്ടർ ബഹു. ജോർജ് പൈനുങ്കൽ അച്ചൻ നേതൃത്വം നൽകി. 165 ഓളം അമ്മമാർ പങ്കെടുത്തു. ജനറൽ ബോഡി മീറ്റിംഗിൽ മാതൃസംഘം പ്രസിഡന്റ് മേഴ്സി ചിറയിൽ നേതൃത്വം വഹിച്ചു. ആനിമേറ്റർ സി. പുഷ്പ FCC നന്ദി പറഞ്ഞു.

## ഏലപ്പീടിക ശാഖ

